# ഗിരിദീപം

വാല്യം 03 ലക്കം 05 വില 10 രൂപ



മെയ് 2020

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

| വാല്യം 03 | മെയ് 2020 | ലക്കം 05 |
|---|---|---|

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephpatharadio.com
0490 - 2342440

# ഉള്ളടക്കം


1. Prot No. 111/ 2020 ..... 05
2. Prot No. 108/ 2020 ..... 09
3. മെയ്ദിന സന്ദേശം ..... 11
4. ദൈവവിളി സന്ദേശം ..... 18
5. കച്ചേരിക്കാര്യം ..... 28
6. ഫാ. ജോസഫ് കൂറ്റാരപ്പള്ളി – അനുസ്മരണം ..... 30
7. ഫാ. മാത്യു മുള്ളൻമട – അനുസ്മരണം ..... 30
8. വിശ്വാസപരിശീലനം ..... 35
9. കുടുംബക്കൂട്ടായ്മ ..... 40
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ..... 44
11. ചെറുപുഷ്പ മിഷൻ ലീഗ് ..... 45
12. തിരുബാലസഖ്യം ..... 51
13. യുവജനശുശ്രൂഷ ..... 54
14. കുടുംബപ്രേഷിതത്വം ..... 56
15. എ.കെ.സി.സി. വാർത്തകൾ ..... 59
16. വിമൽജ്യോതി വാർത്തകൾ ..... 60
17. പ്രതീക്ഷ ..... 64
18. ഇൻഫാം ..... 66
19. എ.ഡി.എസ്.യു ..... 68
20. സാമൂഹ്യസേവനവേദി ..... 69
21. ADAM ..... 73
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..... 74
23. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ..... 76
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ..... 77

Prot. No. 111/20; Circular. No. 5/2020

മിശിഹായിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

കോവിഡ് 19 നെതിരേയുള്ള പോരാട്ടത്തിൽ ലോകമൊന്നാകെ ഏർപ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ നമുക്ക് ലോകത്തെ മുഴുവനും ദൈവത്തിന്റെ അനന്തപരിപാലനയ്ക്കു സമർപ്പിക്കാം. മാനുഷിക ശക്തികൾ നിസ്സഹായമാകുന്ന ഈ പോരാട്ടത്തിൽ ദൈവപരിപാലന മാത്രമാണ് മനുഷ്യന്റെ ആശ്രയം എന്നു തിരിച്ചറിയാം. കോവിഡിനെതിരേയുള്ള പോരാട്ടത്തിലെ മുന്നണി പടയാളികളായ ആരോഗ്യപ്രവർത്തകരെയും രണകർത്താക്കളെയും നമുക്ക് നന്ദിയോടെ ഓർമ്മിക്കാം.

അനിശ്ചിതമായി നീളുന്ന ലോക് ഡൗണിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നവീനങ്ങളായ അജപാലന ശൈലികൾ രൂപപ്പെടുത്തിയെടുക്കാൻ നമുക്കു കഴിയണം, അതിനായി ഒരു പഞ്ചതല കർമ്മപദ്ധതി ഞാൻ നിങ്ങൾക്കു നിർദ്ദേശിക്കുകയാണ്. ആദ്യപടി എന്ന നിലയിൽ എല്ലാ അജപാലകരും തങ്ങളുടെ ഇടവകയിലെ എല്ലാ കുടുംബങ്ങളുമായി ഫോൺ വഴി സൗഹൃദം പങ്കുവയ്ക്കണം. കുടുംബത്തിലെ എല്ലാ അംഗങ്ങളോടും അജപാലകർ വ്യക്തിപരമായി സംസാരിക്കുകയും കുടംബാംഗങ്ങൾക്കായി ഒരു പൗരോഹിത്യ ആശീർവാദം നൽകി പ്രാർത്ഥിക്കുകയും ചെയ്യണം. അന്യസംസ്ഥാനങ്ങളിലും വിദേശങ്ങളിലുമായിരിക്കുന്ന ഇടവകാംഗങ്ങളെ വ്യക്തിപരമായി ഫോണിൽ വിളിച്ച് സുഖവിവരങ്ങൾ അന്വേഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. ബന്ധങ്ങളുടെ ഹൃദ്യത സൂക്ഷിക്കുന്നതാണ് അജപാലനത്തിന്റെ ആദ്യപാഠം.

രണ്ടാമതായി, ഇടവകാംഗങ്ങളുമായുള്ള സംഭാഷണത്തിലൂടെ അവരുടെ ആവശ്യങ്ങളും സങ്കടങ്ങളും മനസ്സിലാക്കി അവരെ സഹായിക്കാനുള്ള സംവിധാനങ്ങൾ ക്രമീകരിക്കണം. ഭക്ഷണത്തിനും മരുന്നിനും വകയില്ലാത്തവരെ സഹായിക്കാനുള്ള ക്രമീകരണങ്ങൾ ഇടവകാതലത്തിൽ രൂപപ്പെടുത്തണം. സർക്കാർ സംവിധാനങ്ങളിലൂടെ പരിഹരിക്കാൻ സാധിക്കുന്ന കാര്യങ്ങൾ ബന്ധപ്പെട്ടവരെ അറിയിച്ചും അല്ലാത്തവ ഇടവകാതലത്തിലും പരിഹരിക്കണം. ഇതിനായി അതിരൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹായവും നിങ്ങൾക്കു തേടാവുന്നതാണ്. കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് ഉല്പന്നങ്ങളും പാഴായിപ്പോകാതെ ആവശ്യക്കാരെ കണ്ടെത്താൻ ഇട

വക ഫൊറോന തലങ്ങളിൽ ശ്രമിക്കണം. കൃഷിവകുപ്പിന്റെയും ഹോട്ടികൾച്ചർ വിഭാഗത്തിന്റെയും സേവനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തണം. ഭക്ഷണവും മരുന്നുമില്ലാതെ ഒരു കുടുംബംപോലും ജാതി മതഭേദമെന്യേ കഷ്ടതയനുഭവിക്കുന്നില്ല എന്ന് നാം ഉറപ്പുവരുത്തണം.

മൂന്നാമതായി, ആധ്യാത്മിക ശുശ്രൂഷകൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിലും പള്ളികളിലെ എല്ലാ ആത്മീയ ശുശ്രൂഷകളും കൂടുതൽ തീക്ഷ്ണതയോടെ അനുവദനീയമായ അംഗങ്ങളുടെ സാന്നിധ്യത്തിൽ വൈദികർ അനുഷ്ഠിക്കണം. ജപമാലയിലും കരുണക്കൊന്തയിലും ആരാധനയിലും ഓരോ ഇടവകാംഗത്തെയും ഓർത്ത് പൗരോഹിത്യത്തിന്റെ മധ്യസ്ഥശുശ്രൂഷ ചെയ്യണം. ആളുകൾ ഭവനങ്ങളിലായിരിക്കുന്ന ഈ സന്ദർഭങ്ങളിൽ ബൈബിൾ, സഭാചരിത്രം, ആരാധനാക്രമം (കുർബ്ബാന പുസ്തകം) തുടങ്ങിയവ പഠിക്കാൻ പ്രേരിപ്പിക്കുന്നതരത്തിലുള്ള പഠനക്വിസുകളും മത്സരങ്ങളും ഇടവകാടിസ്ഥാനത്തിൽ നടത്താൻ ശ്രദ്ധിക്കണം. ഇപ്രകാരം നടത്തുന്ന ഇടവകകളെ അഭിനന്ദിക്കുകയും അവരുടെ പ്രവർത്തനങ്ങളെ മറ്റുള്ളവർ മാതൃകയാക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അതിരൂപതയിലെ മതബോധന വിഭാഗവും മിഷൻലീഗും നടത്തിയ ഓൺലൈൻ പഠനപരിപാടികൾ ജനപങ്കാളിത്തംകൊണ്ട് ഏറെ ശ്രദ്ധേയമായിരുന്നു. ഇത്തരം മത്സരങ്ങൾ ഓൺ ലൈനായി നടത്താൻ സാങ്കേതിക പരിജ്ഞാനമുള്ളവരുടെ സഹായം ഇടവകയിൽനിന്നും കണ്ടെത്താമല്ലോ. പാരീഷ് കൗൺസിൽ യോഗങ്ങൾ, കൈക്കാരന്മാരുടെ മീറ്റിംഗ്, സൺഡേ സ്കൂൾ സ്റ്റാഫ് മീറ്റിംഗ്, വൈദികരുടെ മാസകൂട്ടായ്മ തുടങ്ങിയവ ഓൺലൈനായി ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ക്രമീകരിക്കണം. അലസതയിലൂടെ സ്വയം അപ്രസക്തരായിത്തീരാൻ നാം ഇടവരുത്തരുത്. ഈ ലോക്ഡൗൺ നാളുകളിൽ ഓൺലൈനായി ലഭിക്കുന്ന വി. കുർബ്ബാനയിൽ പങ്കെടുത്ത് ആത്മീയമായി വി. കുർബ്ബാന സ്വീകരിച്ച് ഞായറാഴ്ച്ച ധർമ്മം അനുഷ്ഠിക്കേണ്ടതിന്റെ ആവശ്യകത ദൈവജനത്തെ ഓർമ്മപ്പെടുത്തണം.

നാലാമതായി, ബഹു ഭൂരിപക്ഷവും കർഷകരായ നമ്മുടെ അതിരൂപതയിൽ ഈ വർഷം കർഷകവർഷമായി നാം ആചരിക്കുകയാണല്ലോ. മെയ്-ജൂൺ മാസങ്ങൾ കർഷകരെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട മാസങ്ങളാണ്. കൃഷിയിറക്കാനുള്ള ഈ സമയത്ത് അയൽപക്കങ്ങൾ പരസ്പരം സഹായിക്കണം. വിത്തുകളും നടീൽവസ്തുക്കളും എല്ലാവർക്കും ലഭ്യമാക്കാൻ ഇടവകാതലത്തിൽ ക്രമീകരണങ്ങൾ

ചെയ്യണം. ഇടവകാതലത്തിൽ ശേഖരിക്കുന്നവകൂടാതെ കൃഷിവകുപ്പിന്റെ ജീവനിപദ്ധതി വഴിയുള്ള വിത്തുകളും ലഭ്യമാണ്. ഈ വർഷം ദിവസം ഒരു നേരത്തെ ഭക്ഷണമെങ്കിലും സ്വന്തം പറമ്പിൽ ഉല്പാദിപ്പിക്കുമെന്ന ലക്ഷ്യം മുൻനിർത്തി എല്ലാവരും പ്രവർത്തിക്കണം. കോഴി, ആട്, മുയൽ, മീൻ എന്നിവയുടെ കൃഷിയും സാധ്യമായ രീതിയിൽ പ്രോത്സാഹിപ്പിക്കണം. വീടുകളിൽ ചെയ്യാവുന്ന മൈക്രോ ഗ്രീൻ കൃഷിരീതിയുടെ വിശദാംശങ്ങൾ നമ്മുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റി വീഡിയോ ക്ലാസ്സായി പ്രസദ്ധീകരിച്ചിട്ടുണ്ട്. ഇത് പ്രയോജനപ്പെടുത്തി എല്ലാ വീടുകളിലും മൈക്രോഗ്രീൻ കൃഷിരീതി നടപ്പിലാക്കുകയും ഏറ്റവും നല്ല മൈക്രോഗ്രീൻ തോട്ടങ്ങൾക്ക് ഇടവകാതലത്തിൽ സമ്മാനം നൽകുകയും ചെയ്യണം.

അഞ്ചാമതായി, നമ്മുടെ പ്രവാസികളെക്കുറിച്ച് നമുക്ക് കരുതൽ വേണം. അവരെ സർക്കാർ തിരിച്ചെത്തിക്കുന്ന സാഹചര്യത്തിൽ അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ നമുക്ക് കഴിയണം. പല ഇടവകകളും ക്രമീകരിച്ച സൗകര്യങ്ങൾ ബഹു. മുഖ്യമന്ത്രിയെ നാം അറിയിച്ചിട്ടുണ്ട്. അതിനുള്ള നന്ദി സർക്കാരിന്റെ ഭാഗത്തുനിന്നറിയിച്ചത് നിങ്ങളുമായി സന്തോഷത്തോടെ പങ്കുവയ്ക്കുന്നു. തിരിച്ചുവരുന്ന പ്രവാസികളുടെ ക്വാറന്റൈൻ സംവിധാനങ്ങൾ, അവരുടെ കുട്ടികളുടെ സ്കൂൾ പ്രവേശനം - പഠനം തുടങ്ങിയവയിൽ നമ്മുടെ സംയുക്തസഹായം ആവശ്യമാണ്. കേരളത്തിന്റെ സമഗ്രവളർച്ചയ്ക്ക് പ്രവാസികൾ നൽകിയ വലിയ സംഭാവനകൾക്ക് പ്രതിനന്ദി കാണിക്കാനുള്ള അവസരമാണ് ഇതെന്നുകരുതി ഉണർന്നു പ്രവർത്തിക്കണം.

ആറാമതായി, ലോക്ഡൗൺ കാലത്ത് ഇടവകയിലെ കണക്കുകൾ പൂർത്തീകരിക്കുന്നതിനും ആത്മസ്ഥിതിപുസ്തകവും മറ്റ് രജിസ്റ്ററുകളും ക്രമപ്പെടുത്തുന്നതിനുമുള്ള അവസരമായും ഉപയോഗപ്പെടുത്തണം. 2019-2020 വർഷത്തെ കണക്കുകൾ തയ്യാറാക്കി ഉടൻ തന്നെ ഓഡിറ്റിങ്ങിന് നല്കുകയും അതിരൂപതാ അക്കൗണ്ട് സോഫ്റ്റ് വെയറിൽ സമർപ്പിക്കുകയും ചെയ്യണം. വാർഷിക കണക്കുകൾ ലോക്ഡൗണിനുശേഷം പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടാം.

മുകളിൽ പറഞ്ഞ അജപാലന പദ്ധതി ഓരോ ഇടവകയിലും എപ്രകാരം നടപ്പിലാക്കാൻ കഴിയുന്നു എന്നു വിലയിരുത്താനും നിങ്ങളെ നേരിൽ കാണുന്നതിനുമായി അടുത്തയാഴ്ചമുതൽ വൈദീകരു

ടെ ഫൊറോനതലകൂട്ടായ്മ വീഡിയോ കോൺഫ്രൻസായി ക്രമീകരിക്കുന്നതാണ്. ഓരോ വികാരിയച്ചനും തങ്ങളുടെ ഇടവകയിലെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുക്കണം.

അതിരൂപതാതലത്തിൽ മെയ് മാസത്തിൽ നടത്താനിരുന്ന എല്ലാ പരിപാടികളും മാറ്റിവയ്ക്കുകയാണ്. വൈദികരുടെ സ്ഥലംമാറ്റം, വേദപാഠം തുടങ്ങിയ കാര്യങ്ങളിലെ നിർദ്ദേശങ്ങൾ ലോക്ഡൗൺ തീരുന്നതിനനുസൃതമായി അറിയിക്കുന്നതാണ്. മെയ് മാസം പരി. അമ്മയുടെ വണക്കമാസമായി ആചരിക്കുന്ന പതിവ് തുടരണം. ഇതിനു സഹായകമായി, അതിരൂപതാ ഇന്റർനെറ്റ് മിഷനും ബൈബിൾ അപ്പസ്റ്റോലേറ്റും ചേർന്ന് നാലുമിനിട്ട് മാത്രം ദൈർഘ്യമുള്ള ഒരു ലഘു വീഡിയോ പ്രോഗ്രാം മെയ് 1 മുതൽ 31 വരെ സംപ്രേക്ഷണം ചെയ്യുന്നത് എല്ലാ ഭവനങ്ങളിലും എത്തിക്കുമല്ലോ. മെയ് മാസത്തിൽ ജപമാലയ്ക്കുശേഷം ഭവനങ്ങളിൽ ചൊല്ലാൻ മാർപാപ്പാ തയ്യാറാക്കിയ പ്രാർത്ഥന ഇതോടൊപ്പം അയയ്ക്കുന്നു. എല്ലാ ഭവനങ്ങളിലും ഈ പ്രാർത്ഥന ജപമാലയോടൊത്തു ചൊല്ലാൻ ശ്രദ്ധിക്കണം. മെയ് 3-ാം തീയതി കെ. സി. ബി. സി. നടത്തുന്ന സർവ്വമത പ്രാർത്ഥനയിലും നമുക്ക് ഹൃദയപൂർവ്വം പങ്കുചേർന്ന് ഈ മഹാമാരിയിൽനിന്ന് രക്ഷിക്കാൻ ദൈവകരുണയ്ക്കായി പ്രാർത്ഥിക്കാം. അതിരൂപതാ ധ്യാനകേന്ദ്രമായ മദർഹോമിൽനിന്ന് എല്ലാദിവസവും വൈകുന്നേരം 7 മുതൽ 7.30 വരെ സംപ്രേക്ഷണം ചെയ്യുന്ന ദിവ്യകാരുണ്യ ആരാധനയിൽ സാധിക്കുന്നവരെല്ലാം പങ്കുചേരുമല്ലോ.

നിങ്ങളെയും എല്ലാ കുടുംബങ്ങളെയും ദൈവപരിപാലനയ്ക്കായി സമർപ്പിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെയും സംരക്ഷണയ്ക്ക് എല്ലാവരെയും ഭരമേല്പിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജോർജ്ജ് ഞറളക്കാട്ട്**

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പൊലീത്ത

---

ഈ സർക്കുലർ വാട്സ് ആപ്പോ സമാനമായ മാധ്യമങ്ങളോ വഴി എല്ലാ കുടുംബങ്ങളിലും എത്തിക്കണമെന്ന് താത്പര്യപ്പെടുന്നു.

Prot. No. 108/20, 17/04/2020

ബഹുമാനപ്പെട്ട അച്ചന്മാരെ,

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ലോക്ഡൗൺ മെയ് 3 വരെ നീട്ടിയതു മൂലം എല്ലാവരും പലവിധ പ്രതിസന്ധിയിലൂടെ കടന്നുപോയി ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബുദ്ധി മുട്ടനുഭവിക്കുന്ന നമ്മുടെ ആളുകളോട് പ്രത്യേകം കരുതൽ ഉണ്ടാവണമെന്ന് ഓർമ്മിപ്പിക്കുന്നു. സാധിക്കുന്ന അച്ചന്മാർ ഇടവകക്കാരെ ഫോൺ വിളിച്ചോ വാട്ട്സ്അപ്പ് വഴിയോ ക്ഷേമം അന്വേഷിക്കുന്നത് ഉചിതമാണ്. ഈ സാഹചര്യത്തിൽ ഏതാനും ചില അജപാലന പ്രായോഗിക നിർദ്ദേശങ്ങൾ നൽകാൻ ആഗ്രഹിക്കുന്നു.

1. വിവാഹം, മനസമ്മതം, മാമ്മോദീസ, മൃതസംസ്കാരം തുടങ്ങിയ തിരുക്കർമ്മങ്ങൾ നടത്താൻ ആരെങ്കിലും ഈ ദിവസങ്ങളിൽ ആവശ്യ പ്പെട്ടാൽ ബന്ധപ്പെട്ട കക്ഷികളോടു തന്നെ സ്ഥലത്തെ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് എത്രയാളുകൾക്ക് പങ്കെടുക്കാം എന്നതിനെ സംബന്ധിച്ച് അനുവാദം വാങ്ങുകയും വികാരിയച്ചനെ രേഖാമൂലം ബോധ്യപ്പെടുത്താനും അറിയിക്കണം. ഓരോ സ്ഥലത്തെയും പോലീസ് നിർദ്ദേശപ്രകാരം മാത്രം എല്ലാ തിരുക്കർമ്മങ്ങളും നടത്തണം.

2. പുലയടിയന്തരം, മരണവാർഷികം, വീടുവെഞ്ചരിപ്പ് തുടങ്ങിയവ ലോക്ഡൗൺ നിയന്ത്രണങ്ങൾ പൂർണ്ണമായി നീക്കുന്നതുവരെ മാറ്റി വെക്കുക.

3. ഈ ദിവസങ്ങളിൽ വിവാഹം നടത്തുവാൻ ആഗ്രഹിക്കുന്നവർ വിവാഹ ഒരുക്ക സെമിനാർ കൂടിയിട്ടില്ലെങ്കിൽ വിവാഹശേഷം ഏറ്റവുമടുത്ത കോഴ്സിൽ പങ്കെടുക്കുമെന്ന് ഉറപ്പു രേഖാമൂലം വാങ്ങിയ ശേഷം വികാരിയച്ചന് വിവാഹം നടത്തികൊടുക്കാം. മെയ്മാസത്തിൽ വിവാഹം നടത്താൻ ആഗ്രഹിക്കുന്നവർക്കായി വിവാഹ ഒരുക്ക സെമി നാർ ഓൺലൈനായി നടത്തുവാൻ ക്രമീകരണം ചെയ്യുന്നുണ്ട്. വിശദ വിവരങ്ങൾ ഫാമിലി അപ്പസ്റ്റോലേറ്റ് ഡയറക്ടറച്ചൻ വികാരിയച്ചന്മാരെ അറിയിക്കുന്നതാണ്.

4. വിവാഹപരസ്യം നോട്ടീസ് ബോർഡിൽ പതിപ്പിച്ച് നടത്തിയാൽ മതിയാകുന്നതാണ്. ഇടവക വാട്സ് ആപ് ഗ്രൂപ്പിൽ ബന്ധപ്പെട്ട കക്ഷി കളുടെ സമ്മതമുണ്ടെങ്കിൽ പരസ്യപ്പെടുത്താം.

5. രൂപതാകച്ചേരിയിൽ നിന്ന് അനുവാദം ആവശ്യമുള്ള കാര്യങ്ങൾ ഉണ്ടെങ്കിൽ (ഉദാ. മനസ്സമ്മതം ഒഴിവാക്കണം, ഡിപ്ലോമ ഇല്ല, തുടങ്ങിയവ) ഇടവകയിൽ നിന്ന് അരമനപത്രം ലഭ്യമാക്കാമെങ്കിൽ അതിൽ അല്ലെങ്കിൽ വെള്ളക്കടലാസിൽ അപേക്ഷ എഴുതി വികാരിയച്ചൻ ശുപാർശ ചെയ്ത് കൂരിയായുടെ ഇ മെയിലിലലേക്ക് (curiaadtly@gmail.com) അയയ്ക്കുക. മറുപടി ഇമെയിൽ വഴി നല്കുന്നതാണ്. അത് പ്രിന്റെടുത്ത് ഇടവക ഫയലിൽ സൂക്ഷിക്കണം.

6. ഇടവകയിലെ 2019-20 വർഷത്തെ വാർഷിക കണക്കുകളെല്ലാം പൂർത്തികരിക്കാൻ ഈ ദിവസങ്ങൾ വിനിയോഗിക്കണം. പൊതുയോഗം എന്ന് നടത്തുവാൻ സാധിക്കുമെന്നറിയാത്തതുകൊണ്ട് ഈ ദിവസങ്ങളിൽ കണക്കന്മാരെ/സെക്രട്ടറിമാരെ വിളിച്ചു വരുത്തി കണക്കുകൾ പൂർത്തിയാക്കുമല്ലോ.

കൊറോണവൈറസ് എന്ന മഹാമാരി ശമിക്കുന്നതിനു വേണ്ടിയും ഈ രോഗം മൂലം ലോകമെമ്പാടും കഷ്ടപ്പെടുന്ന ആളുകൾക്കു വേണ്ടിയും അവരെ നാനാവിധത്തിൽ സഹായിക്കുന്നവർക്കു വേണ്ടിയുമുള്ള നമ്മുടെ പ്രാർത്ഥന തുടരാം. ദൈവം എല്ലാവരോടും കരുണ കാണിക്കട്ടെ.

സ്നേഹപൂർവ്വം,

നിങ്ങളുടെ വത്സല പിതാവ്,

**മാർ ജോർജ്ജ് ഞറളക്കാട്ട്**

തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

Ref:3282K-5/KCBC/OL/DS 06.04.2020

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ**

**പുറപ്പെടുവിക്കുന്ന**

# മെയ്ദിന സന്ദേശം 2020

**തൊഴിലിന്റെ ഭാവി, തൊഴിലാളികളുടെ ഭാവി**

"മനുഷ്യർ വീണ്ടും നന്മ തിരഞ്ഞെടുത്ത് ഉയരാൻ കഴിവുള്ളവരായി"

(*ലൗദാത്തോ സി,* **നമ്പർ 205**)

മിശിഹായിൽ പ്രിയമുള്ളവരേ,

1. ഈ വരുന്ന മെയ് ഒന്നിന് നാം ഒരിക്കൽ കൂടി തൊഴിലാളി ദിനം ആചരിക്കുകയാണ്. ഈ അവസരത്തിൽ മുഴുവൻ തൊഴിലാളികൾക്കും നമ്മുടെ നാഥനായ ഈശോമിശിഹായുടെ അനുഗ്രഹവും തൊഴിലാളി മധ്യസ്ഥനായ വിശുദ്ധയൗസേപ്പിതാവിന്റെ സംരക്ഷണവു മുണ്ടാകട്ടെ യെന്ന് പ്രാർത്ഥിക്കുന്നു.

2. കൊറോണ, കോവിഡ് 19 മഹാമാരിയുടെ ആഘാതത്തിൽ ലോകം മുഴുവൻ കഠിനമായ പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ജനങ്ങൾ അത്രയധികം പരിഭ്രാന്തരാണ്. ഈ അവസരത്തിൽ ഭരണാധി കാരികളും ആരോഗ്യപ്രവർത്തകരും നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യതയോടെ പാലിച്ച് ജാഗ്രതാപൂർവ്വം ഈ മഹാമാരിയെ നമുക്കൊ ത്തൊരുമിച്ച് അതിജീവിക്കാം. ദൈവത്തിന്റെ കാരുണ്യത്തിനായി നമുക്ക് വിനീതരായി പ്രാർഥിക്കുകയും ചെയ്യാം. തൊഴിലാളികൾ ഉൾപ്പടെ യുള്ള പലരും ഈ മഹാമാരിക്കെതിരേയുള്ള സന്നദ്ധപ്രവർത്തന ത്തിനു മുന്നിട്ടിറങ്ങുന്നതിൽ സന്തോഷമുണ്ട്. അവരെ എല്ലാവരെയും അഭിനന്ദിക്കുന്നു. കൂടുതൽ സന്നദ്ധപ്രവർത്തകർ സർക്കാർ നേതൃത്വം നല്കുന്ന കോവിഡ് 19 നെതിരേയുള്ള പ്രവർത്തനങ്ങളെ ശക്തിപ്പെടു ത്താൻ മുന്നോട്ടു വരണം. അഗതികൾ, അയൽസംസ്ഥാന തൊഴിലാളി കൾ തുടങ്ങിയ ആർക്കും ഭക്ഷണം ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകാതെ സന്നദ്ധപ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കണം. തൊഴിലാ ളികൾ ഉൾപ്പടെയുള്ള അടിസ്ഥാന ജനവിഭാഗങ്ങളുടെ അതിജീവന ത്തിനായി ഈ അടിയന്തിര ഘട്ടത്തിൽ കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുകയും സർക്കാരുകളുടെ എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള പിന്തുണ അറിയിക്കുകയും ചെയ്യുന്നു.

ആരോഗ്യ-സന്നദ്ധ പ്രവർത്തകരെയെല്ലാവരെയും സവിശേഷമായ രീതിയിൽ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

3. ചിന്താശേഷി, സർഗശേഷി, കായികശേഷി എന്നിവയുടെ പ്രയോജനപ്പെടുത്തലാണ് തൊഴിൽ മേഖലയിൽ മനുഷ്യൻ നടത്തുന്നത്. അതിലൂടെ തനിക്കും സമൂഹത്തിനും പുരോഗതിക്കവസരം സൃഷ്ടിക്കുന്നു. അതുകൊണ്ടാണ് തൊഴിലിന്റെ ഭാവിക്കും (Future of Work) പരിസ്ഥിതിക്കും പുതിയൊരുദർശനം നല്കിയ, "അങ്ങേയ്ക്കു സ്തുതി" (Laudato Si) എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നത്: "ജോലി ചെയ്യാനുള്ള വിളിയോടെയാണ് നാം സൃഷ്ടിക്കപ്പെട്ടത്. സാങ്കേതിക വിദ്യയുടെ പുരോഗതി മാനുഷിക തൊഴിലിന് വർധമാനമായ തോതിൽ പകരമാവണം എന്നതായിരിക്കരുത് ലക്ഷ്യം. തൊഴിലിലൂടെ മഹത്ത്വപൂർണമായ ഒരു ജീവിതമുണ്ടാകാൻ അവരെ അനുവദിക്കുക എന്നതായിരിക്കണം കൂടുതൽ വിശാലമായ ലക്ഷ്യം" (ലൗദാത്തോ സി നമ്പർ 128).

4. ഉള്ളവനും ഇല്ലാത്തവനുമെന്ന വേർതിരിവില്ലാതെ ജീവിച്ചിരുന്ന സമൂഹം പുരോഗതിയുടെ പാതയിൽ മുന്നേറാൻ തുടങ്ങിയതോടെ സ്വത്ത് സമ്പാദനത്തിനുള്ള ഉപാധിയായി തൊഴിൽ പരിവർത്തനം ചെയ്യപ്പെട്ടു. യന്ത്രങ്ങളുടെ വരവോടെ കൂടുതൽ ഉല്പാദനവും കൂടുതൽ ലാഭവുമെന്ന ചിന്ത കടന്നുവന്നതോടെ തൊഴിലാളി ലാഭം നേടിക്കൊടുക്കുന്ന വസ്തുവോ ഉപകരണമോ ആയി തരംതാഴ്ത്തപ്പെട്ടു. മനുഷ്യനെന്ന പരിഗണനപോലും നഷ്ടമായ തൊഴിലാളികളുടെ പ്രതിഷേധ ത്തിന്റെയും പ്രതികരണത്തിന്റെയും ഓർമ്മകളാണ് മെയ്ദിനം നമുക്ക് മുൻപിൽ വയ്ക്കുന്നത്.

അൻപത് കോടിയിൽ പരം പേരാണ് ഇന്ത്യയിൽ തൊഴിൽ മേഖലയിൽ ഉള്ളവർ. ഇവരിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ഇല്ലാത്ത തൊഴിലാളികൾ ആണ് അസംഘടിത തൊഴിലാളികൾ. അഞ്ച് ഏക്കർ ഭൂമി വരെയുള്ള ചെറുകിട കർഷകർ, ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള ചെറുകിട സംരംഭകർ എന്നീ വിഭാഗങ്ങളെയും അസംഘടിത തൊഴിലാളികളെന്ന വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ അടിസ്ഥാന ജനവിഭാഗങ്ങളാണ് അസംഘടിത തൊഴിലാളികൾ. ഇൻഷുറൻസ്, പ്രസവാവധി, ഗ്രാറ്റ്യുവിറ്റി, തൊഴിൽ സുരക്ഷ, പെൻഷൻ തുടങ്ങിയ സാമൂഹിക സുരക്ഷാപദ്ധതികൾ ലഭ്യമല്ലാത്തവരാണ് അസംഘ

ടിത തൊഴിലാളികൾ. മാന്യമായ വേതനം ഇല്ലാത്ത സാഹചര്യം, തൊഴിൽ ലഭ്യത ഉറപ്പില്ലാത്ത അവസ്ഥ, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ലഭ്യതക്കുറവ്, ദാരിദ്ര്യത്തിൽനിന്നും കരകയറാനാകാത്തത്, അധികാരികളുടെ തൊഴിലാളി വിരുദ്ധ നിലപാടുകൾ, അതിസാങ്കേതികത സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങളാൽ ഇന്നത്തെ തൊഴിലാളി സമൂഹം ഏറെ ഞെരുക്കപ്പെടുന്ന സാഹചര്യത്തിലാണെന്ന് നമുക്ക് അറിയാം. ഇത്തരം പ്രശ്നങ്ങൾ മുഖ്യമായും ബാധിക്കുക അസംഘടിത മേഖലയിലെ തൊഴിലാളികളെയാണ്.

5. നമ്മുടെ രാജ്യത്തെ സമകാലീന സാഹചര്യങ്ങളിൽ അടിസ്ഥാന ജനവിഭാഗങ്ങ ളുടെ ദൈനംദിന ജീവിതം കൂടുതൽ ബുദ്ധിമുട്ടു നിറഞ്ഞതായി മാറിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വളർച്ചാനിരക്കിൽ ഗണ്യമായ തോതിൽ കുറവു വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ കഴിഞ്ഞ ജനുവരി മാസത്തിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ ഓക്സ്ഫാം റിപ്പോർട്ടനുസരിച്ച് രാജ്യത്തെ വൻകിട കോർപ്പറേറ്റുകളുടെ സ്വത്തിൽ ഈ വർഷവും വലിയ തോതിൽ ഉള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇന്ത്യയിലെ ആകെ സ്വത്തിന്റെ എഴുപത് ശതമാനവും ഉന്നതരായ പത്ത് ശതമാനത്തിന്റെ പക്കലാണ്. കേവലം ഒരു ശതമാനം വരുന്ന കോർപ്പറേറ്റുകളുടെ കൈവശം രാജ്യത്തെ ജനങ്ങളിലെ എഴുപത് ശതമാനത്തിൽ പരം വരുന്ന താഴെത്തട്ടിൽ വസിക്കുന്ന 95.3 കോടി ജനങ്ങളെക്കാൾ സമ്പത്ത് ശേഖരിക്കപ്പെട്ടിട്ടുണ്ടെന്ന് ഈ റിപ്പോർട്ട് സൂചിപ്പിക്കുന്നു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് ഇന്ത്യയിൽ പ്രതിദിനം വർദ്ധിച്ചുവരികയാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.

6. തൊഴിലുറപ്പു പദ്ധതി, കർഷക ക്ഷേമപദ്ധതി, അസംഘടിത തൊഴിലാളി ക്ഷേമപദ്ധതികൾ എന്നിവയുൾപ്പെടെയുള്ള തൊഴിലാളി ക്ഷേമപദ്ധതികളിലേക്കുള്ള സർക്കാർ വിഹിതം വെട്ടിക്കുറക്കപ്പെടുകയാണ്. ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും രാഷ്ട്രീയ നേട്ടങ്ങൾക്കും മൂലധന താത്പര്യങ്ങൾക്കുമനുസരിച്ച് മാറ്റിമറിക്കപ്പെടുമ്പോൾ സർക്കാർ പദ്ധതികളിൽ വിശ്വാസം നഷ്ടമാകുന്ന തൊഴിലാളികൾ സ്വയം പിൻവലിയുകയും ചെയ്യുന്നു.

സാമൂഹിക സുരക്ഷയുൾപ്പെടെയുള്ള പരിരക്ഷകൾ ഉണ്ടായിരുന്ന സംഘടിത മേഖലയിലും അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും വ്യവസായ സ്ഥാപനങ്ങളിലും ദിവസ വേതന

ക്കാരും കരാർ ജീവനക്കാരും കൂടിവരുന്നു. ഇപ്പോൾ നടത്തപ്പെട്ടു ക്കൊണ്ടിരിക്കുന്ന തൊഴിൽ നിയമ ഭേദഗതികളിലൂടെ തൊഴിലാളിയുടെ നിലവിലുള്ള പല അവകാശങ്ങളും നിഷേധിക്കുന്നുവെന്ന് മാത്രമല്ല വ്യവസായ ഉടമകൾക്ക് സർവസ്വാതന്ത്ര്യവും നിയമ പരിരക്ഷയും ഉറപ്പാക്കുന്നു എന്ന ആക്ഷേപം വ്യാപകമായി ഉയർന്നുവരുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾ വിവേചനരഹിതമായി വിറ്റഴിക്കപ്പെടു ന്നതും തൊഴിലാളികളെ ആശങ്കാകുലരാക്കുന്നുണ്ട്. കൂടാതെ രാഷ്ട്രീയകലഹങ്ങളും കൊലപാതകങ്ങളും വർഗീയസംഘർഷങ്ങളും പ്രകൃതി ദുരന്തങ്ങളും മഹാമാരികളും അസംഘടിത തൊഴിലാളി കളുടെ ജീവിതങ്ങളെ തകർത്തെറിയുന്നു. രാഷ്ട്രീയ, തൊഴിൽ വിഭാഗീ യതയിലൂടെ സംഘശേഷി ചോർന്നുപോയ തൊഴിലാളി സമൂഹത്തിന്റെ ഒന്നുചേരലിനുള്ള ചിന്തകളാകണം മെയ്ദിനത്തിൽ ഉയരേണ്ടത്.

7. സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങൾ മാത്രമല്ല, ശാസ്ത്ര വികാസവും തൊഴിൽ മേഖലയിൽ സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നുണ്ട്. കാർഷിക, വ്യാവസായിക സേവനമേഖലകളിൽ സാങ്കേതികത കൂടി ഉൾച്ചേർന്നപ്പോഴാണ് പുരോഗതി ഉണ്ടാവുകയും സാമ്പത്തിക വളർച്ച ഉണ്ടാവുകയും ചെയ്തത്. ഇതു തന്നെയാണ് തൊഴിൽ നഷ്ടത്തിനും മൽസരത്തിനും കളമൊരുക്കിക്കൊണ്ടിരിക്കുന്നതും. മാറിയ തൊഴിൽ സാഹചര്യത്തിനനുസൃതമായ പരിശീലനങ്ങൾ അസംഘടിത തൊഴിലാളികൾക്ക് ലഭിക്കാതെ വരുന്നതിനാൽ അവർ സാങ്കേതിക മേഖലയിൽ നിന്ന് പിന്തള്ളപ്പെടുകയും തൊഴിൽ ഇല്ലാത്തവരായി മാറുകയും ചെയ്യുന്നു.

8. ഈ സാഹചര്യത്തിലാണ് ഫ്രാൻസിസ് പാപ്പാ, 'ലൗദാത്തോ സി' യുടെ മൂന്നാം അദ്ധ്യായത്തിൽ ചർച്ചചെയ്യുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്ക്സ് എന്നിവയെക്കുറിച്ച് ചിന്തിക്കേണ്ടതായി വരുന്നത്. മനുഷ്യനു ചെയ്യാൻ സാധ്യമായതിനപ്പുറമുള്ള കാര്യങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിതമായി ചെയ്തെടുക്കുന്നതാണ്, ലളിതമായി പറഞ്ഞാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. തെറ്റുവരാനുള്ള സാധ്യത കുറവ്, വേഗത, കൃത്യത, തൊഴിലാളികളുടെ എണ്ണക്കുറവ്, മാനുഷിക ആവശ്യങ്ങൾക്കായുള്ള ഭൗതിക സാഹചര്യം സൃഷ്ടിക്കൽ, തൊഴിൽ പ്രശ്നങ്ങൾ, സംഘർഷങ്ങൾ ഇല്ലാത്ത സാഹചര്യം - എന്നിവയെല്ലാം ഇതിന്റെ ഗുണങ്ങളാണ്. എന്നാൽ, ഉയർന്ന മുതൽമുടക്ക്, മനുഷ്യ ബുദ്ധിയോടുണ്ടാകുന്ന അവഗണന, സർഗാത്മകതയുടെ അഭാവം, തൊഴിലില്ലായ്മയുടെ വർദ്ധനവ് തുടങ്ങിയവ ഇവ മൂലമുണ്ടാകന്ന പ്രശ്നങ്ങളാണ്. 2030 ആകുമ്പോഴേക്കും തൊഴിൽ മേഖലയിലെ

ഇരുപത് ലക്ഷത്തിൽപരം അവസരങ്ങൾ റോബോട്ടുകൾ കൈയടക്കു മെന്നാണ് കണക്ക്.

9. ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്ക്സും തൊഴിൽ മേഖലയെ മാറ്റിമറിക്കുമ്പോൾ ഇന്നത്തെ സംഘടിത മേഖലയിൽ വൻവ്യതിയാനങ്ങൾ സംഭവിക്കും. പ്രസവാവധി വേണ്ടാത്ത, പെൻഷനും ഗ്രാറ്റ്യുവിറ്റിയും ഇൻഷുറൻസും വേണ്ടാത്ത, തൊഴിലാളി യൂണിയനുകളി ല്ലാത്ത അവധിയും വിശ്രമവുമില്ലാതെ പ്രവർത്തിക്കുന്ന റോബോട്ടു കളെ ഏതു തൊഴിൽ ദാതാവാണ് പ്രയോജനപ്പെടുത്താതിരിക്കുക? ഇന്ത്യപോലുള്ള രാജ്യത്ത് വിവേചനരഹിതമായ റോബോട്ടുവത്ക്ക രണം വലിയ പ്രതിസന്ധികൾ ഉളവാക്കും.

10. ലോകത്തുണ്ടായ മാറ്റങ്ങളാണ് തൊഴിൽ മേഖലയെ മുന്നോട്ടു നയിച്ചത്. അവിടെയെല്ലാം മനുഷ്യന് പ്രാമുഖ്യം നല്കുന്ന സമീപന മാണ് തിരുസഭ സ്വീകരിച്ചിട്ടുള്ളത്. തൊഴിലാളിയെയും അയാളുടെ കുടുംബത്തെയും പൊതുസമൂഹത്തെയും തൊഴിൽദാതാവിനെയും ഒരേപോലെ പരിഗണിക്കുന്നതാണ് സഭയുടെ തൊഴിൽ ദർശനം. തൊഴിലാളിക്ക് ജീവനക്കൂലി മാത്രമല്ല, കുടുംബത്തെ സംരക്ഷിക്കുന്ന തിനുള്ള കൂലി കൂടി നല്കണമെന്നും തൊഴിൽ ദാതാവും തൊഴിലാ ളിയും തമ്മിൽ ഉഭയസമ്മതം നടത്തിയിട്ടുണ്ടെന്നിരുന്നാലും നിയമാനു സൃതമല്ലാത്തതായ കുറഞ്ഞ കൂലി നീതിയുക്തമാകില്ലെന്നും പഠിപ്പിക്കുന്ന ക്കുന്ന സഭ, കൂലി നിശ്ചയിക്കുമ്പോൾ തൊഴിലാളിയുടെയും കുടുംബ ത്തിന്റെയും സുസ്ഥിതി, സ്ഥാപനത്തിന്റെ നിലനില്പ്, പൊതുനന്മ യുടെ സൂക്ഷിപ്പ് എന്നിവ പരിഗണിക്കപ്പെടണമെന്നും ഊന്നിപ്പറയുന്നു.

11. അതിനാൽ, കേരളസഭയുടെ തൊഴിലാളി മേഖലയിലെ പ്രവർത്തനങ്ങൾക്കായി രൂപീകൃതമായ ലേബർ കമ്മീഷന്റെയും അതിന്റെ ഔദ്യോഗിക പ്രസ്ഥാനമായ കേരള ലേബർ മൂവ്മെന്റിന്റെയും പ്രവർ ത്തനങ്ങൾ കരുത്തുറ്റതാക്കപ്പെടേണ്ടതുണ്ട്. നിലവിലുള്ള സാഹചര്യ ങ്ങൾ പ്രയോജനപ്പെടുത്തി അവസരങ്ങളെ അനുകൂലമാക്കി അതിജീ വനത്തിന് കരുത്തുപകരാൻ തൊഴിലാളികളെ സഹായിക്കാൻ കെ.എൽ.എം എല്ലാരൂപതകളിലും ഇടവകകളിലും രൂപീകരിക്കപ്പെടണം. സർക്കാർ പദ്ധതികളുടെ പ്രയോജനപ്പെടുത്തൽ, സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് കരുത്താർജ്ജിക്കൽ, ലേബർ ബാങ്കുകൾക്ക് രൂപം നല്കി തൊഴിൽ ലഭ്യമാക്കൽ, ഫിനീഷിംഗ് സ്കൂളുകളിലൂടെ തൊഴിലാളിയുടെ നൈപുണ്യ വികസനം, ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിലൂടെയും ക്ഷേമനിധി അംഗത്വത്തിലൂടെയും സുരക്ഷ

ഉറപ്പാക്കൽ, തൊഴിലാളി ഫോറങ്ങളിലൂടെ സംഘശക്തിയായി പ്രവർത്തിക്കാനുള്ള അവസരം സൃഷ്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കേരള ലേബർ മൂവ്മെന്റ് ഏറ്റെടുത്ത് നടത്തിവരുന്നു. കെ.എൽ.എം.ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനവും എല്ലായിടങ്ങളിലേക്കും വ്യാപിപ്പിക്കണം. തൊഴിലാളികൾ സംഘടിതരായി നിലനിന്നെങ്കിൽ മാത്രമേ അവകാശങ്ങൾ സംരക്ഷിക്കാനാകൂ എന്ന കാര്യം എല്ലാ തൊഴിലാളികളെയും ഓർമ്മപ്പെടുത്തുന്നു.

കേരളത്തിലെ രൂപതകളുടെയും വിവിധ സന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് ചിട്ടപ്പെടുത്തുന്നതിനുള്ള മാർഗനിർദേശക നയരേഖ (പീപ്പിൾ മാനേജ്മെന്റ് പോളിസി) കെ.സി.ബി.സി പുറത്തിറക്കിയിട്ടുണ്ട്. ഇവ നടപ്പിലാക്കാനുള്ള ചുമതല നമുക്കുണ്ട്. കെ.എൽ.എം.ന്റെ സേവനം ഫലപ്രദമായി ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വിവിധ സ്ഥാപനങ്ങളിൽ നിയമാനുസൃത ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് കെ.സി.ബി.സി പുറത്തിറക്കിയ രേഖ നിർദേശിക്കുന്ന സംവിധാനങ്ങൾ എല്ലാ സ്ഥാപനങ്ങളിലും രൂപപ്പെടുത്താൻ ശ്രദ്ധിക്കണം.

12. പുതിയ തൊഴിൽ മേഖലകൾ ഉരുത്തിരിഞ്ഞു വരുന്നതിനനുസരിച്ച് തൊഴിൽ പരിശീലനങ്ങൾ നല്കുന്ന സംവിധാനങ്ങൾ വികസിപ്പിക്കുക, മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ സാഹചര്യത്തെക്കുറിച്ച് തൊഴിലാളികളെ ബോധമുള്ളവരാക്കുക, നൂതന ഉപഭോക്തൃ തൊഴിൽ സംരംഭങ്ങൾക്ക് രൂപം നല്കുക, ആധുനിക കൃഷിരീതികളിൽ പരിശീലനം നേടി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, മത്സ്യമേഖലയിലെ തൊഴിൽ സാധ്യതകളെ ശാസ്ത്രീയമായി പരിവർത്തിതമാക്കുക തുടങ്ങി നവീന സാധ്യതകളെ മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിച്ച് തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ കേരള ലേബർ മൂവ്മെന്റ് നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ രൂപതകളുടെയും അഭിവന്ദ്യപിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും സഹകരണവും കുടുംബയൂണിറ്റുകൾ/ബിസിസികൾ വഴി പ്രവർത്തനങ്ങൾ താഴെത്തട്ടിലേക്കെത്തിക്കാൻ എല്ലാ അല്മായ സഹോദരങ്ങളുടെയും സന്മനസ്സും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനേകായിരം അന്യസംസ്ഥാന തൊഴിലാളികളും നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നു. അവരുടെ അജപാലന ആവശ്യങ്ങൾ ,സാമൂഹിക സുരക്ഷ എന്നീ

കാര്യങ്ങൾക്ക് നാം പ്രത്യേക മുൻഗണനന നല്കണം. അതിനാൽ ഈ വർഷം നമ്മുടെ എല്ലാ ഇടവകകളിലും കെ.എൽ.എം യൂണിറ്റുകൾ രൂപീകരിക്കണമെന്നും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷനും കേരള ലേബർ മൂവ്മെന്റും മുന്നോട്ടു വയ്ക്കുന്ന പ്രവർത്തനങ്ങളോടു സഹകരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളുടെ സ്വർഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ സഹായത്താൽ ദൈവത്തിന്റെ കാരുണ്യവും കനിവും നമ്മിലുണ്ടാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**
കൊച്ചി - 682 025

Ref: 3290/K-5/KCBC/OL/DS 22 April 2020

# ലോകദൈവവിളി ദിനത്തെ സംബന്ധിച്ചു ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിക്കുന്ന സന്ദേശം

**(2020 മേയ് 3)**

## ദൈവവിളിയുടെ വചനങ്ങൾ

പ്രിയ സഹോദരീസഹോദരന്മാരേ,

ആർസിലെ വികാരിയായ വിശുദ്ധ ജോൺ വിയാനിയുടെ 160-ാം ചരമവാർഷികം കഴിഞ്ഞവർഷം ആഗസ്റ്റ് 4-ാം തീയതിയായിരുന്നല്ലോ. കർത്താവിന്റെ വിളിയോടുള്ള പ്രത്യുത്തരമായി ദൈവജനസേവനത്തിനുവേണ്ടി അനുദിനജീവിതം സമർപ്പിക്കുന്ന എല്ലാ പുരോഹിതന്മാർക്കും ഒരു കത്ത് എഴുതാൻ ഞാൻ നിശ്ചയിച്ചു.

വൈദികരോടു നന്ദിപറയുകയും അവരുടെ ശുശ്രൂഷയെ പിന്താങ്ങുകയും ചെയ്യാനുള്ള മാർഗമായി ഈ സന്ദർഭത്തിൽ വേദന, കൃതജ്ഞത, പ്രോത്സാഹനം, സ്തുതി എന്നീ നാലു സുപ്രധാന വാക്കുകൾ ഞാൻ തിരഞ്ഞെടുക്കുന്നു. യേശുവിനും പത്രോസിനും ഗലീലിക്കടലിൽ കൊടുങ്കാറ്റുള്ള രാത്രിയിൽ ഉണ്ടായ ശ്രദ്ധേയമായ അനുഭവം നമുക്കായി ആവർത്തിക്കുന്ന സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ദൈവവിളികൾക്കുവേണ്ടിയുള്ള 57-ാം ലോകദിനമായ ഇന്ന് മുഴുവൻ ദൈവജനത്തോടും ആ വാക്കുകൾ പറയാമെന്നു ഞാൻ വിശ്വസിക്കുന്നു (cf. മത്താ 14:22-33).

ജനക്കൂട്ടങ്ങളെ വിസ്മയിപ്പിച്ച അപ്പം വർധിപ്പിക്കലിനുശേഷം യേശു ജനങ്ങളോടു വിടപറയുകയും മറുകരയിലേക്കുപോകുന്നതിന് വഞ്ചിയിൽ കയറാൻ ശിഷ്യരോട് കല്പിക്കുകയും ചെയ്തു. കടൽ കടക്കുന്ന ശിഷ്യന്മാരുടെ പ്രതിരൂപം നമ്മുടെ ജീവിതയാത്രയെ ഉണർത്താൻ കഴിവുള്ളതാണ്. യഥാർത്ഥത്തിൽ നമ്മുടെ ജീവിതവഞ്ചി പതുക്കെ മുന്നോട്ടുപോകുന്നു. വിശ്രമമില്ലാതെ സുരക്ഷിതസ്വർഗത്തെ നോക്കി, കടലിലെ അപകടങ്ങളും വാഗ്ദാനങ്ങളും നേരിടാൻ സന്നദ്ധരായിക്കൊണ്ടും എന്നാൽ വഞ്ചി തുഴയുന്നവൻ ആത്യന്തികമായി നമ്മെ ശരിയായ വഴിക്കു നയിക്കുമെന്നു വിശ്വസിച്ചുകൊണ്ടുമാണ് പോകുന്നത്. എന്നാലും ചിലപ്പോഴെല്ലാം വഞ്ചി വഴിമാറിപ്പോകും.

ലക്ഷ്യസ്ഥാനത്തേക്കു നയിക്കുന്ന ലൈറ്റ് ഹൗസല്ല, മരീചികകളാണ് വഴിതെറ്റിക്കുന്നത്. അങ്ങനെ പ്രയാസങ്ങളുടെയും സംശയത്തിന്റെയും ഭയത്തിന്റെയും കൊടുങ്കാറ്റുകൾകൊണ്ടാണ് തെന്നിപ്പോകുന്നത്.

നസ്രത്തിലെ ഗുരുവിനെ പിന്തുടരാൻ വിളിക്കപ്പെട്ടവരുടെ ഹൃദയങ്ങളിൽ ഉണ്ടാകുന്നത് ഇതുപോലുള്ള ഒരു അനുഭവമാണ്. കർത്താവിന്റെ ശിഷ്യരാകാൻവേണ്ടി കടൽ കടക്കുകയും സ്വന്തം സുരക്ഷിതത്വം ഉപേക്ഷിക്കുകയും ചെയ്യേണ്ടവരാണവർ. ഇവിടെ അപകടസാധ്യത യഥാർത്ഥത്തിലുള്ളതാണ്: നേരം സന്ധ്യയാകുന്നു. പ്രതികൂലമായ കാറ്റു വീശുന്നു, വഞ്ചി തിരമാലകളാൽ ഇളക്കപ്പെടുന്നു, പരാജയപ്പെടുമെന്ന ഭയമുണ്ടാകുന്നു, ദൈവവിളി അനുസരിക്കാനാവുകയില്ലെന്നു തോന്നുന്നു, തങ്ങൾ അടിപ്പെട്ടുപോകുമെന്ന് അവർക്കു തോന്നുന്നു.

എന്നാൽ, വെല്ലുവിളിയുടെ ഇടയിലുള്ള ഈ യാത്രയിൽ നമ്മൾ ഒറ്റയ്ക്കല്ലെന്ന് സുവിശേഷം നമ്മോടു പറയുന്നുണ്ട്. ശിഷ്യരുടെ കൂടെയായിരിക്കാൻവേണ്ടി രാത്രിയുടെ ഹൃദയത്തിൽ പ്രഭാതത്തിന്റെ പ്രകാശരശ്മിപോലെ ഇളകിമറിയുന്ന ജലത്തിന്റെ മുകളിൽ യേശു നടന്നു വരുന്നു,  തിരമാലയുടെ മുകളിലൂടെ തന്റെയടുത്തേക്കുവരാൻ അവിടന്ന് പത്രോസിനെ ക്ഷണിക്കുന്നു. പത്രോസ് വെള്ളത്തിൽ മുങ്ങുന്നതായി കാണുമ്പോൾ അവിടന്ന് അദ്ദേഹത്തെ രക്ഷിക്കുന്നു. അവർ വഞ്ചിയിലായിരിക്കുമ്പോൾ കൊടുങ്കാറ്റിനെ അവിടന്നു ശമിപ്പിക്കുന്നു.

അപ്പോൾ, വിളിയുടെ ഒന്നാമത്തെ വാക്ക് കൃതജ്ഞതയാണ്. ശരിയായ വഴിയേ പോകുകയെന്നത് നമ്മൾ സ്വന്തമായി ചെയ്യുന്നതല്ല; നമ്മൾ യാത്രചെയ്യാൻ തിരഞ്ഞെടുക്കുന്ന റോഡിനെ മാത്രം ആശ്രയിച്ചിരിക്കുന്നതുമല്ല. ഒറ്റപ്പെട്ട വ്യക്തികളെന്ന നിലയിൽ നാം ചെയ്യുന്ന ഒരു തീരുമാനത്തെക്കാൾ കൂടുതലായിട്ടുള്ള ഒന്നാണ് നാം ജീവിതത്തിൽ എങ്ങനെ സാഫല്യം കണ്ടെത്തുന്നു എന്നത്. എല്ലാറ്റിനും ഉപരിയായി അത് ഉന്നതത്തിൽ നിന്നുണ്ടാകുന്ന ഒരു വിളിയോടുള്ള പ്രത്യുത്തരമാണ്. കർത്താവ് നമ്മുടെ ലക്ഷ്യത്തെ എതിർവശത്തുള്ള കടൽത്തീരത്തു ചൂണ്ടിക്കാട്ടുന്നു; അങ്ങോട്ടു വഞ്ചി കയറിപ്പോകാനുള്ള ധൈര്യം നല്കുകയും ചെയ്യുന്നു. നമ്മെ വിളിക്കുമ്പോൾ അവിടന്നു നമ്മുടെ വഞ്ചി തുഴയുന്നവനാകുന്നു. അവിടന്നു നമ്മോടൊപ്പം സഞ്ചരിക്കുകയും നമ്മെ നയിക്കുകയും ചെയ്യുന്നു. തീരുമാനമില്ലായ്മയുടെ മണൽത്തിട്ടയിൽ ഓടിച്ചെന്ന് അടിഞ്ഞുകിടക്കുന്നതിൽ നിന്ന് അവിടന്നു നമ്മെ തടയുന്നു; ഉയർന്നുവരുന്ന തിരമാലയിലൂടെ നടക്കാൻ നമ്മെ ശക്തരാക്കുകപോലും ചെയ്യുന്നു.

കർത്താവ് നമ്മെ കണ്ടുമുട്ടാൻ വരുമ്പോഴുള്ള സ്നേഹത്തിന്റെ നോട്ടത്തിൽ നിന്നാണ് ഓരോ ദൈവവിളിയും ജനിക്കുന്നത്. കൊടുങ്കാറ്റുകൊണ്ട് നമ്മുടെ വഞ്ചി ഇളകിമറിയുമ്പോൾപോലും അങ്ങനെയാണു സംഭവിക്കുന്നത്. "ദൈവവിളി, നമ്മുടെ തിരഞ്ഞെടുപ്പ് എന്നതിനെക്കാൾ നമുക്കു യോഗ്യതയില്ലാതിരിക്കേ കർത്താവ് നടത്തുന്ന വിളിയോടുള്ള പ്രത്യുത്തരമാണ്" (വൈദികർക്കുള്ള എഴുത്ത് 4 ആഗസ്റ്റ് 2019). നാം നന്ദിയോടെ നമ്മുടെ ഹൃദയം തുറക്കുകയും നമ്മുടെ ജീവിതത്തിന് ദൈവം നിശ്ചയിക്കുന്ന വഴി കാണുകയും ചെയ്യുമ്പോൾ നാം നമ്മുടെ ദൈവവിളിയെ കണ്ടെത്തുന്നതിലും അതിനെ സ്വീകരിക്കുന്നതിലും വിജയിക്കും.

യേശു തങ്ങളുടെയടുത്തേക്ക് കടലിലൂടെ നടന്നുവരുന്നതു കാണുമ്പോൾ അവിടന്ന് ഒരു ഭൂതമാണെന്നു ശിഷ്യന്മാർ വിചാരിക്കുകയും ഭയംകൊണ്ടു നിറയുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തോടും ദൈവവിളിപരമായ നമ്മുടെ യാത്രയോടും കൂടെ സ്ഥിരം ഉണ്ടായിരിക്കേണ്ട വാക്കുകൾകൊണ്ട് അവിടന്ന് പെട്ടെന്നു അവർക്ക് ഉറപ്പുനല്കുന്നു. "ധൈര്യമുള്ളവരായിരിക്കുവിൻ; ഞാനാണ്, ഭയപ്പെടേണ്ട" (മത്താ 14:27). അതുകൊണ്ട് നിങ്ങളോടു പറയാൻ ഞാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ വാക്ക് ഇതാണ്: പ്രോത്സാഹനം

നമ്മുടെ യാത്രയെയും വളർച്ചയെയും കർത്താവു നമുക്കായി നിശ്ചയിച്ച വഴി തിരഞ്ഞെടുക്കുന്നതിനെയും മിക്കപ്പോഴും തടയുന്നത് നമ്മുടെ ഹൃദയങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന ചില "ഭൂതങ്ങൾ" ആണ്. സുരക്ഷിതമായ കടൽത്തീരങ്ങളെ ഉപേക്ഷിച്ച്, വിവാഹം, ശുശ്രൂഷാപരമായ പൗരോഹിത്യം, സമർപ്പിതജീവിതം എന്നിവപോലുള്ള ഒരു ജീവിതാവസ്ഥ സ്വീകരിക്കാൻ നാം വിളിക്കപ്പെടുമ്പോൾ മിക്കപ്പോഴും നമ്മുടെ പ്രഥമ പ്രതികരണം "അവിശ്വാസത്തിന്റെ ഭൂത"ത്തിൽ നിന്നുണ്ടാകുന്നതാണ്: തീർച്ചയായും ഈ വിളി എനിക്കുള്ളതല്ല! ഇത് ശരിയായ മാർഗമായിരിക്കാൻ യഥാർത്ഥത്തിൽ സാധിക്കുമോ? ഇതുചെയ്യാൻ കർത്താവ് യഥാർത്ഥത്തിൽ എന്നോട് ആവശ്യപ്പെടുന്നുണ്ടോ?

ഇത്തരം ചിന്തകൾ വളർന്നുകൊണ്ടിരിക്കും; നമ്മുടെ തീരുമാനത്തെ പിഴിഞ്ഞുകുടിക്കുന്ന നീതിമത്കരണങ്ങളും കണക്കുകൂട്ടലുകളും വളർന്നുകൊണ്ടിരിക്കും. നാം തുടങ്ങുന്ന കടൽത്തീരത്ത് അവ നമ്മെ സംശയാലുക്കളും ശക്തിഹീനരും ആക്കിത്തീർക്കും. നമുക്കു തെറ്റുപറ്റിക്കാണുമെന്നു നാം വിചാരിക്കുന്നു. വെല്ലുവിളി ഏറ്റെ

ടുക്കാൻ കഴിവില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ ഒഴിവാക്കിക്കളയേണ്ട ഒരു ഭൂതത്തെ കാണുന്നതാണെന്നു തോന്നുന്നു.

വിവാഹം, കർത്തൃസേവനത്തിനുള്ള സവിശേഷ സമർപ്പണം മുതലായവപോലുള്ള മൗലിക ജീവിത തിരഞ്ഞെടുപ്പ് ധീരത ആവശ്യമുള്ളതാണെന്നു കർത്താവിന് അറിയാം. നമ്മുടെ ഹൃദയ വഞ്ചിയെ ഇളക്കിക്കൊണ്ടിരിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും പ്രയാസങ്ങളും അവിടന്ന് അറിയുന്നുണ്ട്. അതുകൊണ്ട് അവിടന്നു നമ്മെ ധൈര്യപ്പെടുത്തുന്നു: "ധൈര്യമുള്ളവരായിരിക്കുക; ഞാനാണ്, ഭയപ്പെടേണ്ട." അവിടന്ന് സന്നിഹിതനാണെന്നും നമ്മെ കണ്ടുമുട്ടാൻ അവിടന്നു വരുന്നുവെന്നും നമുക്ക് വിശ്വാസത്തിൽ അറിയാം. അവിടന്ന് എപ്പോഴും, കൊടുങ്കാറ്റുള്ള കടലുകളിൽപ്പോലും, നമ്മുടെ സമീപത്തുണ്ടെന്ന് നമുക്കറിയാം. "മധുരമുള്ള ദുഃഖ"മെന്ന് ഞാൻ വിളിച്ച (വൈദികർക്കുള്ള കത്ത് 4 ആഗസ്റ്റ് 2019) ബോധംകെട്ടുള്ള ഉറക്കത്തിൽ നിന്ന് ഈ അറിവ് നമ്മെ സ്വതന്ത്രരാക്കുന്നു. നമുക്കുള്ള ദൈവവിളിയുടെ സൗന്ദര്യം അനുഭവിക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തി പിടിച്ചുമാറ്റുന്ന ഒന്നാണ് "മധുരമുള്ള ദുഃഖം."

വൈദികർക്കുള്ള എന്റെ എഴുത്തിൽ വേദനയെക്കുറിച്ചും ഞാൻ പറഞ്ഞു. എന്നാൽ ഇവിടെ ആ വാക്കിന് ക്ഷീണം എന്ന വ്യത്യസ്തമായ വിവർത്തനം നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ വിളിയും ഒരു ഉത്തരവാദിത്വം പേറുന്നതാണ്. പത്രോസിനെ "വെള്ളത്തിനു മീതെ നടക്കാൻ" ശക്തനാക്കിയതുപോലെ നമ്മെ ശക്തരാക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് അവിടന്നു നമ്മെ വിളിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതിനെ സുവിശേഷസേവനത്തിനായി പ്രതിഷ്ഠിക്കുകയും ചെയ്യാൻ അവിടന്നു നമ്മെ വിളിക്കുന്നു. അവിടന്നു നമ്മെ കാണിക്കുന്ന വസ്തുനിഷ്ഠവും അനുദിനമുള്ളതുമായ വഴികളിലൂടെ - പ്രത്യേകിച്ച്, അല്മായരെയും വൈദികരെയും സമർപ്പിതരെയും സംബന്ധിച്ച ദൈവവിളികൾ അവിടന്നു കാണിച്ചുതരുന്ന വഴികളിലൂടെ - ആണ് ഇതു നാം ചെയ്യേണ്ടത്. എന്നാലും പത്രോസിനെപ്പോലെ നമ്മുടെ ആഗ്രഹവും ആവേശവും നമ്മുടെ പരാജയങ്ങളോടും ഭീതികളോടും കൂടെ നിലകൊള്ളുന്നു.

വിവാഹജീവിതത്തിലായാലും വൈദികജീവിതത്തിലായാലും, നമ്മെ കാത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ അല്ലെങ്കിൽ നമുക്കായി

ശേഖരിക്കപ്പെട്ട കഷ്ടതകൾ നമ്മെ ധൈര്യമില്ലാത്തവരാക്കാൻ നാം അനുവദിച്ചാൽ നാം മുങ്ങിപ്പോകാൻ തുടങ്ങും. നേരേ മറിച്ച്, നമുക്കു ദുർബലതയും ദാരിദ്ര്യവുമുണ്ടെങ്കിലും ഉത്ഥിതനായ ക്രിസ്തുവിലേക്കു നടക്കാനും ഏതുകൊടുങ്കാറ്റിനെയും എതിർത്തുനില്ക്കാനും വിശ്വാസം നമ്മെ ശക്തരാക്കും. ക്ഷീണമോ ഭയമോ നമ്മെ മുക്കിക്കളയാൻ തുടങ്ങുമ്പോഴെല്ലാം യേശു തന്റെ കൈ നമ്മുടെ നേരേ നീട്ടുന്നു. നമ്മുടെ ദൈവവിളി സന്തോഷത്തോടും തീക്ഷ്ണതയോടും കൂടി ജീവിക്കാൻ ആവശ്യമായ ആവേശം അവിടന്നു നമുക്കു നല്കുന്നു.

അവസാനം യേശു വഞ്ചിയിൽ കയറുമ്പോൾ കാറ്റുവീശാതാകും, തിരമാലകൾ ശാന്തമാകും. നമ്മുടെ ജീവിതത്തിൽ പ്രക്ഷുബ്ധതയും കൊടുംകാറ്റും ഉണ്ടാകുമ്പോൾ കർത്താവിന് എന്തുചെയ്യാൻ കഴിയുമെന്നതിന്റെ മനോഹരമായ ഒരു പ്രതിരൂപം ഇവിടെ നമുക്കു ലഭിക്കുന്നു. ആ കാറ്റുകളെ അവിടന്നു ശമിപ്പിക്കുന്നു. അങ്ങനെ തിന്മയുടെ ശക്തികൾക്ക്, ഭയത്തിന്റെയും കീഴടക്കലിന്റെയും ശക്തികൾക്ക്, നമ്മുടെമേൽ അധികാരമില്ലാതാകും.

നമുക്കുള്ള സവിശേഷമായ വിളിയനുസരിച്ച് നാം ജീവിക്കുമ്പോൾ നമ്മെ ക്ഷീണിപ്പിച്ചു തളർത്താൻ ആ പ്രതികൂല വാതങ്ങൾക്കു സാധിക്കുകയില്ല. ഇവിടെ സിവിൾ സമൂഹത്തിലെ സുപ്രധാന ഉത്തരവാദിത്വങ്ങൾ ഉള്ള എല്ലാവരെയും, സകാരണം ഞാൻ പരമാർശിക്കാൻ ആഗ്രഹിക്കുന്ന വധൂവരന്മാരെയും പ്രത്യേകമായവിധത്തിൽ സമർപ്പിത ജീവിതമോ വൈദികവൃത്തിയോ സ്വീകരിച്ചവരെയും ധീരതയുള്ളവരായി ഞാൻ കരുതുന്നു. നിങ്ങളുടെ കഠിനാധ്വാനം, ചിലപ്പോൾ നിങ്ങളുടെ ഹൃദയങ്ങളെ ഭാരപ്പെടുത്തുന്ന ഏകാന്തതയുടെ അനുഭവം, നമുക്കുള്ള വിളിയുടെ തീജ്വാല ക്രമേണ കെട്ടുപോകാൻ ഇടയാക്കുന്ന സ്ഥിരമാർഗത്തിലേക്കു വീഴുകയെന്ന അപകടസാധ്യത, കാലഘട്ടത്തിന്റെ അനിശ്ചിതത്വത്തിന്റെയും സുരക്ഷിതത്വമില്ലായ്മയുടെയും ഭാരം, ഭാവിയെക്കുറിച്ചുള്ള ആകുലത എന്നിവയെപ്പറ്റി എനിക്കറിയാം. ധൈര്യം അവലംബിക്കുക, ഭയപ്പെടാതിരിക്കുക! യേശു നമ്മുടെ അരികേ ഉണ്ട്. നാം അവിടത്തെ നമ്മുടെ ജീവിതത്തിന്റെ ഏക കർത്താവായി അംഗീകരിക്കുന്നുവെങ്കിൽ അവിടന്നു കൈനീട്ടി നമ്മളെ പിടിച്ച് രക്ഷിക്കും.

അപ്പോൾ, കൊടുംകാറ്റുകൊണ്ട് ഇളകിമറിയുന്ന ജലത്തിലും നമ്മുടെ ജീവിതം സ്തുതിയിലേക്കു തുറന്നതായിത്തീരും. നമുക്കുള്ള വിളി സംബന്ധമായ അവസാനത്തെ വാക്കാണിത്. പരിശുദ്ധ കന്യകാ

മറിയത്തിന്റെ ആന്തരിക മാനസികാവസ്ഥ സ്വന്തമാക്കാനുള്ള ഒരു ക്ഷണമാണത്. ദൈവത്തിന്റെ കൃപാകടാക്ഷത്തോടു നന്ദിയുള്ളവളായി ഭയത്തിലും പ്രക്ഷുബ്ധതയിലും വിശ്വസ്തതയുള്ളവളായി, അവൾ തനിക്കുള്ള വിളിയെ ആശ്ലേഷിച്ചു, തന്റെ ജീവിതത്തെ കർത്താവിനോടുള്ള ശാശ്വത സ്തുതിഗീതമാക്കിത്തീർത്തു.

പ്രിയ സുഹൃത്തുക്കളേ, പ്രത്യേകിച്ച് ഈ ദിവസം, നമ്മുടെ സമൂഹങ്ങളുടെ സാധാരണ അജപാലന ജീവിതത്തിലും ദൈവവിളികളെ പ്രോത്സാഹിപ്പിക്കൽ തുടരാൻ സഭയോട് ഞാൻ കല്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം വിശ്വാസികളുടെ ഹൃദയങ്ങളെ സ്പർശിക്കട്ടെ. ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിലുള്ള ദൈവവിളിയെ കൃതജ്ഞതയോടെ കണ്ടെത്തട്ടെ. ദൈവത്തോട് “അതെ” എന്നു പറയാനുള്ള ധീരത കണ്ടെത്താൻ, ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ എല്ലാ ക്ഷീണിതാവസ്ഥയെയും കീഴടക്കാൻ, തങ്ങളുടെ ജീവിതത്തെ ദൈവസ്തുതിഗീതമാക്കി മാറ്റാൻ, സഹോദരീസഹോദരന്മാരും മുഴുവൻ ലോകത്തിനുംവേണ്ടി അങ്ങനെ ചെയ്യാൻ, സാധിക്കട്ടെ. കന്യകാമറിയം നമ്മോടുകൂടെ സഞ്ചരിക്കുകയും നമുക്കായി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യട്ടെ.

റോം, സെന്റ് ജോൺ ലാറ്ററൻ, 8 മാർച്ച് 2020
നോമ്പുകാലത്തെ രണ്ടാം ഞായർ
ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

## മെയ് മാസ ആചാരണത്തോടനുബന്ധിച്ച് കുടുംബത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി ഫ്രാൻസിസ് പാപ്പ വിശ്വാസികൾക്ക് എഴുതിയ സന്ദേശത്തിന്റെയും, ജപമാലക്കുശേഷം പ്രാർത്ഥിക്കേണ്ട രണ്ട് പ്രാർത്ഥനകളുടെയും വിവർത്തനം

പ്രിയ സഹോദരീസഹോദരന്മാരേ,

മെയ് മാസം അടുത്തിരിക്കുന്നു, ലോകത്തിന്റെ ഒരോ കോണിലും ദൈവജനം പ്രത്യേക തീക്ഷ്ണതയോടെ പരി. കന്യാമറിയത്തോടുള്ള സ്നേഹവും ഭക്തിയും പ്രകടിപ്പിക്കുന്ന ദിനങ്ങൾ. മെയ് മാസത്തിൽ വീടുകളിൽ കുടുംബാംഗങ്ങൾ ഒന്നിച്ച് ജപമാല ചൊല്ലി പ്രാർത്ഥി ക്കുന്നത് ക്രൈസ്തവ പരമ്പര്യമാണ്. ഈ മഹാമാരി നമ്മുടെമേൽ അടിച്ചേൽപ്പിച്ച പല വിധനിയന്ത്ര ണങ്ങൾ, പ്രത്യേകിച്ച് കുടുംബത്തിനകത്തും മറ്റും ഒതുങ്ങികഴി യേണ്ടിവന്നത്, നമ്മെ ഒരു ആത്മീയ കാഴ്ച്ചപ്പാടിലേക്കും കൂടി നയിക്കുന്നുണ്ട്.

അതിനാൽ നിങ്ങളോട് എല്ലാവരോടും ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഈ മെയ് മാസത്തിൽ കുടുംബത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിന്റെ ഭംഗി വീണ്ടെടുക്കണം എന്നാണ്. കുടുംബാഗങ്ങൾ ഒന്നിച്ചോ വ്യക്തിപരമായോ ഇത് ചെയ്യാം. നിങ്ങളുടെ ജീവിതസാഹ ചര്യങ്ങൾ അനുസരിച്ച് നിങ്ങൾ തന്നെ തിരഞ്ഞെടു ക്കുക. ഏതായാലും രണ്ടിനും അതിന്റെ വിലയുണ്ട്. ഏത് സാഹചര്യത്തിലും ഇത് ചെയ്യുന്നതിന് പിന്നിൽ ഒരു രഹസ്യമുണ്ട്: അത് അതിന്റെ ലാളിത്യമാണ്. നല്ല രീതിയിൽ പ്രാർത്ഥന പിന്തുടരാനുള്ള രീതികൾ കണ്ടെത്തുന്നതിന് ഇന്ന് ഇന്റർനെറ്റിൽ പോലും ധാരാളം സാധ്യതകൾ ഉണ്ട്.

ജപമാലയുടെ അവസാനം നിങ്ങൾക്ക് പ്രാർത്ഥിക്കുവാനായ് നമ്മുടെ പരി. കന്യാമറിയത്തോടുള്ള രണ്ട് പ്രാർത്ഥനകൾ ഈ കത്തിനോടൊപ്പം ഞാൻ കൂട്ടിച്ചേർക്കുന്നു. ആത്മീയമായി നിങ്ങളോട് ഐക്യപ്പെട്ടു കൊണ്ട് മെയ് മാസത്തിൽ ഞാനും ഈ പ്രാർത്ഥന ചൊല്ലുന്നതാണ്.

പ്രിയ സഹോദരീ - സഹോദരന്മാരേ, ക്രിസ്തുവിന്റെ മുഖത്തോ ടൊപ്പം നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ ഹൃദയത്തെയും ധ്യാനിക്കാൻ പരിശ്രമിക്കാം. ഇത് ഒരു ആത്മീയ കുടുംബമെന്ന നിലയിൽ നമ്മെ കൂടുതൽ ഐക്യപ്പെടുത്തുകയും

ഇന്ന് നമ്മൾ അനുഭവിക്കുന്ന ദുരിതങ്ങൾ മറികടക്കാൻ നമ്മെ സഹായിക്കുകയും ചെയ്യും. നിങ്ങൾ ഓരോരുത്തർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു, പ്രത്യേകിച്ച് ഏറ്റവും കഷ്ടപ്പെടുന്നവർക്കായി പ്രാർത്ഥിക്കും. ദയവായി നിങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കണം, കേട്ടോ? നിങ്ങൾ ഓരോരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദിയും ഒപ്പം എന്റെ ആശീർവാദവും...

വി. മർക്കോസിന്റെ തിരുനാൾ ദിനത്തിൽ
റോമാ,
സാൻ ജോവന്നി ലാത്തെരാനോ
25 ഏപ്രിൽ 2020
പാപ്പ ഫ്രാൻസിസ്

## *ഒന്നാമത്തെ പ്രാർത്ഥന*

ഓ മറിയമേ, എപ്പോഴും നീ ഞങ്ങളുടെ പാതയിൽ തിളങ്ങുന്നു, നീ രക്ഷയുടെയും പ്രത്യാശയുടെയും അടയാളമാണ്.

ഞങ്ങൾ നിന്നിൽ ആശ്രയിക്കുന്നു. ഒപ്പം, രോഗികളായവരുടെ ആരോഗ്യവും നിന്റെ കരങ്ങളിൽ ഏല്പിക്കുന്നു. നിന്റെ വിശ്വാസ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ക്രൂശിതനായ ക്രിസ്തുവിന്റെ വേദനകളിൽ അമ്മേ, നീയും പങ്കുപറ്റിയില്ലേ?

കഷ്ടതകളിൽക്കൂടി കടന്നു പോകുന്ന ഈ ജനതയുടെ രക്ഷയ്ക്കുവേണ്ടി എന്താണ് വേണ്ടതെന്ന് നിനക്കറിയാം, അമ്മേ, നീ ഞങ്ങളെ സഹായിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. കാരണം, ഗലീലിയി ലെ കാനായിൽ എന്നപോലെ ഈ പരീക്ഷണ കാലഘട്ടം കഴിഞ്ഞ് സന്തോഷവും ആഘോഷവും മടങ്ങിവരട്ടെ. പിതാവിന്റെ ഹിതത്തിന് അനുസൃതമായി യേശു ഞങ്ങളോടു പറയുന്നതു ചെയ്യാൻ ദിവ്യ സ്നേഹത്തിന്റെ മാതാവേ, ഞങ്ങളെ സഹായിക്കൂ...

ഞങ്ങളുടെ സഹനങ്ങൾ സ്വയം ഏറ്റെടുത്ത ക്രിസ്തു പുനരുത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് ഞങ്ങളെ നയിക്കാൻ കുരിശിലൂടെ ഞങ്ങളുടെ വേദനകൾ ഏറ്റെടുത്തു.

ദൈവത്തിന്റെ പരിശുദ്ധ അമ്മയായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു. നിരവധി പരീക്ഷണങ്ങളെ നേരിടുന്ന ഞങ്ങളുടെ അപേക്ഷകളെ ഉപേക്ഷിക്കരുതേ, മഹത്വപൂർണ്ണയും അനുഗൃഹീതയുമായ പരി. കന്യകയേ, എല്ലാ അപകടങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ... ആമേൻ.

## *രണ്ടാമത്തെ പ്രാർത്ഥന*

കന്യാമറിയമേ, ദൈവമാതാവായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു.. ഈ കൊറോണ വ്യാധിയുടെ പിടിയിലായിരിക്കുന്ന ഞങ്ങളുടെ മേൽ നിന്റെ കരുണയുള്ള കണ്ണുകൾ തിരിക്കുക. പ്രിയപ്പെട്ടവരുടെ മരണവും, മനസ്സിനെ ഭാരപ്പെടു ത്തുന്ന തരത്തിൽ ചില സാഹചര്യങ്ങളിൽ ഉണ്ടായ മൃതസംസ്കാരവും ഓർത്ത് വേദനയിലും ദുഃഖത്തിലും കഴിയുന്നവരെ ആശ്വസിപ്പിക്കണമേ. രോഗം മൂലം ദുരിതമനുഭവിക്കുന്നവരെയും അമ്മേ, നീ പിന്തുണയ്ക്കണമേ, പകർച്ചവ്യാധി തടയാനുള്ള പരിശ്രമത്തിൽ പ്രിയപ്പെട്ടവരിൽ നിന്ന് അകറ്റപ്പെട്ടവരെയും ഭാവിയെക്കുറിച്ച് ആകുലതപ്പെടുന്നവരെയും സമ്പദ്വ്യവസ്ഥയിലെ അനിശ്ചിതത്വം മൂലം ജോലിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഓർത്ത് വിഷമിക്കുന്നവരെയും അമ്മേ, നീ ആത്മവിശ്വാസംകൊണ്ട് നിറയ്ക്കണമേ.

കഠിനമായ ഈ പരീക്ഷണങ്ങൾ അവസാനിച്ച് പ്രതീക്ഷയുടെയും സമാധാനത്തിന്റെയും ഒരു പുതിയ ചക്രവാളം ആരംഭിക്കാൻ ദൈവത്തിന്റെയും ഞങ്ങളുടെയും അമ്മയായ പരി. കന്യാമറിയമേ, കരുണയുള്ള പിതാവിന്റെ മുമ്പിൽ നീ ഞങ്ങൾക്കായി യാചിക്കുമോ..? നിന്റെ ദിവ്യപുത്രനോടൊപ്പം, കാനായിലെന്നപോലെ ഇടപെടണമേ. രോഗികളുടെയും മരണത്തിന് ഇരയായവരുടെയും കുടുംബങ്ങളെ ആശ്വസിപ്പിക്കാനും അവരുടെ ഹൃദയം വിശ്വാസത്തിലേക്ക് തുറക്കാനും നിന്റെ പ്രിയ പുത്രനോട് ആവശ്യപ്പെടണമേ.

പകർച്ചവ്യാധിമൂലം കഷ്ടത അനുഭവിക്കുന്ന ഈ കാലയളവിൽ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരെ അമ്മേ, നീ സംരക്ഷിക്കണമേ... അപരന്റ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ അപകടത്തിലാക്കി മുൻപന്തിയിൽ നിന്ന് സേവനം ചെയ്യുന്ന അവരുടെ വീരോചിതമായ പരിശ്രമത്തിനൊപ്പം അവർക്ക് ശക്തിയും നന്മയും ആരോഗ്യവും നൽകണമേ... രാവും പകലും രോഗികളെ സഹായിക്കുന്നവരോടൊപ്പവും, സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയോടെ എല്ലാവരെയും സഹായിക്കുവാനും പിന്തുണയ്ക്കാനും പരിശ്രമിക്കുന്ന പുരോഹിതരോടൊപ്പവും അമ്മേ, നീ ആയിരിക്കണമേ...

പരി. കന്യകാമാതാവേ, ശാസ്ത്രമേഖലയിൽ പ്രവർത്തിക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും മനസ്സിനെ നീ പ്രകാശിപ്പിക്കു

ന്നതുവഴി ഈ വൈറസിനെ കീഴ്പ്പെടുത്താനുള്ള യഥാർത്ഥ പരിഹാര മാർഗം കണ്ടെത്തുന്നതിന് ഇടവരട്ടെ.

ദാരിദ്ര്യം മൂലം ജീവിക്കാൻ കഷ്ടപ്പെടുന്നവരെ ജ്ഞാനത്താലും ഉദാരമനസ്കതയാലും, ഉത്കണ്ഠയോടെയും സഹായിക്കാനും, സാമൂഹിക - സാമ്പത്തിക പരിഹാരങ്ങൾ ആസൂത്രണം ചെയ്യുകവഴി ദീർഘവീക്ഷണത്തോടെയും ഐക്യദാർഢ്യത്തോടെയും പ്രവർത്തിക്കാനും അമ്മേ, എല്ലാ രാഷ്ട്രനേതാക്കളെയും നീ സഹായിക്കണമേ... പരി. കന്യകാമറിയമേ, രാഷ്ട്രനേതാക്കൻമാരുടെ മനസ്സാക്ഷിയെ നീ സ്പർശിക്കണമേ... ആയുധശക്തി വർദ്ധിപ്പിക്കാനായി ചെലവിടുന്ന പണം ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ തടയുവാനുള്ള പഠനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി അവർ വിനിയോഗിക്കട്ടെ.

പ്രിയപ്പെട്ട അമ്മേ, ലോകം എന്ന വലിയ ഒരു കുടുംബത്തിലെ അംഗമാണെന്ന ചിന്തയിലും, പ്രത്യേകിച്ച് എല്ലാവരെയും ഒന്നിപ്പിക്കുന്ന ബന്ധത്തെക്കുറിച്ചുള്ള സ്വയാവബോധത്തിലും, വളർന്നുവരുവാൻ ഞങ്ങളെ സഹായിക്കണമേ. കാരണം, സാഹോദര്യ മനോഭാവത്തോടെയും ഐക്യദാർഢ്യത്തോടെയും നിരവധി ദരിദ്രരെയും, ദുരിത ത്തിൽപ്പെട്ടിരിക്കുന്നവരെയും സഹായിക്കാൻ ഞങ്ങൾക്ക് ഇതുവഴി സാധിക്കും. വിശ്വാസത്തിലുള്ള ഉറച്ച പ്രോത്സാഹനവും, അപരനെ സേവിക്കുന്നതിലുള്ള സ്ഥിരോത്സാഹവും, പ്രാർത്ഥനയിലുള്ള സ്ഥിരതയും ഞങ്ങൾക്ക് നൽകണമേ.

ഓ മറിയമേ.. എളിയവരുടെ സങ്കേതമേ, നിന്റെ കരവലയത്തിൽ നിന്റെ എല്ലാ വേദനിക്കുന്ന മക്കളെയും കാത്തുകൊള്ളണമേ. ഈ ഭയാനകമായ പകർച്ചവ്യാധിയിൽ നിന്ന് ഞങ്ങളെ മോചിപ്പിക്കാൻ സർവശക്തനായ ദൈവം തന്റെ ശക്തമായ കരങ്ങളോടെ കടന്നുവരുവാൻ നീ ഇടയാക്കണമേ.. അങ്ങനെ ശാന്തമായതും സാധാരണ ഗതിയിലുള്ളതുമായ ഒരു ജീവിതം പുനരാരംഭിക്കാൻ ഇടവരുത്തണമേ.

രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായി ഞങ്ങളുടെ പാതയിൽ തിളങ്ങുന്ന നിന്നിൽ ഞങ്ങൾ ആശ്രയിക്കുന്നു, കരുണയും, വാത്സല്യവും, മാധുര്യവും നിറഞ്ഞ കന്യാമറിയമേ ആമ്മേൻ.

# കച്ചേരി കാര്യം

**1. പുതിയ നിയമനം**

ഫാ. ജോർജ് കുടിലിൽ - ചീഫ് എഡിറ്റർ ദീപിക, കോട്ടയം

**2. മെയ് മാസത്തെ പ്രോഗ്രാമുകൾ**

മെയ് മാസത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഡീക്കന്മാരുടെയും മാതാപിതാക്കളുടെയും സമ്മേളനം, വൈദികരുടെ സ്ഥലംമാറ്റം, ജൂണിയർ സിസ്റ്റേഴ്സിനു വേണ്ടിയുള്ള പരിശീലന പരിപാടി തുടങ്ങിയവ നിലവിലുള്ള ലോക് ഡൗൺ നിയന്ത്രണങ്ങൾ മൂലം മാറ്റി വച്ചിരിക്കുന്നു. പുതിയ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

**3. മെയ് 3 പ്രാർത്ഥനാദിനം**

മെയ് 3 -ാം തീയതി കോവിഡ്- 19 സാംക്രമിക രോഗബാധയിൽ നിന്നും ലോകത്തെ വിമോചിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് കെസിബിസി ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും ഈ പ്രത്യേക നിയോഗത്തിനുവേണ്ടി പ്രാർത്ഥന നടത്തണം. ഉച്ചകഴിഞ്ഞ് മൂന്നുമണി മുതൽ 5 മണി വരെ വിവിധ മതത്തിൽപ്പെട്ടവർ ഒന്നിച്ചുള്ള പ്രാർത്ഥന കെ.സി.ബി.സി. ഓൺലൈൻ സംപ്രേഷണം ചെയ്യുന്നുണ്ട്.

**4. മെയ് മാസത്തിൽ ജപമാലയോടൊപ്പം ചൊല്ലുവാനുള്ള മാർപാപ്പായുടെ പ്രാർത്ഥന**

കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മെയ് മാസത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ ആഗോള സഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മെയ് മാസത്തിൽ ജപമാലയോടൊപ്പം ചൊല്ലാനുള്ള രണ്ടു പ്രാർത്ഥനകൾ പരി.പിതാവ് നൽകിയിരിക്കുന്നത് ഈ ലക്കം ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് എല്ലാ ഭവനങ്ങളിലും എത്തിക്കുമല്ലോ. എല്ലാ ഭവനങ്ങളിലും മെയ് മാസത്തിൽ മുടങ്ങാതെ ജപമാലയും ഒപ്പം ഈ പ്രാർത്ഥനയും ചൊല്ലാൻ നിർദ്ദേശം നല്കുമല്ലോ.

**5. പി.പി.എഫ്. അംഗങ്ങളുടെ ശ്രദ്ധയ്ക്ക്** : നമ്മുടെ വൈദികകൂട്ടായ്മയിൽ നിന്ന് നിര്യാതരായ ബഹു.ജോസഫ് കൂറ്റാരപ്പിള്ളിൽ അച്ചനും ബഹു. മാത്യു മുള്ളൻമട അച്ചനുംവേണ്ടി ഓരോ കുർബ്ബാന വീതം എല്ലാ പി.പി.എഫ്. അംഗങ്ങളും ചൊല്ലണ മെന്ന് ഓർമ്മിപ്പിക്കുന്നു.

## 6. ആദരാഞ്ജലികൾ

**ശ്രീ മാത്യു കാഞ്ഞിരക്കാട്ട് (85):** ചെമ്പേരി ഫൊറോനാ പള്ളി വികാരി ബഹു. ജോർജ് കാഞ്ഞിരക്കാട്ട് അച്ചന്റെ വത്സല പിതാവ് ശ്രീ. മാത്യു കാഞ്ഞിരക്കാട്ട് 2020 മാർച്ച് 31-ാം തീയതി നിര്യാതനായി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മൃതസംസ്കാരം ഏപ്രിൽ 1 -ാം തീയതി മാങ്ങോട് സെന്റ് മേരീസ് പള്ളിയിൽ നടന്നു. പരേതന് ആത്മശാന്തി നേരുകയും ബഹുമാനപ്പെട്ട രാജുഅച്ചനെയും കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ശ്രീ. ജോസഫ് തെക്കേകണ്ടം (90) :** ബഹു. ആൻഡ്രൂസ് തെക്കേകണ്ടം അച്ചന്റെ സഹോദരൻ ശ്രീ. ജോസഫ് തെക്കേകണ്ടം 2020 ഏപ്രിൽ 9ന് നിര്യാതനായി. മൃതസംസ്കാരം അന്നുതന്നെ തോമാപുരം സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ നടന്നു. പരേതന് ആത്മശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ശ്രീ. ഡോമിനിക് കിഴക്കേത്തലക്കൽ (86):** തോമാപുരം ഫൊറോന വികാരി ബഹു. മാർട്ടിൻ കിഴക്കേത്തലക്കലച്ചന്റെ വത്സല പിതാവ് ശ്രീ. ഡോമിനിക് കിഴക്കേത്തലക്കൽ 2020 ഏപ്രിൽ 22-ാം തീയതി നിര്യാതനായി. ലോക് ഡൗൺ നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ട് മൃതസംസ്കാരം അന്നേ ദിവസം തന്നെ ചന്ദനയ്ക്കാംപാറ ചെറുപുഷ്പം ദൈവാലയത്തിൽ നടത്തി. പരേതന് ആത്മശാന്തി നേരുകയും ബഹുമാനപ്പെട്ട മാർട്ടിൻ അച്ചനെയും കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 7. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മാടക്കച്ചേരി - 05-05-2002
2. റവ. ഫാ. അബ്രാഹം കാവളക്കാട്ട് - 06-05-1991
3. റവ. ഫാ. ജോസഫ് മാമ്പുഴ - 13-05-2007
4. മോൺ. ജേക്കബ് പുത്തോട്ട് - 16-05-1989
5. മോൺ. തോമസ് പഴേപറമ്പിൽ - 22-05-1992
6. റവ. ഫാ. ജോൺ മണ്ണനാൽ - 23-05-2008
7. റവ. ഫാ. ജോസ് മാരാംകുഴ - 23-05-2012
8. റവ. ഫാ. മാത്യു നടുവിലേക്കുറ്റ് - 24-05-1997
9. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (ജൂനി.) - 25-05-2003
10. റവ. ഫാ. ജോർജ് താമരശ്ശേരി - 26-05-2008
11. റവ. ഫാ. ജോസഫ് മേമന - 27-05-2013

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# ഫാ. ജോസഫ് കൂറ്റാരപ്പിള്ളി (83)-അനുസ്മരണം

സ്വതസിദ്ധമായ നർമ്മവും നിറഞ്ഞ ചിരിയും വലിയ സൗഹൃദവുംകൊണ്ട് ജനമനസ്സുകളെ കീഴടക്കിയ ഫാ. ജോസഫ് കൂറ്റാരപ്പിള്ളി നിത്യസമ്മാനത്തിനായി യാത്രയായി. ജീവിതം മുഴുവൻ ദൈവത്തിനും ദൈവജനത്തിനും വേണ്ടി ബലിയായിത്തീർന്ന ബഹുമാനപ്പെട്ട കൂറ്റാരപ്പിള്ളി അച്ചൻ കാൽവരിയിലെ ജീവാർപ്പണത്തിന്റെ ധന്യസ്മരണകൾ ആചരിച്ച ദുഖവെള്ളിയാഴ്ച, 2020 ഏപ്രിൽ 10-ാം തിയതി ദൈവകരങ്ങളിൽ തന്റെ ആത്മാവിനെ സമർപ്പിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിന് 83 വയസ്സായിരുന്നു. കരുവഞ്ചാൽ ശാന്തി ഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.



പാലാ രൂപതയിലെ പ്ലാശനാൽ ഇടവകയിൽ കൂറ്റാരപ്പിള്ളിൽ ജോസഫ്, അന്ന എന്നിവരുടെ മകനായി 1937 ഒക്ടോബർ 6-ന് ജനിച്ചു. പോത്തൻ കൂറ്റാരപ്പിള്ളിൽ, ഏലിക്കുട്ടി താന്നിക്കുന്നേൽ, വർക്കി കൂറ്റാരപ്പിള്ളിൽ, മാണി കൂറ്റാരപ്പിള്ളിൽ, തോമസ് കൂറ്റാരപ്പിള്ളിൽ, സി. ഇമേൽദ എസ് എ ബി എസ്, എന്നിവർ സഹോദരങ്ങളാണ്. പ്ലാശനാൽ സെന്റ് ആന്റണീസ് സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്ക്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. 1954-ൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ സ്വാധീനത്തിൽ തലശ്ശേരി രൂപതയ്ക്കുവേണ്ടി പാലാ ഗുഡ് ഷേപ്പേർഡ് മൈനർ സെമിനാരിയിൽ പഠനം ആരംഭിച്ചു. തത്ത്വശാസ്ത്ര, ദൈവശാസ്ത്ര പരിശീലങ്ങൾ നേടിയത് ട്രിച്ചി സെന്റ് പോൾസ് സെമിനാരിയിൽ നിന്നായിരുന്നു. വൈദീക പരിശീലനം പൂർത്തിയാക്കിയെത്തിയ അദ്ദേഹം 1964 ഏപ്രിൽ 30 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

മേരിഗിരി ഇടവക വികാരിയായാണ് അച്ചൻ തന്റെ അജപാലന ശുശ്രൂഷ ആരംഭിച്ചത്. മേരിഗിരി പള്ളിക്ക് കൂടുതൽ സ്ഥലംവാങ്ങിയതും തെങ്ങിൻതോപ്പ് വച്ചുപിടിപ്പിച്ചതും അദ്ദേഹമാണ്. ഇപ്പോൾ താമരശ്ശേരി രൂപതയിലുള്ള പടത്തുകടവ്, പുഷ്പഗിരി, കുളത്തുവയൽ എന്നീ ഇടവകകളിലും അദ്ദേഹം സേവനം ചെയ്തു. തലശ്ശേരി അതിരൂപതയിലെ മേരിഗിരി, കരിക്കോട്ടക്കരി, ചെമ്പേരി, തോമാപുരം, വായാട്ടുപറമ്പ, അങ്ങാടിക്കടവ്, പൊൻമല, ചെങ്ങോം, പെരുമ്പടവ്, കിളിയന്തറ, നെടുമ്പുറഞ്ചാൽ, കുന്നുംകൈ, കൊട്ടോടി എന്നീ ഇടവകകളിൽ വികാരിയായും കുന്നോത്ത് സാൻതോം എസ്റ്റേറ്റ് മാനേജരായും സേവനം അനുഷ്ഠിച്ചു. കരിക്കോട്ടക്കരിയിൽ ഇന്നു കാണുന്ന മനോഹരമായ

ദൈവാലയം നിർമ്മിച്ചത് ബഹു. കൂറ്റാരപ്പിള്ളി അച്ചനാണ്. ജോലിചെയ്ത ഇടവകകളിലെല്ലാം കൃത്യതയും കാര്യക്ഷമതയും കാരുണ്യവും കൈമുതലാക്കി നല്ല അജപാലകനായും ഭരണകർത്താവായും അദ്ദേഹം പ്രവർത്തിച്ചു.

2015-ൽ അദ്ദേഹം അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് കരുവഞ്ചാൽ ശാന്തിഭവൻ വൈദിക മന്ദിരത്തിൽ വിശ്രമജീവിതം ആരംഭിച്ചു. ചിരിച്ചും ചിരിപ്പിച്ചും ശാന്തിഭവന്റെ ഇടനാഴികളെ സജീവമാക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. അവസാനനാളുകളിൽ കരൾരോഗവും മറ്റ് ശാരീരിക അവശതകളും അദ്ദേഹത്തെ അലട്ടിയിരുന്നെങ്കിലും എപ്പോഴും സന്തോഷവാനായിരുന്നു. വളരെ ചുരുങ്ങിയ നാളുകൾ മാത്രമേ അദ്ദേഹം തീർത്തും ശയ്യാവലംബിയായുള്ളു. തന്റെ ജോലികളെല്ലാം പൂർത്തിയാക്കി ദു:ഖവെള്ളിയുടെ സായാഹ്നത്തിൽ അദ്ദേഹം നിത്യതയിലേക്ക് യാത്രയായി. കോവിഡ് 19 ന്റെ ലോക്ഡൗൺ നിയന്ത്രണങ്ങൾമൂലം കുടുംബാഗംങ്ങൾക്കോ ഇടവകാംഗങ്ങൾക്കോ സഹവൈദികർക്കോ അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിക്കാൻ സാധിച്ചില്ല എന്നത് ഒരു സങ്കടമായി അവശേഷിക്കുന്നു. ഒരു ഇടവകയിൽനിന്നും സ്ഥലം മാറി മറ്റൊരു ഇടവകയിലേക്ക് പോകുമ്പോൾ ഒറ്റക്ക് മാത്രം പോകുന്ന ശീലമണ്ടായിരുന്ന അദ്ദേഹം തന്റെ അന്ത്യയാത്രയിലും പതിവു തെറ്റിച്ചില്ല.

മരണാനന്തരം 10-ാം തീയതി വൈകുന്നേരം 10 മണിവരെ ശാന്തിഭവനിൽ പൊതുദർശനത്തിനു വച്ചശേഷം മൃതശരീരം തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ പള്ളിയിലേക്ക് കൊണ്ടുവന്നു. 2020 ഏപ്രിൽ 11 ശനിയാഴ്ച രാവിലെ 9.30 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വൈദികരുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം നടത്തി. 10 മണിക്ക് അച്ചന്റെ സഹപാഠികൂടിയായ മാർ ജോർജ്ജ് വലിയമറ്റം പിതാവ് വി. കുർബ്ബാന അർപ്പിക്കുകയും അനുശോചന സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാര ശുശ്രൂഷയുടെ അവസാന ഭാഗം നടന്നു. കത്തീഡ്രൽ സിമിത്തേരിയിൽ മുൻഗാമികളോടൊപ്പം അദ്ദേഹവും സംസ്ക്കരിക്കപ്പെട്ടു. ലോക്ക്ഡൗൺ നിർദ്ദേശങ്ങൾ അനുസരിച്ച് മൃതസംസ്ക്കാര ശുശ്രൂഷയിൽ പത്തുപേർ മാത്രമേ പങ്കെടുത്തുള്ളു. മൃതസംസ്ക്കാര ശുശ്രൂഷയുടെ തൽസമയ സംപ്രേഷണം ആയിരക്കണക്കിനാളുകൾ വീക്ഷിച്ചു.

ദൈവത്തെയും മനുഷ്യരെയും സ്നേഹിച്ച് എല്ലാവരോടും സൗഹൃദം പങ്കുവച്ച് സംതൃപ്തമായ മരണനിദ്രയെ പുൽകിയ ബഹുമാനപ്പെട്ട ജോസഫ് കൂറ്റാരപ്പിള്ളി അച്ചന്റെ ഓർമ്മകൾക്കു മുന്നിൽ പ്രണാമം.

# ഫാ. മാത്യു മുള്ളൻമട (95)-അനുസ്മരണം

95 വർഷത്തെ ധന്യമായ ജീവിതത്തിനൊടുവിൽ തലശ്ശേരി അതിരൂപതയിലെ എറ്റവും മുതിർന്ന വൈദികൻ ഫാ. മാത്യു മുള്ളൻമട നിത്യതയിലേക്ക് യാത്രയായി. കരുവഞ്ചാൽ ശാന്തിഭവൻ വൈദിക മന്ദിരത്തിൽ വച്ച് 2020 എപ്രിൽ 17-ാം തീയതിയാണ് അദ്ദേഹം നിര്യാതനായത്. ജീവിതംപോലെതന്നെ ശാന്തവും സൗമ്യവും നിശ്ശബ്ദവുമായിരുന്നു അദ്ദേഹത്തിന്റെ മരണവും. ചുണ്ടിൽ എപ്പോഴും ഒളിപ്പിച്ചു വച്ചിരുന്ന ആ പുഞ്ചിരി അവസാന നിമിഷം വരെ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു.



കാഞ്ഞിരപ്പള്ളി ആനിക്കാട് മുള്ളൻമട വർക്കി, റോസ ദമ്പതികളുടെ മകനായി 1925 ഡിസംബർ 26 ന് അദ്ദേഹം ജനിച്ചു. മറിയാമ്മ, പരേതരായ വർക്കി, ത്രേസ്യാമ്മ, ജോസഫ്, ഫിലിപ്പോസ് എിവർ സഹോദരങ്ങളാണ്. കൂരാളി എൻ. എസ്. എസ്. സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയശേഷം മിഷൻ പ്രവർത്തനത്തിൽ ഏർപ്പെടാനുള്ള ആഗ്രഹത്തോടെ പൂന പേപ്പൽ സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. അനാരോഗ്യം മൂലം സെമിനാരി പഠനം പാതി വഴിയിൽ ഉപേക്ഷിച്ച് മടങ്ങിപ്പോരേണ്ടി വന്നു. ദൈവവേലയ്ക്കായി ജീവിതം സമർപ്പിക്കണമെന്ന അടങ്ങാത്ത ആഗ്രഹം ഹൃദയത്തിൽ കനലായി എരിഞ്ഞിരുന്നതുകൊണ്ട് ഏതാനും വർഷങ്ങൾക്കു ശേഷം കോഴിക്കോട് രൂപതയിൽ ചേർന്നു വൈദികനാകാൻ അദ്ദേഹം തീരുമാനിച്ചു. വിജയപുരം രൂപത വക മൈനർ സെമിനാരിയിലാണ് പഠനം ആരംഭിച്ചത്. പൂനമല്ലി തിരുഹൃദയ സെമിനാരിയിൽ വൈദിക പഠനം പൂർത്തിയാക്കി. 1959 ഏപ്രിൽ 4 ന് അന്നത്തെ വിജയപുരം രൂപതാദ്ധ്യക്ഷനായിരുന്ന ബിഷപ് അംബ്രോസ് അബ്സലോം പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

കോഴിക്കോട് രൂപതയിൽ ഏതാനും വർഷം സേവനം ചെയ്തശേഷം പുതുതായി രൂപം കൊണ്ട തലശ്ശേരി രൂപതയിൽ അഭിവന്ദ്യ മാർ സോബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ക്ഷണമനുസരിച്ച് ചേർന്നു. കുളത്തുവയൽ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി അല്പകാലം സേവനം ചെയ്ത ശേഷം നെല്ലിക്കുറ്റി ഇടവകയുടെ ആദ്യ വികാരിയായി നിയമിതനായി. ചുണ്ടപ്പറമ്പും അന്ന് അച്ചൻ നോക്കിക്കൊണ്ടിരുന്ന ഇടവകയാണ്. വെളിമാനം, കച്ചേരിക്കടവ്, ഷീരാടി, നെല്ലിയാടി, പെരു

മ്പടവ്, മാടത്തിൽ, പെരുവണ്ണാമൂഴി, ഓടന്തോട്, കിളിയന്തറ എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. വികാരിയായിരുന്ന സ്ഥലങ്ങളിലെല്ലാം ആത്മീയവും ഭൗതികവുമായ പുരോഗതിക്ക് അദ്ദേഹം ധീരമായ നേതൃത്വം കൊടുത്തു. റോഡുകൾ, പാലങ്ങൾ, സ്ക്കൂളുകൾ, വൈദ്യുതി എന്നിങ്ങനെ വികസനത്തിന്റെ കുതിപ്പുകൾ മലയോരങ്ങൾക്ക് സംഭാവന ചെയ്ത കൃതഹസ്തനായ അജപാലകനായിരുന്നു അദ്ദേഹം.

ബഹുമാനപ്പെട്ട മുള്ളൻമടയച്ചൻ അജഗണങ്ങളുടം ഗന്ധമുള്ള വൈദികനായിരുന്നു. അവരുടെ ചെറുതും വലുതുമായ വേദനകളെയും വ്യാധികളെയും സൗഖ്യപ്പെടുത്താൻ പ്രാർത്ഥനയുടെയും ദൈവദത്തമായ കഴിവുകളുടെയും പിൻബലത്തോടെ അദ്ദേഹം പരിശ്രമിച്ചു. ചെറു മരുന്നുകളും പൊടിക്കൈകളും കൊണ്ട് അനേകം പേർക്ക് സൗഖ്യം നല്കി. കൃഷിയിടങ്ങളിൽ ശല്യം ചെയ്തിരുന്ന വന്യമൃഗങ്ങളും കീടങ്ങളും അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ വിട്ടൊഴിഞ്ഞുപോയി. ദുരാത്മാക്കളുടെ പീഢകളിൽ നിന്ന് വിടുതൽ നേടിക്കൊടുക്കാൻ അച്ചന് സാധിക്കുമെന്ന് അനേകർ വിശ്വസിച്ചിരുന്നു. വിശ്രമ ജീവിതം നയിക്കുമ്പൊഴും അനേകം പേർ അച്ചന്റെ പ്രാർത്ഥനയും ഉപദേശവും തേടിവന്നിരുന്നു.

വലിയ മരിയ ഭക്തനായിരുന്നു മാത്യുവച്ചൻ. പതിനായിരക്കണക്കിനു കൊന്തകളാണ് അദ്ദേഹം വിതരണം ചെയ്തിട്ടുള്ളത്. ജപമാല ഭക്തിക്കു പേരുകേട്ട പരിയാരം എമ്പേറ്റിലുള്ള റൊസേരിയൻ ആശ്രമത്തിൽ ഏതാനും വർഷം അദ്ദേഹം ആശ്രമജീവിതം നയിക്കുകയുണ്ടായി. അതിരൂപതയിൽ ജന്മം കൊണ്ട വിമലാലയം, നസ്രത്ത് സന്യാസിനീ സമൂഹങ്ങളോട് അദ്ദേഹത്തിന് പ്രത്യേക വാത്സല്യം ഉണ്ടായിരുന്നു. സാമ്പത്തികമായ ബുദ്ധിമുട്ടിലൂടെ കടന്നുപോയിരുന്ന നസ്രത്ത് സന്യാസിനീ സമൂഹത്തിന് വലിയ ഉപകാരിയായിരുന്നു അദ്ദേഹം.

വാർദ്ധക്യസഹജമായ ക്ഷീണത്തിനപ്പുറത്ത് കാര്യമായ അസുഖങ്ങളൊന്നും ഇല്ലാതിരുന്ന അദ്ദേഹത്തിന് മരണത്തിനു രണ്ടാഴ്ച മുമ്പ് ഒരു സ്ട്രോക്കുണ്ടാവുകയും തലശ്ശേരി കോ-ഓപ്പറേറ്റ് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അവിടെ വച്ച് അന്ത്യ കൂദാശകൾ സ്വീകരിച്ചു. ഏപ്രിൽ 16-ാം തീയതി കരുവഞ്ചാലിലേക്ക് കൊണ്ടുപോവുകയും സഹവൈദികരോട് നിശ്ശബ്ദമായി യാത്ര പറഞ്ഞ് 2020 ഏപ്രിൽ 17 ന് നിത്യസമ്മാനത്തിനായി യാത്രയാവുകയും ചെയ്തു. ഏപ്രിൽ 18 ന് രാവിലെ 9.30 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വൈദികരുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം നടത്തി. 10 മണിക്ക് മാർ ജോർജ്ജ് വലിയമറ്റം പിതാവ് വി. കുർബ്ബാന അർപ്പിക്കുകയും

അനുശോചന സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃത സംസ്ക്കാര ശുശ്രൂഷയുടെ അവസാന ഭാഗം നടന്നു. കത്തീഡ്രൽ സിമിത്തേരിയിൽ മുൻകാല വൈദികരോടൊപ്പം അദ്ദേഹവും സംസ്ക്കരിക്കപ്പെട്ടു. ലോക്ക്ഡൗൺ നിർദ്ദേശങ്ങൾ അനുസരിച്ച് മൃതസംസ്ക്കാര ശുശ്രൂഷയിൽ പത്തുപേർ മാത്രമേ പങ്കെടുത്തുള്ളു. മൃതസംസ്ക്കാര ശുശ്രൂഷയുടെ തൽസമയ സംപ്രേഷണം നിരവധിയാളുകൾ വീടുകളിലിരുന്ന് വീക്ഷിച്ചു.

പ്രാർത്ഥനയെ ആയുധമാക്കി പരിശുദ്ധ അമ്മയോട് ചേർന്ന് നിന്ന് തിന്മയുടെ ശക്തികൾക്കെതിരെ പോരാടി ദൈവരാജ്യം സ്ഥാപിക്കാൻ ക്രിസ്തുവിന്റെ ഉത്തമ പടയാളിയായി ജീവിച്ച് കടന്നുപോയ നല്ല വൈദികനായിരുന്നു ഫാ. മാത്യു മുള്ളൻമട. അദ്ദേഹത്തിന്റെ ദീപ്തസ്മരണകൾക്കുമുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**


**മദർഹോമിൽനിന്നുള്ള ഓൺലൈൻ പ്രോഗ്രാം**

**മദർഹോം ധ്യാനകേന്ദ്രത്തിന്റെ വചനാഗ്നി ടെലിവിഷനിൽ ദിവസേനയുള്ള ഓൺലൈൻ ശുശ്രൂഷകൾ**

തിങ്കൾ മുതൽ ശനിവരെ രാവിലെ 6.30ന് വി. കുർബ്ബാന
രാത്രി 7 മണിമുതൽ 7.30 വരെ ദിവ്യകാരുണ്യ ആരാധന
ഞായറാഴ്ചകളിൽ രാവിലെ 6.30നും 9 മണിക്കും രാത്രി 7 മണിക്കും വി. കുർബ്ബാന

ഈ ശുശ്രൂഷ ലഭിക്കുന്നതിനായി വചനാഗ്നി ടെലിവിഷൻ സബ്സ്ക്രൈബ് ചെയ്ത് ബെൽ ഐക്കൺ പ്രസ് ചെയ്യുക അല്ലെങ്കിൽ മദർഹോം പരിയാരം എന്ന ഫേസ് ബുക്ക് പേജ് ഫോളോ ചെയ്യുക.

LIVE facebook https://www.facebook.com//
Mother Home Pariyaram: 373962379786566
youtubehttps://bit.ly/2vBfmEZ. **Vachanagni Television**

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. വിശ്വാസപരിശീലന പ്രവർത്തനവർഷം 2020-2021

2020-2021 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ മെയ് 31 ഞായറാഴ്ച ആരംഭിക്കണമെന്നാണ് ആഗ്രഹിച്ചിരുന്നത്. കോവിഡ്19-ന്റെ പശ്ചാത്തലത്തിൽ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ എന്നു തുടങ്ങുവാൻ സാധിക്കുമെന്ന് ഇപ്പോൾ പറയുവാൻ സാധിക്കുകയില്ലല്ലോ. ജൂൺ മാസത്തിൽ തുടങ്ങുവാൻ സാധിച്ചാൽ വാർഷിക പരീക്ഷ നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പുവഴി പ്രധാനാധ്യാപകരെ അറിയിക്കുന്നതായിരിക്കും.

## 2. പാഠപുസ്തക വിതരണം

കോവിഡ് 19 - ന്റെ പശ്ചാത്തലത്തിൽ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും പ്രിന്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. പാഠപുസ്തകങ്ങളുടെ വിലയും വിതരണസംബന്ധമായ വിവരങ്ങളും പിന്നീട് അറിയിക്കുന്നതാണ്.

## 3. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ്-ജൂൺ 12-13 (വെള്ളി, ശനി)

2020-2021 പ്രവർത്തനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സന്ദേശഭവനിൽവച്ച് ജൂൺ 12 വെള്ളിയാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 13 ശനിയാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നതാണ് (**സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ മാത്രമായിരിക്കും കോൺഫറൻസ് നടത്തുക**).

## 4. വചനദീപ്തി മത്സരങ്ങൾ-കുട്ടികൾക്ക്

ഏപ്രിൽ 1 മുതൽ 30 വരെ അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രവും ചെറുപുഷ്പ മിഷൻലീഗും തിരുബാലസഖ്യവും സംയുക്തമായി നടത്തിയ വചനദീപ്തി വിശ്വാസപരിശീലന പ്രോഗ്രാമിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരെയും നന്ദിപൂർവ്വം ഓർക്കുന്നു. കുട്ടികൾക്കും യുവജനങ്ങൾക്കും മാതാപിതാക്കൾക്കും പ്രചോദനമായിതീർന്നു മത്സരങ്ങൾ എന്ന് അവരുടെ വിലയിരുത്തലുകളിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചു. നിർദ്ദേശങ്ങൾ നല്കിയ അഭിവന്ദ്യപിതാക്കന്മാർക്കും ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും വിശ്വാസപരിശീലകർക്കും ചെറുപുഷ്പമിഷൻലീഗ്-തിരുബാലസഖ്യം ഭാരവാഹികൾക്കും ഹൃദയംഗമമായ നന്ദി. അതോടൊപ്പം ഹൃദയത്തോട്

ചേർത്ത് വചനദീപ്തിയെ സ്വീകരിച്ച മാതാപിതാക്കൾക്കും കുട്ടികൾക്കും നന്ദി. സ്കൂൾ തുറക്കുന്നതുവരെ എല്ലാ ഞായറാഴ്ചയും വചനദീപ്തി വിശ്വാസ പരിശീലനം തുടരുന്നതായിരിക്കും.

## 5. വചനദീപ്തി ഓൺലൈൻ പരിശീലനം-വിശ്വാസപരിശീലനം

വിശ്വാസപരിശീലകർക്കായുള്ള വചനദീപ്തി ഓൺലൈൻ പരിശീലനപദ്ധതി വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. 1800 ഓളം വിശ്വാസപരിശീലകർ ഈ പരിശീലന പദ്ധതിയിൽ പങ്കെടുക്കുന്നുണ്ട്. അവധിക്കാലം അറിവ് സമ്പാദിക്കാനുള്ള അവസരമാക്കാൻ പരിശ്രമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദിയും അനുമോദനങ്ങളും.

## 6. ആമുഖ സെമിനാർ ജൂലൈ 10-13

വിശ്വാസപരിശീലകർക്കായി ജൂൺ 10 മുതൽ 13 വരെയുള്ള തീയതികളിൽ ആമുഖ സെമിനാർ സന്ദേശഭവനിൽവച്ച് സംഘടിപ്പി ക്കുന്നു. സെമിനാർ 10-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 13-ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഫീസ് 1000 രൂപയായിരിക്കും. സെമിനാറിൽ പങ്കെടുക്കുന്നവ രുടെ എണ്ണം ജൂൺ 30ന് മുമ്പായി ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ 60-ൽ കുറവാണെങ്കിൽ സെമിനാർ നടത്തുന്നല്ല.

## 7. സഭാവിജ്ഞാനീയ ക്വിസ്സ്

'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ നടത്തുന്നതായിരിക്കും.

## 8. അതിരൂപതാ സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം ജൂലൈ മാസത്തിലായിരിക്കും നടത്തുക. തീയതി പിന്നീട് അറിയിക്കുന്നതാണ്.

## 9. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

### സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 75% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4.

ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം.

അപേക്ഷകൾ മെയ് 20-നകം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ E-mail ലേക്ക് അയയ്ക്കേണ്ടതാണ്.

**E-mail ID: catechesistly@gmail.com**

## 10. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** മെയ് 20-നകം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ E-mail-ലേക്ക് അയയ്ക്കേണ്ടതാണ്

E-mail ID: catechesistly@gmail.com

## 11. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേസ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 20-നകം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ E-mail-ലേക്ക് അയയ്ക്കേണ്ടതാണ്

E-mail ID: catechesistly@gmail.com

## 12. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 20-നകം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ E-mail-ലേക്ക് അയയ്ക്കേണ്ടതാണ്

E-mail ID: catechesistly @gmail.com

## 13. ഏറ്റവും നല്ല വിശ്വാസപരിശീലകനുള്ള സുവർണ്ണജൂബിലി മെമ്മോറിയൽ അവാർഡ്

സംസ്ഥാനത്തെ ഏറ്റവും നല്ല വിശ്വാസപരിശീലകനുവേണ്ടി 2000-ൽ A.K.C.C. ഏർപ്പെടുത്തിയ M.O. ജോൺ ഓലിക്കൽ മെമ്മോറിയൽ അവാർഡ് ആദ്യമായി കരസ്ഥമാക്കുകയും രണ്ടായിരത്തിരണ്ടിൽ മതാധ്യാപകനായതിന്റെ

സുവർണ്ണജൂബിലി ആഘോഷിക്കുകയും ചെയ്ത **ശ്രീ. അഗസ്റ്റിൻ ഇല്ലിക്കൽ** ഓരോ വർഷവും അതിരൂപതയിലെ ഏറ്റവും നല്ല ഒരു വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുത്ത് ആദരിക്കാൻ വേണ്ടി ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തിയിരിക്കുന്നു (വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കായി മാർച്ച് മാസത്തെ ഗിരിദീപം കാണുക). ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 20-നകം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ E-mail-ലേക്ക് അയയ്ക്കേണ്ടതാണ്

E-mail ID: catechesistly@gmail.com

**14. രജതജൂബിലി ആഘോഷിക്കുന്ന വിശ്വാസപരിശീലകർക്കുള്ള അവാർഡ്**

2018 ഡിസംബർ 20-ന് പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ ജൂബിലി ആഘോഷിച്ച റവ. ഡോ. ജോസ് ജേക്കബ് നെടുംതകിടി സുവർണ്ണജൂബിലിയുടെ ഓർമ്മ നിലനിർത്താൻവേണ്ടി അതിരൂപതയിൽ വിശ്വാസപരിശീലന മേഖലയിൽ 25 വർഷങ്ങൾ പൂർത്തിയാക്കിയ ഏറ്റവും നല്ല വിശ്വാസപരിശീലകന്/വിശ്വാസപരിശീലകയ്ക്ക് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നു (വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കായി മാർച്ച് മാസത്തെ ഗിരിദീപം കാണുക). ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ മെയ് 20-നകം വിശ്വാസപരിശീലന കേന്ദ്രത്തിന്റെ E-mail-ലേക്ക് അയയ്ക്കേണ്ടതാണ്

E-mail ID: catechesistly@gmail.com

**15. Power Point Presentation മത്സരം**

വിശ്വാസപരിശീലന ക്ലാസുകൾ കാലഘട്ടത്തിനനുസരിച്ച് മാധ്യമ സഹായത്തോടെ കൂടുതൽ ആകർഷകവും സജീവവുമാക്കുന്നതിനുവേണ്ടി 'Power Point Presentation' മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ അവസരം പ്രയോജനപ്പെടുത്തി എല്ലാ ക്ലാസുകളുടെയും Power Point നിർമ്മിക്കുവാനും അതുവഴി ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാനും ശ്രദ്ധിക്കുമല്ലോ. **ഒരു ക്ലാസിലെ മുഴുവൻ പാഠങ്ങളുടെയും Power Point തയ്യാറാക്കിയവർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.** തയ്യാറാക്കിയ Power Point ഹെഡ്മാസ്റ്റർ മെയ് 20-നകം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ E-mail-ലേക്ക് അയയ്ക്കേണ്ടതാണ്.

E-mail ID: catechesistly@gmail.com

## 16. വിവിധ കുടിശികകൾ

2019-2020 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ എത്രയും പെട്ടെന്ന് അടച്ച് സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 17. ദിയാക്കോണിയ

കർഷക വർഷത്തോടനുബന്ധിച്ച് മെയ് മാസത്തിൽ ഇതരസംഘടനകളോട് കൂടിച്ചേർന്ന് ചെയ്യേണ്ട പ്രവർത്തനങ്ങൾ.

a) കരുതൽ: വിത്തുകൾ ഭവനങ്ങളിൽനിന്നും കൃഷിഭവനുകളിൽനിന്നും ശേഖരിക്കുന്നു.
b) കരം നിറച്ച്: വിത്തുകൾ കുട്ടികളുടെ ഭവനങ്ങളിൽ എത്തിക്കുന്നു.
c) ഗ്രീൻ ഇൻഡോർ ഗാർഡൻ: എല്ലാ ഭവനങ്ങളിലും മൈക്രോ ഗ്രീൻ കൃഷിരീതി ഉപയോഗിച്ച് പയർ വർഗ്ഗങ്ങൾ കടല, ചെറുപയർ തുടങ്ങിയവ മുളപ്പിക്കുന്നു.

## 18. ഗ്രീൻ ഇൻഡോർ ഗാർഡൻ മത്സരം

അതിരൂപതയിലെ വിശ്വാസപരിശീലകർക്കും കുട്ടികൾക്കുമായി വിശ്വാസപരിശീലനകേന്ദ്രവും ചെറുപുഷ്പമിൻലീഗും സംയുക്തമായി ഗ്രീൻ ഇൻഡോർ ഗാർഡൻ മത്സരം സംഘടിപ്പിക്കുന്നു. ഏറ്റവും മികച്ച മൈക്രോ ഗ്രീൻ കൃഷിക്ക് (ഗ്രീൻ ഇൻഡോർ ഗാർഡൻ) സമ്മാനം നല്കുന്നു. മൈക്രോ ഗ്രീൻ കൃഷിരീതി ഉപയോഗിച്ച് കൃഷി ചെയ്തത് വിഡിയോ ആയി അയയ്ക്കണം. ചുരുങ്ങിയത് 5 ഇനം വിത്തുകളെങ്കിലും കൃഷി ചെയ്തിരിക്കണം. ഒരു മിനിറ്റുള്ള വിഡിയോ ആണ് അയയ്ക്കേണ്ടത്. വിഡിയോയിൽ അയയ്ക്കുന്ന ആളുടെ മുഖവും വീടിന്റെ മുൻഭാഗവും കാണിച്ചിരിക്കണം.

a) അയയ്ക്കേണ്ട നമ്പർ: 9447 952 958, 9496 900 845
b) അയയ്ക്കേണ്ട ദിവസം: മെയ് 25

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത
## FAMILY RENEWAL UNITS IN THALASSERY (FRUITS)

### കുടുംബകൂട്ടായ്മ ഓഫീസിൽനിന്ന് ആശംസകൾ

നമ്മുടെ ജീവിതകാലഘട്ടത്തിൽ കേട്ടറിവ് പോലുമില്ലാത്ത അനുഭവത്തിലൂടെ കടന്ന് പോകുന്ന ദിനങ്ങളാണിത്. കൊറോണ വൈറസിനാൽ ലോകം മുഴുവൻ രോഗബാധിതമായപ്പോൾ അതു നമ്മുടെ ജീവിതത്തിന്റെ താളലയങ്ങൾ മുഴുവൻ മാറ്റിമറിച്ചു. വീടുകളിലേക്ക് പൂട്ടിയിടപ്പെട്ട ദിനങ്ങൾ നമ്മെ വ്യത്യസ്തമായ പാഠങ്ങൾ പഠിപ്പിച്ചു. ഇങ്ങനെയൊക്കെ ഇരിക്കാനാവുമോ എന്ന് അത്ഭുതത്തോടെ നാം പരസ്പരം ചോദിച്ച് പോവുകയാണ്. പുതിയ ബോധ്യങ്ങളും ജീവിതശൈലികളും ലോകവീക്ഷണങ്ങളും നമ്മളിൽ രൂപപ്പെട്ടിരിക്കുന്നു. ആർത്തലച്ച് മഴ പെയ്യുന്ന പെരുമഴക്കാലം പോലെയായിരുന്ന ജീവിതത്തിന്റെ അനുഭവങ്ങൾ. കുത്തിയൊലിച്ചും ഉരുൾപൊട്ടിയും തോടും പുഴയും നിറഞ്ഞ് ഒഴുകുന്ന മഴവെള്ളം ദ്രുതവേഗത്തിൽ കടലിൽചെന്ന് ചേരും. എന്നാൽ കൊടുങ്കാറ്റില്ലാത്ത സംഹാരമില്ലാതെ നിന്ന് പെയ്യുന്ന മഴ ഭൂമിയിൽ ഊർന്നിറങ്ങും. അവ കുളത്തിലും കിണറ്റിലും ഉറവയായും വൃക്ഷങ്ങൾക്ക് ജലസ്രോതസായും ഭൂഗർഭ ജലസംഭരണിയായും മാറുകയാണ്. ആഘോഷങ്ങളും അലങ്കാരങ്ങളും ഉച്ചസ്ഥായികളും ചേരുന്ന ഉണർവ്വുകളുള്ള പെരുമഴക്കാലം പോലെയായിരുന്നു ആത്മീയതയുടെ കഴിഞ്ഞ വർഷങ്ങൾ. ഒന്നിനെയും സ്പർശിക്കാതെ അവ കടന്ന് പോയി. എന്നാൽ ഈ ചാറ്റൽ മഴക്കാലം വ്യക്തിപരമായ പ്രാർത്ഥനയിലും വചനപാരായണത്തിലും, വിശ്വാസ ബോധ്യങ്ങളിലും നമ്മെ ആഴപ്പെടുത്തുകയാണ്. കൊടുങ്കാറ്റിലും കർത്താവില്ലായിരുന്നു; ഭൂകമ്പത്തിലും കർത്താവില്ലായിരുന്നു; അഗ്നിയിലും കർത്താവില്ലായിരുന്നു; അഗ്നി അടങ്ങിയപ്പോൾ കേട്ട മൃദുസ്വരത്തിൽ കർത്താവ് കടന്ന് വന്നു "(1 രാജാ 19:11–14). സൈന്യങ്ങളുടെ കർത്താവിനെപ്രതി തീക്ഷ്ണതയാൽ ജ്വലിക്കുന്ന കാലമാണ് നാം കാത്തിരിക്കുന്നത്.

### വെജിറ്റബിൾ ഗാർഡൻ ചലഞ്ച്

കർണ്ണാടക അതിർത്തി അടച്ചപ്പോൾ, തമിഴ്നാട്ടിൽ നിന്ന് ലോറികൾ വരാതായപ്പോൾ നാം ഓർത്തത് ഭക്ഷ്യസുരക്ഷയെക്കുറിച്ച് നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരുടെ ആഹ്വാനമാണ്. നമുക്ക് ആവശ്യമായവ നമുക്കു തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയില്ലേ എന്ന ചോദ്യം അനേകരെ ഉണർത്തി. മിക്കവാറും എല്ലാ വ്യക്തികളും കൃഷിപ്പണിയെക്കുറിച്ച്, പ്രത്യേകമായി പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനെക്കുറിച്ച് താല്പര്യപൂർവ്വം ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തുടങ്ങി. ഇത്തരം സംരംഭത്തെ പ്രോത്സാഹിപ്പിക്കുവാൻ കത്തോലിക്ക കോൺഗ്രസ്സും കുടുംബകൂട്ടായ്മയും സംയുക്തമായി

വെജിറ്റബിൾ ഗാർഡൻ ചലഞ്ച് എന്ന പേരിൽ കൃഷിത്തോട്ടമത്സരം സംഘടിപ്പിക്കുകയാണ്. മാർച്ച് 22-ന് ജനതാ കർഫ്യൂവിന് ശേഷമുള്ള മൂന്ന് മാസത്തിനുള്ളിൽ കൃഷിചെയ്യുന്ന പച്ചക്കറിതോട്ടത്തിനാണ് സമ്മാനം നല്കുന്നത്. കുടുംബകൂട്ടായ്മയിൽ ഒരു കുടുംബത്തിനും ഇടവകയിൽലുള്ള മൂന്ന് കുടുംബങ്ങൾക്കും ഓരോ ഫൊറോനയിൽ മൂന്ന് കുടുംബങ്ങൾക്കു വീതവും അതിരൂപതയിൽ മികച്ച മൂന്ന് കുടുംബത്തിനും ആകർഷകമായ സമ്മാനം നല്കുന്നതാണ്.

**കുടുംബകൂട്ടായ്മ**: ഒരു സമ്മാനം-1000 രൂപ (കൂട്ടായ്മയിൽ നിന്ന് നല്കുന്നതാണ്)

**ഇടവകതലം** (: കുടുംബകൂട്ടായ്മകളിൽ നിന്ന് നിർദ്ദേശിക്കപ്പെടുന്നവയിൽനിന്ന് മികച്ച മൂന്ന് എണ്ണം തിരഞ്ഞെടുക്കുന്നു.)

ഒന്നാം സമ്മാനം - 3000 രൂപയും ട്രോഫിയും
രണ്ടാം സമ്മാനം - 2000 രൂപയും ട്രോഫിയും
മൂന്നാം സമ്മാനം - 1000 രൂപയും ട്രോഫിയും കുടുംബകൂട്ടായ്മയും ഇടവക അജപാലനസമിതിയും ഈ സമ്മാനം നല്കുന്നതാണ്.

**ഫൊറോനതലം:** ഇടവകകളിൽനിന്ന് നിർദ്ദേശിക്കപ്പെടുന്ന രണ്ട് തോട്ടങ്ങളിൽ നിന്ന് ഏറ്റവും മികച്ച മൂന്നെണ്ണം ഫൊറോനതലത്തിൽ നിശ്ചയിക്കുന്നതാണ്. കത്തോലിക്ക കോൺഗ്രസ് ഫൊറോന സമിതി സമ്മാനങ്ങൾ നല്കുന്നതാണ്.
ഒന്നാം സമ്മാനം 5000 രൂപയും ട്രോഫിയും
രണ്ടാം സമ്മാനം 3000 രൂപയും ട്രോഫിയും
മൂന്നാം സമ്മാനം 2000 രൂപയും ട്രോഫിയും

**അതിരൂപതതലം:** ഫൊറോനകളിൽ നിന്ന് നിർദ്ദേശിക്കപ്പെടുന്ന രണ്ട് മാതൃക തോട്ടങ്ങൾ വെച്ച് അതിരൂപതാതലത്തിൽ സന്ദർശിച്ച് സമ്മാനം നിശ്ചയിക്കുന്നതാണ്. അതിരൂപത കുടുംബകൂട്ടായ്മ സമ്മാനം നല്കുന്നതാണ്.
ഒന്നാം സമ്മാനം 10000 രൂപയും ട്രോഫിയും
രണ്ടാം സമ്മാനം 5000 രൂപയും ട്രോഫിയും
മൂന്നാം സമ്മാനം 2000 രൂപയും ട്രോഫിയും

**സംസ്ഥാനതലം:** അതിരൂപതാ തലത്തിൽ ഏറ്റവും മികച്ച മൂന്ന് കൃഷിയിടങ്ങൾ സംസ്ഥാനതല മത്സരത്തിനായ് നിർദ്ദേശിക്കപ്പെടുന്നതാണ്.
ഒന്നാം സമ്മാനം 50000 രൂപയും ട്രോഫിയും
രണ്ടാം സമ്മാനം 25000 രൂപയും ട്രോഫിയും
മൂന്നാം സമ്മാനം 10000 രൂപയും ട്രോഫിയും

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി സമ്മാനം നല്കും.

**നിബന്ധനകൾ**

1. പറമ്പിലോ ടെറസ്സിലോ കൃഷിചെയ്യാം.
2. അഞ്ചിനം പച്ചക്കറികൾ എങ്കിലും കൃഷി ചെയ്യണം.
3. ഉൽപാദന മികവും സമൃദ്ധിയും വൈവിധ്യവും കൃഷി രീതികളിലെ നൂതനത്വവും പ്രത്യേകം പരിഗണിക്കുന്നതാണ്.
4. മാർച്ച് 22 ന് ശേഷമുള്ള മൂന്നുമാസത്തെ കൃഷിപണിയാണ് പരിഗണിക്കുന്നത്.
5. ജൂലൈ മാസത്തിലാണ് സമ്മാനങ്ങൾ നിശ്ചയിക്കുന്നത്.
6. അതിരൂപതയിലെ വ്യക്തികൾക്കും കുടുംബങ്ങൾക്കും ഈ ചലഞ്ചിൽ പങ്കുചേരാം.
7. പള്ളികളും കോൺവെന്റുകളും പ്രത്യേക ഗണമായി തിരിച്ച് സമ്മാനം നല്കുന്നതാണ്.
8. കൂട്ടായ്മയിൽ ചെയ്യുന്ന ജോലികൾ പ്രത്യേകം പരിഗണിക്കുന്നതാണ് (ഫോട്ടോകൾ സൂക്ഷിക്കുക)
9. കൃഷിഭവനിൽ നിന്നും സർക്കാർ-അർദ്ധസർക്കാർ സംവിധാനങ്ങളിൽനിന്നും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽനിന്നും വിത്തും വളങ്ങളും സാങ്കേതികജ്ഞാനവും നേടിയെടുക്കാവുന്നതാണ്.
10. അതിരൂപത ജഡ്ജിങ് കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

ഓരോ കുടുംബകൂട്ടായ്മയും തങ്ങളുടെ കൂട്ടായ്മയിലെ മുഴുവൻ ഭവനങ്ങളെയും പ്രോത്സാഹിപ്പിക്കുകയും പരസ്പരം സഹകരിക്കുകയും വേണം. ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്കുള്ള ഈ കാൽവെൽപ്പ് വലിയ മാറ്റത്തിന്റെ തുടക്കമാണ്. എല്ലാവരും സഹകരിക്കുമല്ലോ.

## സാമ്പത്തിക ഞെരുക്കത്തിൽ സഹായിക്കുക

വളരെയധികം സാമ്പത്തികപ്രതിസന്ധിയിലൂടെ കടന്നുപോകേണ്ടിവരുന്ന ദിനങ്ങളാണ് നമ്മെ കാത്തിരിക്കുന്നത്. അതിനാൽ ഓരോരുത്തരും മറ്റുള്ളവരുടെ കാര്യങ്ങൾകൂടി താല്പര്യപൂർവ്വം ശ്രദ്ധിക്കണം. സാമ്പത്തികമായി വിഷമിപ്പിക്കുന്ന ദരിദ്രരെയും ഇടത്തരക്കാരെയും സഹായിക്കുവാൻ സാമ്പത്തിക സുസ്ഥിതിയുള്ളവർ ഹൃദയപൂർവ്വം തയ്യാറാകണം. ജോലിയും ശമ്പളവും ഉള്ളവരാണ് സാമ്പത്തിക സുരക്ഷയുള്ളവർ. ഇത്തരക്കാർ സമൂഹത്തിൽ വിഷമിക്കുന്ന കുടുംബങ്ങളെ പ്രത്യേകം കണ്ടെത്തി സഹായിക്കണം. മിക്കവരുടെയും കൈയിൽ പണമില്ലാത്ത അവസ്ഥ ആയി കഴിഞ്ഞിരിക്കുന്നു. സ്വാർത്ഥതയുടെ മൂടുപടത്തിൽ നിന്നു പുറത്തുവന്ന് സാമ്പത്തിക ഞെരുക്കത്തിൽപ്പെട്ടവരെ സഹായിക്കുവാൻ നമ്മുടെ സമ്പത്ത് മാറ്റി വെയ്ക്കുന്ന ക്രൈസ്തവ സാക്ഷ്യത്തിന്റെ ജീവിതം നയിക്കുവാൻ എല്ലാവരും തയ്യാറാകണം.

## II. പ്രവാസികളെ സ്വീകരിക്കണം

അധികം വൈകാതെ ഗൾഫിലും മറ്റ് വിദേശരാജ്യങ്ങളിലും ജോലിക്ക്

പോയിരുന്ന സഹോദരന്മാർ ജോലി നഷ്ടപ്പെട്ട് തിരിച്ച് വരുന്ന അവസ്ഥ ഉണ്ടാകും. അവരെ സ്വീകരിക്കാൻ നാം മനസ്സും ജീവിതസാഹചര്യങ്ങളും തുറക്കണം. ഒരു കാലത്ത് കുടുംബത്തിനും നാടിനും വേണ്ടി അധ്വാനിച്ചവർ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ തിരിച്ചെത്തുമ്പോൾ അവരെ ചേർത്ത് പിടിക്കുവാൻ സമൂഹം തയ്യാറാകണം.

## IV. കത്തോലിക്ക വിശ്വാസം കൂട്ടായ്മയാണ്

മാധ്യമങ്ങളിലൂടെ അനുഭവിക്കുന്ന ഓൺലൈൻ ആധ്യാത്മികതയല്ല കത്തോലിക്കാവിശ്വാസം. ഒന്നിച്ച് ചേരുകയും വിശ്വാസം പങ്കുവയ്ക്കുകയും പരസ്പരം സഹായിക്കുകയും ചെയ്യുന്ന കൂട്ടായ്മയാണ് സഭ. ഈ പ്രത്യേക സാഹചര്യത്തിൽ അത് സാധ്യമല്ലാതെ വന്നെങ്കിലും ദൈവാലയത്തിലും ഭവനങ്ങളിലും ഒന്നിച്ചുചേരുവാനും ദൈവത്തെ ഒന്നിച്ച് ആരാധിക്കുവാനും പരസ്പരകൂട്ടായ്മകൾ ശക്തിപ്പെടുത്തുവാനും നാം ആഗ്രഹിക്കണം. അതിനു വേണ്ടി താല്പര്യപൂർവ്വം കാത്തിരിക്കണം. രോഗപ്രതിസന്ധിമാറി നമ്മൾ ഓരോരുത്തരും നമ്മുടെ നാടും സമാധാനത്തിലും സൗഖ്യത്തിലും നിലനിൽക്കുവാൻ ഇടയാകട്ടെ.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് ക്വിസ്-2020 പഠന സഹായി

ഈ വർഷത്തേക്കായി ലോഗോസ് ക്വിസ്-2020 പഠന സഹായി ബൈബിൾ അപ്പസ്റ്റോലെറ്റ് പുറത്തിറക്കുന്നു. ക്വിസിനു വരുന്ന വി. ഗ്രന്ഥഭാഗങ്ങളിൽ നിന്നുള്ള മൂവായിരത്തോളം ചോദ്യങ്ങളും മാതൃകാ ചോദ്യങ്ങളുമായി പ്രസാധനം ചെയ്യുന്ന പഠന സഹായി പരീക്ഷാർത്ഥികൾക്ക് ഏറ്റം ഉപകാരപ്രദമായിരിക്കും. 70 രൂപയാണ് പുസ്തകത്തിന്റെ വില. മുൻകൂട്ടി ഓർഡർ ചെയ്യുന്നവർക്ക് 50 രൂപ നിരക്കിൽ ലഭ്യമാക്കുന്നതാണ്. ബഹു. വികാരിയച്ചൻമാർ ഇടവകകളിൽ നിന്ന് ഓർഡറുകൾ സ്വീകരിച്ച് ബൈബിൾ അപ്പസ്റ്റൊലേറ്റിൽ ഏൽപ്പിക്കുമല്ലോ. ബഹു. വികാരിമാരുടെയും ഇടവകാജനത്തിന്റെയും സഹകരണം പ്രതീക്ഷിക്കുന്നു.

## 2. മാതൃപാദങ്ങളിൽ

അതിരൂപതാ ബൈബിൾ അപ്പസ്റ്റൊലേറ്റ് സമർപ്പിക്കുന്ന 31 മെയ് മാസദിനങ്ങൾ... അമ്മയെ അറിയാൻ, അമ്മയിൽ വളരാൻ, അമ്മയോടൊപ്പം ഈശോയുടേതാകാൻ... ഓരോ ദിവസവും പ്രാർത്ഥനാ നിർഭരമായ മരിയവിചിന്തനങ്ങൾ.... വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ ലഭിക്കുന്നതായിരിക്കും.

## 3. റെസിഡൻഷ്യൽ ക്ലാസ്സ്

കഴിഞ്ഞ തവണ അറിയിച്ചിരുന്ന മെയ് മാസത്തെ റെസിഡൻഷ്യൽ ക്ലാസ്സുകൾ കോവിഡ്-19 മായി ബന്ധപ്പെട്ടിട്ടുള്ള ലോക്ഡൗൺ കാരണം ഉണ്ടായിരിക്കുന്നതല്ല എന്നറിയിക്കുന്നു. വിശദവിവരങ്ങൾ അടുത്ത ഗിരിദീപത്തിൽ അറിയിക്കുന്നതായിരിക്കും.

## 4. സെമസ്റ്റർ എക്സാം

ഇപ്പോഴത്തെ സെമസ്റ്ററിന്റെ പരീക്ഷകൾ ഓൺലൈൻ പരീക്ഷകളായി നടത്താൻ സൗകര്യമുണ്ടായിരിക്കും. താത്പര്യമുള്ളവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

## 5. പുതിയ അധ്യയന വർഷം

പുതിയ അധ്യയന വർഷത്തെ, അതായത് ജൂൺ മുതൽ തുടങ്ങുന്ന സെമസ്റ്ററിന്റെ ക്ലാസ്സുകളുടെയും പരീക്ഷകളുടെയും വിശദവിവരങ്ങൾ അടുത്ത ലക്കം ഗിരിദീപത്തിൽ അറിയിക്കുന്നതായിരിക്കും.

**6. തീസിസ് സമർപ്പണം** : ഈ വർഷം BTh, MTh, IMA തീസിസുകൾ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 15 ആക്കി നീട്ടിയിരിക്കുന്നു.

**7. കോൺവൊക്കേഷൻ സെറിമണി** : ഈ വർഷത്തെ കോൺവൊക്കേഷൻ സെറിമണി നവംബർ 28-നായിരിക്കും എന്നറിയിക്കുന്നു.

**ഫാ. കുര്യാക്കോസ് കാരക്കാട്ട്**
അസി. ഡയറക്ടർ

**ഫാ. ഫിലിപ്പ് കവിയിൽ**
എക്സി. ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

മാനവസമൂഹം മുഴുവൻ ഭീതിയുടെയും, ആശങ്കകളുടെയും നടുവിൽ കഴിയുമ്പോൾ നമ്മുടെ പ്രാർത്ഥനകളും, പരിത്യാഗങ്ങളും, ക്രിയാത്മകമായ പ്രവർത്തനങ്ങളും വഴി ലോകത്തെമുഴുവൻ സൗഖ്യത്തിന്റെയും രക്ഷയുടെയും അനുഭവത്തിലേക്ക് ആനയിക്കാം. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ മിഷനറിമാരുടെ ജ്വലിക്കുന്ന പ്രേഷിത തീക്ഷ്ണതയും, അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു എന്നു പറയുന്നതിൽ സംശയമില്ല. “ചെറുപുഷ്പ മിഷൻലീഗ് ദൈവവിളിയുടെ വിത്ത് വിതയ്ക്കാനും വിളവെടുക്കാനും” എന്ന 2019 – 20 വർഷത്തെ ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് കർമ്മവീഥികളിൽ കർമ്മധീരതയോടെ പ്രവർത്തിച്ച എല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും .....

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വി.യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഡൊമിനിക് സാവിയോ |
| പ്രാർത്ഥനാനിയോഗം | : മാതൃരാജ്യത്തിനും ഭരണാധികാരികൾക്കും |
| വചനഭേരി | : ലോഗോസ് 2020 സുവിശേഷഭാഗം മനഃപാഠമാക്കുക |
| സുകൃതം | : 72 സ്വർഗ്ഗ,72 നന്മ, 72 ത്രിത്വ ചൊല്ലുന്നു. |
| ദിയാക്കോണിയ | : വിത്തുകളുടെ വിതരണം, മൈക്രോഗ്രീൻ തൈകളുടെ ഉത്പാദനം |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

01 വെള്ളി : തൊഴിലാളിദിനം

06 ബുധൻ : വി. ഡൊമിനിക് സാവിയോ

21 വ്യാഴം : തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 5–ാം ചരമവാർഷികം.

31 ഞായർ : പന്തക്കുസ്താ തിരുനാൾ, ശാഖാ റിപ്പോർട്ടുകൾ മേഖലകളിൽ എത്തിക്കേണ്ട അവസാനദിവസം.

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, എയ്ഞ്ചൽസ് മീറ്റ്, ക്യാമ്പ് – സെമിനാർ, ശാഖാ – വാർഷിക റിപ്പോർട്ടുകൾ മേഖലയിൽ ശേഖരിക്കുന്നു.

## 3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2019 – 20 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കുകയും, ശാഖാ – മേഖലാ വാർഷിക റിപ്പോർട്ട് മെയ് 31 ന് മേഖലാ ഡയറക്ടർ അച്ചനെ ഏൽപ്പിക്കുകയും ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു. വാർഷിക റിപ്പോർട്ട് ഫോം കിട്ടാത്തവർക്ക് രൂപത സി എം എൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അല്ലെങ്കിൽ മേഖലാ ഭാരവാഹികളോട് മേടിക്കാവുന്നതാണ്.

## 4. ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2020 – 2021 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഈ വർഷം വിശ്വാസപരിശീലനം ആരംഭിക്കുന്ന ഞായറാഴ്ച തന്നെ നടത്തി പേര് ഓഫീസിൽ അറിയിക്കുമല്ലോ. സീനിയർ ഭാരവാഹികൾ 5 പേരെയും ജൂണിയർ ഭാരവാഹികൾ 4 പേരെയുമാണ് തിരഞ്ഞെടുക്കേണ്ടത്.

## 5. വചനഭേരി മെഗാക്വിസ്സ്

മത്സരം നടത്തുന്ന തീയതിയും സമയവും ദിവസവും പിന്നീട് അറിയിക്കുന്നതാണ്. നിബന്ധനകളും പഠനഭാഗവും താഴെക്കൊടുത്തിരിക്കുന്നു.

**നിബന്ധനകൾ**

1) പ്രായപരിധി – 01.01.02 നും 31. 12. 07 നും ഇടയിൽ ജനിച്ചവർ
2) അംഗത്വകാർഡ് നിർബന്ധമാണ്
3) മേഖലകളിൽ നിന്ന് ഒരാൾ ആണ് പങ്കെടുക്കേണ്ടത് (Boy or Girl)
5) വിവിധ തരത്തിലുള്ള റൗണ്ടുകളിലൂടെ മത്സരം നടത്തി വിജയികളെ കണ്ടെത്തുന്നു.
6) ഒന്നാം സമ്മാനം 1501 രൂപ, രണ്ടാം സമ്മാനം 1001 രൂപ, മൂന്നാം സമ്മാനം 501 രൂപ

**പഠനഭാഗം**

1) ആദ്ജന്തസ് 1 മുതൽ 4 വരെ അദ്ധ്യായങ്ങൾ
2) സീറോമലബാർ സഭയുടെ മിഷൻ പോളിസി
3) വി. ലൂക്കായുടെ സുവിശേഷം 1 മുതൽ 15 വരെ അദ്ധ്യായങ്ങൾ
4) സഭ, സംഘടന, നിയമാവലി

## 6. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്

♦ 2019 – 20 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ മേടിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ

കോപ്പി ജൂൺ ആദ്യ ആഴ്ചത്തന്നെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ട തുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

♦ മേഖലാ വാർഷിക റിപ്പോർട്ടിന്റെ ഫോം എല്ലാ മേഖലകളിലും ലഭിച്ചു എന്ന് കരുതുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് ജൂൺ 10-ാം തിയതിക്ക് മുൻമ്പ് ശാഖാ - വാർഷിക റിപ്പോർട്ടുകൾ അതിരൂപതയിൽ എത്തിക്കുന്നതിന്റെ കൂടെ കൊണ്ടുവരണം എന്നകാര്യംകൂടി ഓർമ്മിപ്പിക്കട്ടെ.

♦ ലോക്ഡൗൺ അവസാനിക്കുന്നതനുസരിച്ച് അതിരൂപത ടീം മേഖല കൾ സന്ദർശിക്കുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. എല്ലാവരും റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ.

## 7. വചനദീപ്തി

ചെറുപുഷ്പ മിഷൻലീഗ് ഏപ്രിൽ 1 മുതൽ 30 വരെ അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രവും തിരുബാലസഖ്യവുമായി സഹകരിച്ച് നടത്തിയ വചനദീപ്തി വിശ്വാസപരിശീലന പ്രോഗ്രാമിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരെയും നന്ദിപൂർവ്വം ഓർക്കുന്നു. പ്രോഗ്രാമുകളും മത്സരങ്ങളും കുട്ടികൾക്കും യുവജനങ്ങൾക്കും മാതാപിതാക്കൾക്കും പ്രചോദനമായി തീർന്നു എന്ന് അവരുടെ വിലയിരുത്തലുകളിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചു. താഴെപറയും വിധമാണ് പ്രോഗ്രാമുകളും മത്സരങ്ങളും ക്രമീകരിച്ചത്.

| | | |
|---|---|---|
| ☒ | ഞായർ | പ്രസംഗമത്സരങ്ങൾ, ക്രിസ്തീയ ഭക്തിഗാന മത്സരങ്ങൾ |
| ☒ | തിങ്കൾ | കളറിംഗ് ടാസ്ക് |
| ☒ | ചൊവ്വ | ബൈബിൾ പഠനം |
| ☒ | ബുധൻ | വിശുദ്ധരെ പരിചയപ്പെടാം |
| ☒ | വ്യാഴം | ബൈബിൾ പദപ്രശ്നം |
| ☒ | വെള്ളി | ടെലി ക്വിസ് |
| ☒ | ശനി | അതിരൂപതയെ പരിചയപ്പെടൽ |

നിർദ്ദേശങ്ങൾ നല്കിയ അഭിവന്ദ്യപിതാക്കന്മാർക്കും ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും ജേക്കബ് വെണ്ണായപ്പിള്ളിൽ അച്ചനും ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം ഭാരവാഹികൾക്കും പ്രവർത്ത കർക്കും ഹൃദയംഗമമായ നന്ദി. അതോടൊപ്പം ഹൃദയത്തോട് ചേർത്ത് വചന ദീപ്തിയെ സ്വീകരിച്ച മാതാപിതാക്കൾക്കും കുട്ടികൾക്കും നന്ദി. സ്കൂൾ തുറക്കുന്നതുവരെ എല്ലാ ഞായറാഴ്ചയും വചനദീപ്തി വിശ്വാസ പരിശീലനം തുടരുന്നതായിരിക്കും.

## 8. ദിയാക്കോണിയ

കർഷക വർഷത്തോടനുബന്ധിച്ച് മെയ് മാസത്തിൽ ഇതരസംഘടന കളോട് കൂടിച്ചേർന്ന് ചെയ്യേണ്ട പ്രവർത്തനങ്ങൾ.

a) കരുതൽ: വിത്തുകൾ ഭവനങ്ങളിൽനിന്നും കൃഷിഭവനുകളിൽനിന്നും ശേഖരിക്കുന്നു.

b) കരംനിറച്ച്: വിത്തുകൾ കുട്ടികളുടെ ഭവനങ്ങളിൽ എത്തിക്കുന്നു.

c) ഗ്രീൻ ഇൻഡോർ ഗാർഡൻ: എല്ലാ ഭവനങ്ങളിലും മൈക്രോ ഗ്രീൻ കൃഷിരീതി ഉപയോഗിച്ച് പയർ വർഗ്ഗങ്ങൾ കടല, ചെറുപയർ തുടങ്ങിയവ മുളപ്പിക്കുന്നു.

## 9. ഗ്രീൻ ഇൻഡോർ ഗാർഡൻ മത്സരം

അതിരൂപതയിലെ വിശ്വാസപരിശീലകർക്കും ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്കുമായി വിശ്വാസപരിശീലനകേന്ദ്രവും ചെറുപുഷ്പമിൻലീഗും സംയുക്തമായി ഗ്രീൻ ഇൻഡോർ ഗാർഡൻ മത്സരം സംഘടിപ്പിക്കുന്നു. ഏറ്റവും മികച്ച മൈക്രോ ഗ്രീൻ കൃഷിക്ക് (ഗ്രീൻ ഇൻഡോർ ഗാർഡൻ) സമ്മാനം നല്കുന്നു. മൈക്രോ ഗ്രീൻ കൃഷിരീതി ഉപയോഗിച്ച് കൃഷി ചെയ്തത് വീഡിയോ ആയി അയയ്ക്കണം. ചുരുങ്ങിയത് 5 ഇനം വിത്തുകളെങ്കിലും കൃഷി ചെയ്തി രിക്കണം. ഒരു മിനിറ്റുള്ള വീഡിയോ ആണ് അയയ്ക്കേണ്ടത്. വീഡിയോയിൽ അയയ്ക്കുന്ന ആളുടെ മുഖവും വീടിന്റെ മുൻഭാഗവും കാണിച്ചിരിക്കണം.

a) അയയ്ക്കേണ്ട നമ്പർ: 9496 900 845, 9447 952 958, 9847 702 076

b) അയയ്ക്കേണ്ട ദിവസം: മെയ് 25

## 10. വചനസാഹിതി-സാഹിത്യമത്സരങ്ങൾ

**മത്സര ഇനങ്ങൾ**

**1) കവിത 2) ചെറുകഥ 3) പെൻസിൽ ഡ്രോയിങ്ങ്**

**മത്സര വിഭാഗങ്ങൾ**

**Section - A)** 5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർ. (2019 - 20 അധ്യയന വർഷത്തിൽ അതിരൂപതയിൽ വിശ്വാസപരിശീലനം നടത്തിയ ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾ)

**Section - B)** 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർ. (2019 - 20 അധ്യയന വർഷത്തിൽ അതിരൂപതയിൽ വിശ്വാസപരിശീലനം നടത്തിയ ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾ)

**Section - C)** യുവജനങ്ങൾ, മാതാപിതാക്കൾ (അതിരൂപതയിൽ ഇപ്പോൾ താമസിക്കുന്നവർ)

**Section - D)** വൈദിക വിദ്യാർത്ഥികൾ (അതിരൂപതയിൽ നിന്ന് ദൈവ വിളി സ്വീകരിച്ച് വ്യത്യസ്ത സ്ഥലങ്ങളിൽ മൈനർ - മേജർ സെമിനാരിക

ളിൽ പഠിക്കുന്നവർ, തലശ്ശേരി അതിരൂപതയിലെ സെമിനാരികളിൽ പഠിക്കുന്ന ഇതര രൂപതകളിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികൾ.)

**Section - E)** സിസ്റ്റേഴ്സ് (അതിരൂപതയിൽ നിന്ന് ദൈവവിളി സ്വീകരിച്ച് വ്യത്യസ്ത സ്ഥലങ്ങളിൽ ജോലിചെയ്യുന്നവർ, ഇതര രൂപതകളിൽ നിന്നും തലശ്ശേരി രൂപതയിൽ ശുശ്രൂഷ ചെയ്യുന്നവർ.

### വിഷയങ്ങൾ

**Section - A)**

കവിത : **"വീണ്ടും പ്രഭാതം"**
ചെറുകഥ : **"കാത്തിരിപ്പിനൊടുവിൽ"**
പെൻസിൽ ഡ്രോയിങ്ങ്: **"ഈശോയുടെ ഉത്ഥാനം"**

**Section - B, C, D, E**

കവിത : **"ഇതും കഴിഞ്ഞിടും നാം ഉയർന്നിടും"**
ചെറുകഥ : **"ഒടുവിൽ പുഞ്ചിരിച്ചുകൊണ്ടൊരു മുഖം"**
പെൻസിൽ ഡ്രോയിങ്ങ് : **"ഈശോയുടെ ഉത്ഥാനം"**

**പൊതു നിർദ്ദേശങ്ങൾ**

1) രചനകൾ ലഭിക്കേണ്ട അവസാന തീയതി – ജൂൺ 20
2) ജൂലൈ പകുതിയോടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്.
3) കത്ത് മുഖേനയോ നേരിട്ടോ രചനകൾ ഒരു കവറിൽ ഇട്ട് അഡ്രസ്സ് വ്യക്തമായി എഴുതി ചെറുപുഷ്പ മിഷൻലീഗ് ഓഫീസിൽ എത്തിക്കാവുന്നതാണ്. രചനകൾ അയക്കേണ്ട വിലാസം : The Director, Cherupushpa Mission League, Sandesabhavan, Hollow Way Road, P B No. 70, Kannur, 670101
4) ജൂൺ 30 ന് ശേഷം ലഭിക്കുന്ന രചനകൾ വിലയിരുത്തിനായി പരിഗണിക്കുന്നതല്ല.1 മുതൽ 3 വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 1501, 1001, 501 രൂപയുടെ ക്യാഷ് പ്രൈസ് സമ്മാനമായി നൽകുന്നതാണ്.
5) മത്സരത്തെ സംബന്ധിച്ചുള്ള വിവരങ്ങളും അപ്ഡേഷൻസും CML Thalassery എന്ന face book പേജിൽ ലഭ്യമായിരിക്കും. സംശയങ്ങൾക്ക് cmltly01@gmail.com എന്ന വിലാസത്തിലോ **9496900845, 9847702076, 9495051946, 8281255847, 9495115663** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

### മത്സര ഇനങ്ങളും നിബന്ധനകളും

**കവിത :** 48 വരികളിൽ കൂടാൻ പാടില്ല. വിഷയ ബന്ധിയായ ആശയം (25%), ഭാഷാ ശൈലി (25%), വർണ്ണനകൾ പ്രയോഗങ്ങൾ (25%), ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം (25%). എന്നിങ്ങനെയായിരിക്കും മാർക്ക് വിഭജനം.

**ചെറുകഥ :** 110 വരികളിൽ കൂടാൻ പാടില്ല. ഒരു പേജിൽ മാക്സിമം 19 വരികൾ മാത്രം (വിഷയ ബന്ധിയായ ആശയം (25%), ആകർഷകമായ രചനാ

ശൈലി (25%), ഭാഷയുടെ ലാളിത്യം, ഭംഗി (25%), ആനുകാലികപ്രസക്തമായ ക്രൈസ്തവ സന്ദേശം (25%) എന്നിങ്ങനെയാണ് മാർക്ക് വിഭജനം.

**പെൻസിൽ ഡ്രോയിങ്ങ് :** ചിത്രങ്ങൾക്ക് A4 സൈസ് പേപ്പർ വലുപ്പം ഉണ്ടായിരിക്കണം. വെള്ളനിറത്തിൽ ഉള്ള പേപ്പർ മാത്രമേ ഉപയോഗിക്കാവൂ. 100 Gsm ൽ കൂടുതൽ കട്ടിയുള്ള പേപ്പറുകൾ ഉപയോഗിക്കാൻ പാടില്ല.

## 11. അതിരൂപത മാനേജിംഗ് കമ്മറ്റി

ലോക്ക് ഡൗൺ കാലഘട്ടം കഴിഞ്ഞാൽ ഉടൻതന്നെ അധികാരികളുടെ നിബന്ധനകൾക്ക് വിധേയമായി അതിരൂപതാ മാനേജിംഗ് കമ്മിറ്റി ചേരുന്നതാണ്. മേഖലാ ഡയറക്ടർമാർ, വൈസ് ഡയറക്ടർമാർ മേഖലാ ഭാരവാഹികൾ, രൂപതാ ഭാരവാഹികൾ എന്നിവരാണ് മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുക്കേണ്ടത്. തീയതിയും സമയവും അറിയിച്ചുകഴിഞ്ഞാൽ ഉപേക്ഷ വിചാരിക്കാതെ മാനേജിംഗ് കമ്മിറ്റിക്കായി കൃത്യസമയത്ത് എത്തുമല്ലോ.

## 12.എച്ച് .സി. സി അവാർഡ്

എച്ച് സി സി (വിശ്വാസപരിശീലനം 12-ാം ക്ലാസ്സ് ) പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ മിഷൻലീഗ് അംഗത്തിനുള്ള ബിഷപ്പ് വള്ളോപ്പിള്ളി പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരക അവാർഡിനുള്ള അപേക്ഷകൾ ജൂൺ 30 ന് മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ. മാർക്ക് ലിസ്റ്റിന്റെ കോപ്പി, അംഗത്വ കാർഡിന്റെ കോപ്പി, വികാരിയച്ചന്റെ കത്ത് എന്നിവ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

## 13. നല്ലിടയൻ പദ്ധതി

നല്ലിടയൻ പദ്ധതിയുടെ ഭാഗമായി മൂന്നാം ഘട്ടം ആടിനെ നൽകാത്ത മേഖലകൾ ലോക്ക്ഡൗൺ അവസാനിക്കുന്നതനുസരിച്ച് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

## 14.ആദരാഞ്ജലികൾ

റവ. ഫാ. ജോസഫ് കൂറ്റാരപ്പള്ളി അച്ചന്റെയും, റവ. ഫാ. മാത്യു മുളന്മട അച്ചന്റെയും ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ലോകമെമ്പാടും കൊറോണ വൈറസ് ബാധ നിയന്ത്രണാതീതമായി പടരുമ്പോൾ രോഗബാധിതരായവർക്കുവേണ്ടിയും, അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ എന്നിവർക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുകൂട്ടുകാരുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ തിരുബാലസഖ്യം സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു. പ്രിയപ്പെട്ട കുഞ്ഞുമക്കളേ, തീക്ഷ്ണതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു...

## 1. ഈശോയെപ്പോലെ വളരാം..... വലുതാകാം....Vol. 2

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം ... വലുതാകാം എന്ന വർക്ക് ബുക്കിന്റെ രണ്ടാം ഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ ബുക്കിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓഡർ ചെയ്യുമ്പോൾ തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## 2. വചനദീപ്തി

ഏപ്രിൽ 1 മുതൽ 30 വരെ അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രവും ചെറുപുഷ്പ മിഷൻലീഗുമായി സഹകരിച്ച് നടത്തിയ വചനദീപ്തി വിശ്വാസ പരിശീലന പ്രോഗ്രാമിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരെയും നന്ദിപൂർവ്വം ഓർക്കുന്നു.

| | | |
|---|---|---|
| ☒ | ഞായർ | പ്രസംഗമത്സരങ്ങൾ, ക്രിസ്തീയ ഭക്തിഗാന മത്സരങ്ങൾ |
| ☒ | തിങ്കൾ | കളറിംഗ് ടാസ്ക് |
| ☒ | ചൊവ്വ | ബൈബിൾ പഠനം |
| ☒ | ബുധൻ | വിശുദ്ധരെ പരിചയപ്പെടാം |
| ☒ | വ്യാഴം | ബൈബിൾ പദപ്രശ്നം |
| ☒ | ശനി | അതിരൂപതയെ പരിചയപ്പെടൽ |

നിർദ്ദേശങ്ങൾ നല്കിയ അഭിവന്ദ്യപിതാക്കന്മാർക്കും ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും സിജു അച്ചനും ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം ഭാരവാഹികൾക്കും പ്രവർത്തകർക്കും ഹൃദയംഗമമായ നന്ദി. അതോടൊപ്പം ഹൃദയത്തോട് ചേർത്ത് വചനദീപ്തിയെ സ്വീകരിച്ച മാതാപിതാക്കൾക്കും കുട്ടികൾക്കും നന്ദി. സ്കൂൾ തുറക്കുന്നതുവരെ എല്ലാ ഞായറാഴ്ചയും വചനദീപ്തി വിശ്വാസപരിശീലനം തുടരുന്നതായിരിക്കും.

## 3. കിഡ്സ് ഗ്രീൻ ഇൻഡോർ ഗാർഡൻ മത്സരം

അതിരൂപതയിലെ തിരുബാലസഖ്യം കുട്ടികൾക്കായി വിശ്വാസപരി ശീലനകേന്ദ്രവും തിരുബാലസഖ്യവും സംയുക്തമായി ഗ്രീൻ ഇൻഡോർ ഗാർഡൻ മത്സരം സംഘടിപ്പിക്കുന്നു. ഏറ്റവും മികച്ച മൈക്രോ ഗ്രീൻ കൃഷിക്ക് (ഗ്രീൻ ഇൻഡോർ ഗാർഡൻ) സമ്മാനം നല്കുന്നു. മൈക്രോ ഗ്രീൻ കൃഷിരീതി ഉപയോഗിച്ച് കൃഷി ചെയ്തത് വീഡിയോ ആയി അയയ്ക്കണം. ചുരുങ്ങിയത് 5 ഇനം വിത്തുകളെങ്കിലും കൃഷി ചെയ്തിരിക്കണം. ഒരു മിനിറ്റുള്ള വീഡിയോ ആണ് അയയ്ക്കേണ്ടത്. വീഡിയോയിൽ അയയ്ക്കുന്ന ആളുടെ മുഖവും വീടിന്റെ മുൻഭാഗവും കാണിച്ചിരിക്കണം.

a) അയയ്ക്കേണ്ട നമ്പർ: 9496 900 845, 9447 952 958, 8281 255 847

b) അയയ്ക്കേണ്ട ദിവസം: മെയ് 25

## 3. വചനസാഹിതി സാഹിത്യമത്സരങ്ങൾ

അതിരൂപതയിലെ തിരുബാലസഖ്യം കുട്ടികൾക്കായി സാഹിത്യമത്സരം സംഘടിപ്പിക്കുന്നു.

**മത്സരഇനങ്ങളും വിഷയങ്ങളും**

കവിത : **"എന്റെ ഈശോ"**

ചെറുകഥ : **"എന്റെ കൂട്ടുകാരൻ/കൂട്ടുകാരി"**

പെൻസിൽ ഡ്രോയിങ്ങ്: **"ഈശോയുടെ ഉത്ഥാനം"**

**നിർദ്ദേശങ്ങൾ**

1) രചനകൾ ലഭിക്കേണ്ട അവസാന തീയതി – ജൂൺ 20
2) ജൂലൈ പകുതിയോടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്.
3) കത്ത് മുഖേനയോ നേരിട്ടോ രചനകൾ ഒരു കവറിൽ ഇട്ട് അഡ്രസ്സ് വ്യക്തമായി എഴുതി തിരുബാലസഖ്യം ഓഫീസിൽ എത്തിക്കാവുന്നതാണ്. രചനകൾ അയക്കേണ്ട വിലാസം : The Director, Department of Holy Childhood, Sandesabhavan, Hollow Way Road, P B No. 70, Kannur, 670101
4) ജൂൺ 30 ന് ശേഷം ലഭിക്കുന്ന രചനകൾ വിലയിരുത്തിനായി പരിഗണിക്കുന്നതല്ല.1 മുതൽ 3 വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 1001, 751, 501 രൂപയുടെ ക്യാഷ് പ്രൈസ് സമ്മാനമായി നൽകുന്നതാണ്. കൂടാതെ 4 മുതൽ

15 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരിക്കും.

5) മത്സരത്തെ സംബന്ധിച്ചുള്ള വിവരങ്ങളും അപ്ഡേഷൻസും Holy Childhood Thalassery എന്ന face book പേജിൽ ലഭ്യമായിരിക്കും. സംശയങ്ങൾക്ക് holychildhoodtly01@gmail.com എന്ന വിലാസത്തിലോ **9496900845, 8281255847** എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

## മത്സര ഇനങ്ങളും നിബന്ധനകളും

**കവിത :** 24 വരികളിൽ കൂടാൻ പാടില്ല. വിഷയ ബന്ധിയായ ആശയം (25%), ഭാഷാ ശൈലി (25%), വർണ്ണനകൾ പ്രയോഗങ്ങൾ (25%), ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം (25%). എന്നിങ്ങനെയായിരിക്കും മാർക്ക് വിഭജനം.

**ചെറുകഥ :** 70 വരികളിൽ കൂടാൻ പാടില്ല. ഒരു പേജിൽ മാക്സിമം 19 വരികൾ മാത്രം (വിഷയ ബന്ധിയായ ആശയം (25%), ആകർഷകമായ രചനാ ശൈലി (25%), ഭാഷയുടെ ലാളിത്യം, ഭംഗി (25%), ആനുകാലികപ്രസക്തമായ ക്രൈസ്തവ സന്ദേശം (25%) എന്നിങ്ങനെയാണ് മാർക്ക് വിഭജനം.

**പെൻസിൽ ഡ്രോയിങ്ങ് :** ചിത്രങ്ങൾക്ക് A4 സൈസ് പേപ്പർ വലുപ്പം ഉണ്ടായിരിക്കണം. വെള്ളനിറത്തിൽ ഉള്ള പേപ്പർ മാത്രമേ ഉപയോഗിക്കാവൂ. 100 Gsm ൽ കൂടുതൽ കട്ടിയുള്ള പേപ്പറുകൾ ഉപയോഗിക്കാൻ പാടില്ല.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

**" Go MAD " - Make A  Difference**

നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല.
നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ് (ക്രിസ്തൂസ് വിവിദ് 5:178).

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

## കൊറോണ പ്രതിരോധ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ

കണ്ണൂർ കലക്ടേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ കൊറോണ സന്നദ്ധ സേവന പ്രവർത്തനത്തിലും ബോധവൽക്കരണ പ്രവർത്തനങ്ങളിലും പങ്കാളികളായി രണ്ട് ദിവസങ്ങളിലായി തലശ്ശേരി താലൂക്കിലുള്ള ആയിരത്തോളം വ്യാപാര സ്ഥലങ്ങളിൽ കൊറോണ വിരുദ്ധ ബോധവൽക്കരണം നടത്തി. രൂപതയിലെ വിവിധ ഫൊറോനകളിൽ നിന്ന് വന്ന എബിൻ കുമ്പുക്കൽ, സ്റ്റെറിൻ ക്ലീറ്റസ്, സിജോ കണ്ണേഴത്ത്, വിപിൻ മാറുകാട്ടുകുന്നേൽ, സിൻസ് കൊട്ടാരം, അരുൾ പറയംകുന്നേൽ, സനൽ വെളിമാനം, ഷിജോ നിലയ്ക്കപ്പള്ളി എന്നിവർ കെ.സി.വൈ.എം. ഡയറക്ടർ സോണിയച്ചന്റെ നേതൃത്വത്തിൽ ധീരമായ കാൽവയ്പ്പോടെ സേവന പ്രവർത്തനങ്ങളിൽ പങ്കാളികളായി. നിങ്ങൾക്ക് ഓരോരുത്തർക്കും തലശ്ശേരി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## ലോക്ക് ഡൗൺ കാലം വ്യത്യസ്തതയിൽ

ലോകത്തെ ഒന്നാകെ ഭീതിയുടെ പോർമുഖത്ത് നിർത്തുന്ന കൊറോണ വൈറസ് വ്യാപനത്തിൽ ലോകം മുഴുവൻ അതീവജാഗ്രതയോടെ കഴിയുമ്പോൾ യുവജനങ്ങളായ നിങ്ങളുടെ ത്യാഗം നിറഞ്ഞ പ്രവർത്തനങ്ങളെ സേവന തിക്ഷ്ണതയെ അഭിനന്ദിക്കുന്നു.

## ലോക്ക് ഡൗൺ ഫൊറോന തലത്തിൽ

**ആലക്കോട്**

കോവിഡിനെതിരെ പ്രാർത്ഥനായജ്ഞം നടത്തി വൈറസ് വ്യാപനത്തിനെതിരെ ബോധവത്ക്കരണ പോസ്റ്റർ തയ്യാറാക്കി പ്രചരിപ്പിച്ചു.

**ചെമ്പന്തൊട്ടി**

തിരുവചനവിത്തുകൾ യുവജനങ്ങളിൽ പാകുക എന്ന ലക്ഷ്യത്തോടെ ക്വിസ്സ് കോമ്പറ്റീഷൻ നടത്തി. കോവിഡിനെതിരെ പ്രാർത്ഥനായജ്ഞം നടത്തി യൂണിറ്റ് തലത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**എടൂർ**

കൊറോണ കാലത്തെ ഭക്ഷ്യദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ വെജിറ്റബിൾ ഗാർഡനും ഫോട്ടോഗ്രാഫി മത്സരവും, അറിവ് വർധിപ്പിക്കുക എന്ന ചിന്തയോടെ ക്വിസ് കോമ്പറ്റീഷനും നടത്തി.

**പേരാവൂർ**

റോക്ക് ദി ലോക്ക് ഡൗൺ - ലോക്ക് ഡൗൺ കാലത്ത് വീടുകളിൽ കഴിയുന്നവരുടെ ഏതുതരത്തിലുള്ള കഴിവുകളും മൂന്ന് മിനിറ്റിൽ കവിയാത്ത വീഡിയോകളാക്കി ചിത്രീകരിച്ച് പങ്കെടുക്കുവാൻ സാധിക്കുന്ന തരത്തിൽ ഓൺലൈൻ സ്കിൽ പ്രസന്റേഷൻ മത്സരം ക്രമീകരിച്ചു.

7 ഓൺ - 7 ഏഴ് ദിവസങ്ങളിലായി ഏഴ് ആക്റ്റിവിറ്റികൾ പൂർത്തിയാക്കുന്ന ഓൺ ലൈൻ മത്സരം സംഘടിപ്പിച്ചു.

**പൈസക്കരി:** ഈസ്റ്റർ എഗ് ഡെക്കറേഷൻ കോമ്പറ്റീഷൻ. അനാഥാലയങ്ങളായ അമലാഭവൻ, പ്രത്യാശ ഭവൻ (കണ്ണൂർ) ഭക്ഷ ധാന്യകിറ്റുകൾ വിതരണം ചെയ്തു

**കാഞ്ഞങ്ങാട്** : കേരളത്തിലെ ഒമ്പതോളം ജില്ലകളിലെ മത്സരാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് വ്യത്യസ്തമായ രീതിയിൽ ബ്ലാസ്റ്റ് ദ മൈൻഡ് എന്ന പേരിൽ ഓൺ ലൈൻ മത്സരം സംഘടിപ്പിച്ചു. വിവിധ യൂണിറ്റുകളിലായി കൊറോണ കാലത്തെ സേവന സന്നദ്ധ പ്രവർത്തനങ്ങൾ നടക്കുന്നു.

**നെല്ലിക്കാം പൊയിൽ** : കൊറോണയുടെ ആദ്യഘട്ടത്തിൽ മൊട്ട 2020 മത്സരവും കലിഗ്രഫി കോമ്പറ്റിഷനും നടത്തി. ഒരാഴ്ചയോളമായി ഗവൺമെന്റ് നൽകിയ ഭക്ഷ്യധാന്യങ്ങൾ കിറ്റുകൾ ആക്കുന്നതിൽ യുവജനങ്ങൾ പങ്കാളികളാണ്. കമ്മ്യൂണിറ്റി കിച്ചണിലേക്ക് ആവശ്യമായ സാധനങ്ങൾ എത്തിച്ചു നൽകുന്നതിന് ഫൊറോനയിലെ യുവജനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചു. അടുത്ത ഘട്ടമായി അനാഥാലയങ്ങളിലേക്കും കമ്മ്യുണിറ്റി കിച്ചണിലേക്കും സാധനങ്ങൾ എത്തിക്കുവാൻ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചു.

**തളിപ്പറമ്പ്** : കമ്മ്യൂണിറ്റി കിച്ചണിലേക്ക് വോളണ്ടിയേഴ്സായി യുവജനങ്ങൾ മുൻനിരയിൽ നിന്ന് സേവനം ചെയ്തതോടൊപ്പം ചപ്പാരപ്പടവിലേക്ക് ഭക്ഷണസാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ സഹായിച്ചു.

**വായാട്ടുപറമ്പ്** : യുവജനങ്ങളിൽ വചനവായന ശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വചനമുത്തുകൾ എന്ന പ്രോഗ്രാം നടത്തിയ കോ വിഡ്– 19 ന് എതിരെ പ്രാത്ഥനായജ്ഞം നടക്കുന്നു. യൂണിറ്റുകളിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടക്കുന്നു.

മനുഷ്യരായ നമ്മുടെ സ്വപ്നങ്ങൾക്കും പദ്ധതികൾക്കും വിഘാതം സംഭവിക്കുമ്പോഴും ദൈവഹിതത്തിന് വിട്ടുകൊടുത്ത് ഏതു സാഹചര്യത്തെയും ക്രിയാത്മകമായി നേരിടുവാനുള്ള യുവജനങ്ങളായ നിങ്ങളുടെ കഴിവിനെയും പ്രവർത്തനങ്ങളെയും അഭിനന്ദിക്കുന്നു. ഇനിനെല്ലാം നേതൃത്വം നൽകുന്ന ഫൊറോന പ്രസിഡന്റുമാർ ഫൊറോനാ യുണിറ്റ് ഭാരവാഹികൾ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു, അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**

ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

**വിവാഹ ഒരുക്ക സെമിനാർ**
**അറിയിപ്പ്**

MPC നിലവിൽ നിശ്ചയിച്ചിരിക്കുന്നവ തുടരുവാൻ നിയമപരമായി അസാധ്യമായതിനാൽ സാമൂഹ്യ സമ്പർക്ക പരിപാടികൾക്ക് ഔദ്യോഗിക അനുവാദം ലഭിച്ചതിനു ശേഷം മാത്രമേ നടത്തപ്പെടുകയുള്ളു. മാറ്റി നിശ്ചയിക്കുന്ന കോഴ്സിന്റെ തീയതികൾ ഫാമിലി അപ്പോസ്റ്റലേറ്റ് വെബ്സൈറ്റ് (www.Familytly.com)ലും വൈദികരുടെ ഔദ്യോഗിക വാട്സ്ആപ്പ് ഗ്രൂപ്പിലും അറിയിക്കുന്നതാണ്.

മുൻപ് MPC രജിസ്ട്രേഷൻ നടത്തിയവർക്ക് ക്രമപ്രകാരം ആ തീയതികളിലേക്ക് ബുക്കിങ് മാറ്റികൊടുക്കുന്നതാണ്.

Lock down കാലത്ത് രജിസ്ട്രേഷൻ നടത്തിയവർക്ക് ക്യാൻസലേഷൻ ആവശ്യമെങ്കിൽ ഓഫീസുമായി ബന്ധപ്പെട്ടാൽ റീഫണ്ട് ചെയ്തു കൊടുക്കുന്നതാണ് (Family Apostolate Office No: 9400206974)

തലശ്ശേരി അതിരൂപതയിലെ അംഗങ്ങളായവർക്കും മെയ് മാസത്തിൽ വിവാഹം അത്യാവശ്യമായി നടത്തേണ്ടവർക്ക് വേണ്ടിയുള്ള അവസരമാണ് MPC Online വിവാഹ ഒരുക്ക സെമിനാർ.. രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ഗ്രൂപ്പ് വീഡിയോ കോളിങ് കോഴ്സ് ആണിത്. രജിസ്ട്രേഷൻ ഫീസ് 600 രൂപ. നേരത്തെ കോഴ്സ് ഫീസ് ഓൺലൈനിൽ അടച്ചവർ വീണ്ടും അടക്കേണ്ടതില്ല. എന്നാൽ ഓൺലൈൻ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെ തന്നിരിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ചു ഓഫീസ് വാട്സ്ആപ്പ് നമ്പറിൽ അയച്ചു തരണം. മെയ് 7, 8 തീയതികളിൽ നടക്കുന്ന ഓൺലൈൻ കോഴ്സിന് വികാരിയച്ചന്മാരുടെ ഒപ്പോടുകൂടി അപേക്ഷ വെച്ച്, കോഴ്സ് പൂർത്തിയാക്കുന്നവർക്ക് അവരുടെ വാട്സ്ആപ്പ് നമ്പറിൽ സർട്ടിഫിക്കറ്റ് അയച്ചു നൽകുന്നതാണ്.

- അത്യാവശ്യമുള്ളവർ മാത്രം ഈ കോഴ്സിൽ അപേക്ഷിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
- ആദ്യം അപേക്ഷിക്കുന്ന 50 പേർക്ക് മാത്രമേ ഈ തീയതികളിൽ നടക്കുന്ന കോഴ്സിന് സംബന്ധിക്കുവാൻ സാധിക്കുകയുള്ളു.

Online MPC May 7-8, 2020

# അപേക്ഷാ ഫോറം

പേര് : ......................................

മാമോദിസ പേര് : ...................

വീട്ടുപേര് : ................................

ഇടവക : ..................................

മാതാപിതാക്കൾ (മാമ്മോദിസ പേര് ) : ...................................

വിവാഹ തീയതി : ....................

മൊബൈൽ നമ്പർ : ................

വാട്സ്ആപ്പ് നമ്പർ : ................

വികാരിയച്ചന്റെഒപ്പ് : .........
സീൽ

മുൻപ് രജിസ്ട്രേഷൻ നടത്തിയ
തീയതി : ............../ഇല്ല.......
ഓൺലൈൻ പേയ്മെന്റ് നടത്തിയോ : .......... തുക .......

ഓൺലൈൻ ക്ലാസുകൾ മുഴുവൻ സമയവും പങ്കെടുക്കാൻ തയ്യാറുണ്ടോ : .....Yes/ No

**നിർദ്ദേശങ്ങൾ**

1) Mpc ഓൺലൈൻ കോഴ്സ് മെയ്മാസത്തിൽ വിവാഹം നിശ്ചയിച്ചവർക്കും തലശ്ശേരി രൂപതയിൽപെട്ടവർക്കുംമാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

2) ഇതിൽ പങ്കുചേരുന്നവർ Zoom എന്ന അപ്ലിക്കേഷൻ മൊബൈൽ ഫോൺ (Play store - download), അല്ലെങ്കിൽ കമ്പ്യൂട്ടറിൽ ഡൌൺലോഡ് ചെയ്തെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. ഇതിന്റെ 'Join Group'' എന്ന ഓപ്ഷൻ, click ചെയ്ത് ഇവിടെ നിന്നും നൽകുന്ന ID & Password എന്നിവ നൽകി ക്ലാസ്സിൽ കൃത്യസമയത്തും മുഴുവനായും പങ്കുചേരുന്നവർക്കേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

3) സർട്ടിഫിക്കറ്റ് നിങ്ങളുടെ വാട്സ്ആപ്പ് നമ്പറിൽ അയച്ചുതരുന്നതാണ്.

4) മുൻപ് രജിസ്ട്രേഷൻഫീസ് (Rs. 600) ഓൺലൈനിൽ അടച്ചവർ രജിസ്ട്രേഷൻ സ്ലിപ് അപേക്ഷയോടൊപ്പം അറ്റാച്ച് ചെയ്യുക.

5) രജിസ്ട്രേഷൻ അടക്കാത്തവർ ഓൺലൈൻ കോഴ്സ് ഫീസായ (Rs. 600) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തശേഷം അതിന്റെ റെസിപ്റ്റ് അറ്റാച്ച്

ചെയ്യേണ്ടതാണ്. രജിസ്റ്റർ ഫീസ് അടക്കേണ്ട അക്കൗണ്ട് ഡീറ്റെയിൽസ്
Ac/ No : 0078053000073775
Ac / Name : Director, Family Apostolate
South Indian Bank, Thalassery
IFSC Code : SIBL0000078

6) അപേക്ഷ ഫോറം പ്രിന്റ് എടുത്ത് പൂരിപ്പിച്ചു ഫോട്ടോ ആയി വാട്സ്ആപ്പ് ചെയ്യുക. അപേക്ഷ അയക്കേണ്ട വാട്സ്ആപ്പ് നമ്പർ - 9400206974
7) ഫാമിലി അപ്പൊസ്റ്റലേറ്റ് വെബ്സൈറ്റ് – www.familytly.com
ഫാമിലി അപ്പൊസ്റ്റലേറ്റ് വാട്സ്ആപ്പ് നമ്പർ –9400206974
8) ഓൺലൈൻ ക്ലാസ്സുകളിൽ പങ്കുചേരാൻ നല്ല ഇന്റർനെറ്റ് സംവിധാനം ആവശ്യമുള്ളതിനാൽ അത് നേരത്തെ ക്രമീകരിച്ചു വേണം ക്ലാസ്സിൽ പങ്കെടുക്കാൻ.
9) ക്ലാസ്സുകളുടെ അവസാനം ഓരോവിഷയത്തെ സംബന്ധിച്ചും ചോദ്യങ്ങൾ ചോദിക്കുന്നതാണ് അതിനായി നോട്ടുകൾ തയ്യാറാക്കി സജ്ജരാകേണ്ടതാണ്.
10) ഓരോ 40 മിനുട്ട് കഴിയുമ്പോഴും അപ്ലിക്കേഷൻ കട്ട് ആകുന്നതാണ്. തുടർന്ന് വീണ്ടും ജോയിൻ ചെയ്യുവാൻ ശ്രദ്ധിക്കുക.

അറിയിപ്പ്

- MPC സാധാരണ രീതിയിൽ നടത്താൻ താമസം നേരിടുകയാണെങ്കിൽ ഓൺലൈൻ കോഴ്സുകൾ ജൂൺമാസത്തിൽ തുടരുന്നതാണ്.
- MPC നേരത്തെ ബുക്ക് ചെയ്തവർക്ക് ക്യാൻസലേഷൻ വഴി റീഫണ്ട് ആവശ്യമെങ്കിൽ ബാങ്ക് ട്രാൻസ്ഫർ വഴി നടത്തിതരുന്നതാണ്. മെയ് 15 നുശേഷം ഓഫീസ് നമ്പറിൽ ബന്ധപ്പെടുക.

## മാതൃവേദി

ലോക്ക് ഡൗൺ കാലഘട്ടം ഉത്സാഹഭരിതമാക്കുന്നതിനുവേണ്ടി നടത്തിയ ഓൺലൈൻ മത്സരങ്ങൾ Fabulos-5 നല്ല രീതിയിൽ പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ അമ്മമാരെയും അഭിനന്ദിക്കുന്നു. ഇതിന് നേതൃത്വവും പ്രോത്സാഹനവും നല്കിയ യൂണിറ്റ്, മേഖല അതിരൂപത തലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും പ്രത്യേകം നന്ദി.

ബിബ്ലിയാ മത്സരങ്ങളും മറ്റ് പരിപാടികളും മാറ്റിവച്ചിരിക്കുന്നു. തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# എ.കെ.സി.സി.

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കാര്യാലയത്തിൽ നിന്നും സ്നേഹാന്വേഷണങ്ങൾ!

നാം ഇന്ന് വളരെയധികം നിയന്ത്രണങ്ങളിലൂടെയാണ് കടന്നുപോകുന്നത്. നമ്മുടെ അതിരൂപതയുള്ള കണ്ണൂർ, കാസർഗോഡ് ജില്ലകൾ അതിതീവ്രമേഖലയാണല്ലോ? നമ്മുടെ 198 ഇടവകപള്ളികളും കപ്പേളകളുമെല്ലാ അടഞ്ഞുകിടക്കുന്നു. സകലരും ഭവനങ്ങളിൽ പ്രാർത്ഥനകളും ചെറിയജോലികളുമായി കഴിയുന്നു. ഭവനങ്ങളിലാണെങ്കിലും നമുക്ക് ഒട്ടനവധി കാര്യങ്ങൾ നമ്മുടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും നന്മക്കായി വരാനിരിക്കുന്ന നാളുകളിൽ ചെയ്യാൻ കഴിയും.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ എല്ലാവീടുകളിലും പച്ചക്കറിത്തോട്ടം തുടങ്ങുന്നതിന് നിർദ്ദേശിച്ചിരിക്കുകയാണല്ലോ? നമ്മുടെ മിക്ക ഇടവകകളിലും പ്രവർത്തകർ പച്ചക്കറിതോട്ടം ആരംഭിച്ചിട്ടുണ്ട്. ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ സമ്മാനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 'ഏദൻതോട്ടം' മത്സരം. മത്സരത്തിൽ പങ്കെടുക്കുന്നവർ നേരിട്ട് ഗ്ലോബൽ സമിതിയിൽ മെയ് 30നകം രജിസ്ട്രേഷൻ നടത്തണം. അതിരൂപത ഭാരവാഹികൾ ഫൊറോന പ്രസിഡന്റുമാരുമായി ബന്ധപ്പെട്ട് നിശ്ചിത തീയതിക്കുള്ളിൽ നമ്മുടെ അതിരൂപതയിലെ മുഴുവൻ പച്ചക്കറി തോട്ടങ്ങളും രജിസ്റ്റർ ചെയ്യിക്കണം. രജിസ്റ്റർ ചെയ്തതിന്റെ ലിസ്റ്റ് മെയ് 30ന് ഫൊറോന പ്രസിഡന്റുമാർ (അപേക്ഷന്റെ പേര്, വീട്ടുപേര്, ഇടവക, ഫോൺനമ്പർ) സഹിതം അതിരൂപത കമ്മിക്ക് നല്കേണ്ടതാണ്. നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ജിന്റോ മാത്യു കോ-ഓർഡിനേറ്റർ, ഹെൽപ്പ് ഡെസ്ക്, എറണാകുളം ഓഫീസ്, 9847866543, 8590020348 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ലോക്ക് ഡൗൺമൂലം ദുരിതമനുഭവിക്കുന്ന സാധാരണ ജനങ്ങളെ സഹായിക്കുവാൻ ശ്രമിക്കണം.

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# വിമൽ ജ്യോതി വാർത്തകൾ

ലോകം മുമ്പൊരിക്കലും അഭിമുഖീകരിച്ചിട്ടില്ലാത്ത വലിയ ഒരു പ്രതിസന്ധിയാണിപ്പോൾ. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾ പോലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അധികം താമസിയാതെ ഈ പ്രശ്നങ്ങൾക്കെല്ലാം ഒരു പരിഹാരം ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. ലോക്ഡൗൺ മാറിയാലുടൻ പരീക്ഷകൾ നടത്തി അടുത്ത വർഷത്തെ അഡ്മിഷൻ നടപടികൾ ആരംഭിക്കുവാനുള്ള തയ്യാറെടുപ്പിലാണ് സർക്കാർ. പ്ലസ്ടു വിദ്യാർത്ഥികളും അവരുടെ രക്ഷകർത്താക്കളും പൂർത്തിയാക്കാനുള്ള പരീക്ഷകളെക്കുറിച്ചും തുടർന്നുള്ള അഡ്മിഷൻ കാര്യങ്ങളെക്കുറിച്ചും ശ്രദ്ധയുള്ളവരായിരിക്കേണ്ടതാണ്.

ചെമ്പേരി വിമൽ ജ്യോതിയിൽ അടുത്ത വർഷത്തെ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. NRI ക്വാട്ടയിൽ ഇപ്പോൾത്തന്നെ സീറ്റുകൾ ലഭ്യമാണ്. നിങ്ങൾക്ക് ഇഷ്ടമുള്ള ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റുകൾ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക : 9645408161, 8943615547, 9447683082, 0460 2212240, 2213399

## എൻജിനീയറിംഗ് & മെഡിക്കൽ എൻട്രൻസ് ക്രാഷ് കോഴ്സ്

സൗജന്യ ഓൺലൈൻ എൻട്രൻസ് ക്രാഷ് കോഴ്സ് ക്രമമായും ഭംഗിയായും നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമായി 300 ഓളം കുട്ടികൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പ്ലേസ്മെന്റ് വാർത്തകൾ

- മൂന്നാം വർഷ ബി.ടെക് വിദ്യാർത്ഥികൾക്കായി 66 മണിക്കൂർ ദൈർഘ്യമുള്ള ഒരു ഓൺലൈൻ പ്ലേസ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം ഏപ്രിൽ 14 മുതൽ മെയ് 31 വരെ നടന്നുവരുന്നു.

- പ്രമുഖ കമ്പനിയായ ബൈജൂസ് ആപ്പിന്റെ ഓൺലൈൻ കാമ്പസ് റിക്രൂട്ട്മെന്റ് വിമൽ ജ്യോതിയിൽവച്ച് ഏപ്രിൽ മാസം നടത്തപ്പെട്ടു. പങ്കെടുത്തവരിൽ 2 പേർക്ക് പ്രതിവർഷം 10 ലക്ഷം രൂപ ശമ്പളത്തിൽ നിയമനം ലഭിച്ചു. കൂടുതൽ പേർക്ക് നിയമനം പ്രതീക്ഷിക്കുന്നു.

ബി.ടെക് ക്ലാസ്സുകൾ : ലോക്ഡൗൺ ആരംഭിച്ചപ്പോൾ മുതൽ ബി.ടെക് ക്ലാസ്സുകൾ, അസൈൻമെന്റുകൾ, പരീക്ഷകൾ ഇവയെല്ലാം ഓൺലൈനായി മുടക്കമില്ലാതെ നടന്നുകൊണ്ടിരിക്കുന്നു.

കോളേജിന്റെ അനുദിന പ്രവർത്തനങ്ങൾ ചിട്ടയായി ക്രമീകരിക്കുന്നതിനും കാര്യക്ഷമമായി നടത്തുന്നതിനുമായി പി.ടി.എ മീറ്റിംഗുകൾ, HOD മീറ്റിംഗുകൾ, സ്റ്റാഫ് മീറ്റിംഗ് ഇവയെല്ലാം ഓൺലൈനായി സമയബന്ധിതമായി നടന്നുകൊണ്ടിരിക്കുന്നു.

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിന്റെ ഹോസ്റ്റലുകളും മറ്റ് സൗകര്യങ്ങളും അടിയന്തിര സാഹചര്യമുണ്ടായാൽ രോഗപ്രതിരോധ ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കാൻ തയ്യാറാണെന്ന് മാനേജ്മെന്റ് സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി

ലേൺ ഫ്രം ഹോം സിവിൽ സർവ്വീസ് സൗജന്യ പരിശീലനവുമായി വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമിയുടെ പുതിയ ബാച്ച്. 2021ൽ സിവിൽ സർവ്വീസ് പരീക്ഷ എഴുതാൻ തയ്യാറെടുക്കുന്നവർക്കായി പുതിയ ബാച്ച് ഏപ്രിൽ 18ന് ആരംഭിച്ചു. ഇന്ത്യയിലെ പ്രശസ്ത ഐ.എ.എസ് അദ്ധ്യാപകരുടെ ലൈവ് ക്ലാസ്സുകൾ ആപ്പ് വഴി ലഭ്യമാകുന്നു.

## മിനി വെന്റിലേറ്റർ മാതൃക വികസിപ്പിച്ച് വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ

കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കോവിഡ് സെൽ സംഘടിപ്പിച്ച മിനി വെന്റിലേറ്റർ മോഡൽ നിർമ്മാണ മത്സരത്തിൽ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് വിജയികളായി. ശ്വാസതടസ്സവുമായി എത്തുന്ന രോഗികൾക്ക് സ്ഥിരം വെന്റിലേറ്റർ ലഭ്യമാകുന്നത്‌വരെ ഉപയോഗിക്കാൻ പറ്റുന്ന പോർട്ടബിൾ വെന്റിലേറ്ററാണ് വിദ്യാർത്ഥികൾ നിർമ്മിച്ചത്. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ വിദഗ്ധർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പ്രകാരമാണ് വെന്റിലേറ്റർ നിർമ്മിച്ചത്. മത്സരത്തിൽ പങ്കെടുത്ത കേരളത്തിലെ 34 എൻജിനീയറിംഗ് കോളേജുകൾക്കിടയിൽനിന്ന് 5 എൻജിനീയറിംഗ് കോളേജുകളുടെ മികച്ച മാതൃകകൾ ആണ് തിരഞ്ഞെടുത്തത്. മികച്ച മാതൃകകൾ നിർമ്മിച്ച കോളേജുകൾക്ക് 20000 രൂപ വീതം സർവ്വകലാശാല ഗവേഷണവിഭാഗത്തിൽ നിന്ന് ലഭിക്കും. കോളേജുകൾ ഉൾപ്പെടുന്ന ജില്ലയിലെ കോവിഡ് 19 ഹോസ്പിറ്റലുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുമതിയോടെ വെന്റിലേറ്ററുകൾ സ്ഥാപിക്കുവാൻ സാങ്കേതിക സർവ്വകലാശാല നിർദ്ദേശം നൽകി.

വെന്റിലേറ്റർ മാതൃക വികസിപ്പിച്ചെടുത്ത ഫെബിൻ നാലപ്പാട്ട്, അതുൽ പ്രശാന്ത്, അശ്വിൻ സുധൻ എന്നീ വിദ്യാർത്ഥികളെയും അവരെ സഹായിച്ച ഡോ. സമ്പത്ത് കുമാറിനെയും മാനേജ്മെന്റും പ്രിൻസിപ്പലും പ്രത്യേകം അഭിനന്ദിച്ചു.

## വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിയുടെ റോബോ സാനിറ്റൈസർ ശ്രദ്ധേയമാകുന്നു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ വളരെയധികം സഹായിക്കുന്ന റോബോ സാനിറ്റൈസർ നിർമ്മിച്ച് ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥി ശരൺ രത്നകുമാർ. വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യ

ത്തിൽ IEEE സ്റ്റുഡന്റ് ബ്രാഞ്ചിന്റെ സപ്പോർട്ടോടു കൂടി IEEE കേരള ചാപ്റ്റർ നടത്തിയ റോബോ സാനിറ്റൈസർ ചലഞ്ചിൽ വിമൽ ജ്യോതി ഇലക്ട്രിക്കൽ നാലാം സെമസ്റ്റർ വിദ്യാർത്ഥിയായ ശരൺ രത്നകുമാർ ചെലവു കുറഞ്ഞ റോബോ സാനിറ്റൈസർ നിർമ്മിച്ചു. പൊതുസ്ഥലങ്ങളിൽ സാനിറ്റൈസർ ബോട്ടിൽ കൈ കൊണ്ട് തൊടാതെ കൈകൾ അണുവിമുക്തമാക്കാൻ സഹായിക്കുന്ന ഉപകരണമാണ് ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. ലാലി ജെയിംസ്, IEEE PES ഫാക്കൽട്ടി അഡ്വൈസറും IEEE PES ഔട്ട്സ്റ്റാൻഡിങ്ങ് എൻജിനീയർ അവാർഡ് ജേതാവുമായ പ്രൊഫ. പ്രബിൻ ജെയിംസ് എന്നിവരുടെ മാർഗ നിർദ്ദേശത്തിൽ നിർമ്മിച്ചത്. ദേശീയ തലത്തിൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്കു വേണ്ടി റോബോ സാനിറ്റൈസർ നിർമ്മാണത്തെക്കുറിച്ച് വിമൽ ജ്യോതി IEEE സ്റ്റുഡന്റ് ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ പരിശീലന വെബിനാറും (ഇന്റർനെറ്റ് മുഖേനയുള്ള സെമിനാർ) ശരൺ രത്നകുമാർ നടത്തി. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളും അധ്യാപകരും നടത്തുന്ന എല്ലാ വിധ പ്രവർത്തനങ്ങൾക്കും പൂർണ പിന്തുണ നൽകുമെന്ന് കോളേജ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട്, പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് എന്നിവർ പറഞ്ഞു.

## റോബോട്ടിക് മെഡിക്കൽ അസിസ്റ്റന്റ് - നൈറ്റിംഗേൽ 19

അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ കൊറോണ വാർഡിൽ ഡോക്ടർമാരെ സഹായിക്കുവാനായി വിമൽ ജ്യോതിയിലെ ഡോ. ടി ഡി ജോൺ, ഡോ. വി സമ്പത്ത് കുമാർ, മി. സുനിൽ പോൾ, മി. സി ആർ സരിൻ, എന്നീ അധ്യാപകരും നോയൽ ജോസ്, അമൽ ബാബു, ഡാനിയൽ പോൾ ലാലറ്റ് എന്നീ വിദ്യാർത്ഥികളും ചേർന്ന് തയ്യാറാക്കിയ നൈറ്റിംഗേൽ 19 ശ്രദ്ധയാകർഷിച്ചു. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽ വെച്ച് കേരള ആരോഗ്യ മന്ത്രി ശ്രീമതി കെ കെ ഷൈലജ ടീച്ചർ രോഗികളോട് സംസാരിച്ചുകൊണ്ട് റോബോട്ട് ഉദ്ഘാടനം ചെയ്തു. 25 കിലോഗ്രാം ഭാരം എടുക്കാൻ സാധിക്കുന്ന റോബോട്ടിനെ ഒരു കിലോമീറ്റർ ദൂരെ നിന്ന് നിയന്ത്രിച്ചുകൊണ്ട് രോഗികൾക്ക് ഭക്ഷണവും മറ്റ് അവശ്യ സാധനങ്ങളും മരുന്നുകളും എത്തിച്ചു നൽകാവുന്നതാണ്. ഡോക്ടർമാർക്ക് രോഗികളോട് സംസാരിക്കുവാനായി മിനി സ്ക്രീനും ഇതിൽ ഘടിപ്പിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയനും വിവിധ ജനപ്രതിനിധികളും കോളേജിലെ അധ്യാപകരെയും വിദ്യാർത്ഥികളെയും പ്രശംസിച്ചു. പരിയാരം മെഡിക്കൽ കോളേജ്, തലശ്ശേരി ജനറൽ ആശുപത്രി എന്നിവിടങ്ങളിലേക്ക് രണ്ട് റോബോട്ടുകൾ കൂടി വിതരണം ചെയ്യുന്നതാണ്.

## പോലീസ് സേനയ്ക്ക് സാനിറ്റൈസർ വിതരണം ചെയ്തു

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ കോവിഡ് സെല്ലിന്റെ നേതൃത്വത്തിൽ കുടിയാന്മല സ്റ്റേഷനിലെ പോലീസുകാർക്ക് ഹാൻഡ്

സാനിറ്റൈസർ വിതരണം ചെയ്തു. വിമൽ ജ്യോതി കോളേജ് ബർസാർ ഫാ. ജോർജ് ആശാരികുന്നേൽ, ഫാ. സുബിൻ റാത്തപ്പള്ളി എന്നിവർ ചേർന്ന് കുടിയാന്മല എസ്. ഐ. ശ്രീ എൻ. ബിജേഷിനു സാനിറ്റൈസർ കിറ്റ് കൈമാറി. നിരന്തരം പൊതുജനവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്ന പോലീസുകാർക്ക് രോഗബാധ ഉണ്ടാകുന്നത് തടയാൻ ഇത് ഉപകരിക്കുമെന്നും പോലീസിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹകരണവും ഉണ്ടെന്നും ഫാ. ജോർജ് പറഞ്ഞു.

## സൗജന്യ കെമാറ്റ് ഓൺലൈൻ എൻട്രൻസ് കോച്ചിങ്

ചെമ്പേരി വിമൽ ജ്യോതി എംബിഎ കോളേജിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം എംബിഎ അഡ്മിഷൻ ആഗ്രഹിക്കുന്നവർക്കായി സൗജന്യ ഓൺലൈൻ കെമാറ്റ് എൻട്രൻസ് കോച്ചിങ്ങും കരിയർ ഓറിയന്റേഷൻ പ്രോഗ്രാമും നടത്തുന്നു. ഈ കോച്ചിങ്ങുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. സീറ്റുകൾ പരിമിതം. 50%ൽ അധികം മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്കും അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും കോച്ചിങ്ങിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 9400512240 /8943615547/ www.vjim.ac.in/ admission@vjim.ac.in

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# പ്രതീക്ഷ ലഹരിമോചന കേന്ദ്രം

## കോവിഡ് 19: നിരീക്ഷണ കേന്ദ്രം

നമ്മുടെ ചികിത്സാ കേന്ദ്രം മാർച്ച് 25 മുതൽ നാളിതുവരെ വൈറസ് ബാധയുടെ ഏതെങ്കിലും ലക്ഷണമുള്ളവരെ പാർപ്പിക്കുന്ന നിരീക്ഷണ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. അതിനാൽ എന്നുമുതൽ മദ്യപാന രോഗ ചികിത്സ തുടങ്ങാനാവുമെന്ന് പറയാനാവില്ല. തുറക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## വീഡിയോ കോൺഫറൻസ് -NAPDDR

ഏപ്രിൽ 17-ാം തീയതി 11 മണി മുതൽ 2 മണി വരെ Drug prevention നെയും കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ചികിത്സാ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെയും കുറിച്ച് ചർച്ച ചെയ്യാൻ NAPDDR ആഭിമുഖ്യത്തിൽ ഡൽഹിയിലെ സാമൂഹ്യനീതി ഓഫീസിലെ വീഡിയോ കോൺഫറൻസിൽ ഡയറക്ടർ പങ്കെടുത്ത് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മദ്യാസക്തി വിഷയങ്ങളെയും പ്രതീക്ഷ കേന്ദ്രത്തിന്റെ നിലവിലെ സംവിധാനങ്ങളെയും കുറിച്ച് സംസാരിച്ചു.

## വീഡിയോ കോൺഫറൻസ് - FINGODAP

ഏപ്രിൽ 22-ാം തീയതി ഉച്ചകഴിഞ്ഞ് നടത്തപ്പെട്ട-FINGODAP (ചികിത്സാ കേന്ദ്രഡയറക്ടർമാരുടെ ഫെഡറേഷൻ) ന്റെ വീഡിയോ കോൺഫറൻസ് നടത്തപ്പെട്ടു. നിലവിലെ സംവിധാനങ്ങളെയും ഭാവി കാര്യങ്ങളെയും കുറിച്ച് ആലോചിച്ചു.

## ഓൺലൈൻ കോൺഫറൻസ് - മാനേജിഗ് കമ്മിറ്റി

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ പ്രതീക്ഷാ മാനേജിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രബന്ധരചനാമത്സരം നടത്തുന്നതിനെ കുറിച്ച് ഏപ്രിൽ 19 ന് നടത്തപ്പെട്ട ഓൺലൈൻ കോൺഫറൻസിൽ വച്ച് തീരുമാനമായി. അതനുസരിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഉൾപ്പെട്ടതും 15 വയസിൽ കൂടുതൽ പ്രായമുള്ളതുമായ ഏവർക്കും വൈദികർക്കും സിസ്റ്റേഴ്സിനും ഉൾപ്പെടെയാണ് പ്രബന്ധരചനാ മത്സരം സംഘടിപ്പിക്കുന്നത്. മദ്യം ഒരു അവശ്യവസ്തുവോ? കോവിഡ് 19 പഠിപ്പിച്ച പാഠം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള 4 പേജ് ഉള്ള മത്സരത്തിന് 3 തരം സമ്മാനങ്ങൾ.

1. ക്യാഷ്: ഒന്നാംസമ്മാനം 3000/-, രണ്ടാംസമ്മാനം 2000/-, മൂന്നാം സമ്മാനം 1000/-
2. ആദ്യത്തെ മികച്ച 10 പ്രബന്ധങ്ങൾക്ക് ആയിരം രൂപ വിലവരുന്ന പുസ്തകങ്ങൾ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഫൗണ്ടേഷൻ വക നൽകും.
3. തിരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങൾ പുസ്തകമായി പ്രസിദ്ധം ചെയ്യും.

**ശ്രദ്ധിക്കാൻ:**

1. മെയ് 2ന് ആണ് പ്രബന്ധങ്ങൾ സ്വീകരിക്കപ്പെടുന്ന അവസാന തീയതി. വാട്സ്ആപ്പ് 9496 137 488.
2. പുരസ്ക്കാര വിതരണ തീയതി പിന്നീട് അറിയിക്കും.

**സഹായഹസ്തത്തിന് ആദരവ്**

അതിരൂപതയുടെ പേരിൽ പ്രതീക്ഷയും Sifam ഉം സംയുക്തമായി തലശ്ശേരിയിലെ DYSP സ്റ്റേഷനിലെ 20 പോലീസുകാർക്ക് ബിരിയാണി വിതരണം ചെയ്ത് തങ്ങളുടെ സേവനത്തിന് ആദരവും അഭിനന്ദനവും അർപ്പിച്ചു.

കരുതലോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

## മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു

90% വരുന്ന ചെറുകിട റബർ കർഷകരും ടാപ്പിംഗ് തൊഴിലാളികളും തേങ്ങ, കശുവണ്ടി, അടക്കാ കർഷകരും കടുത്ത പ്രതിസന്ധിയിലാണെന്നും റബർ കർഷകർക്കായുള്ള ഇൻസെന്റീവ് എത്രയും വേഗം നൽകണമെന്നും റബ്ബർ, തേങ്ങ, അടക്ക സംഭരണം നടത്താൻ സംവിധാനം ഉണ്ടാകണമെന്നും റബ്ബർ ടാപ്പിംഗ് തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഏപ്രിൽ 15ന് മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു.

## മന്ത്രിമാർക്ക് നിവേദനം നൽകി

ഏപ്രിൽ 2 ന് ബഹു. മുഖ്യമന്ത്രി, കൃഷി മന്ത്രി, ധനമന്ത്രി എന്നിവർക്ക് ഇ-മെയിലിലിലൂടെ സമർപ്പിച്ച നിവേദനത്തിൽ കാർഷിക മേഖലയ്ക്ക് ഉത്തേജക പാക്കേജ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു. കൂടാതെ കർഷകർക്കും കർഷക തൊഴിലാളികൾക്കും അടിയന്തിര സാമ്പത്തിക സഹായം അനുവദിക്കണമെന്നും കടക്കെണിയിൽ പെട്ടിരിക്കുന്ന കർഷകരുടെ കടം എഴുതിത്തള്ളണമെന്നും വന്യമൃഗശല്യത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനാവശ്യമായ പരിഹാരം കണ്ടെത്തണമെന്നും ആവശ്യപ്പെട്ട് നിവേദനം സമർപ്പിക്കുകയും ബഹു. കൃഷിമന്ത്രിയെ വിളിച്ച് സംസാരിക്കുകയും ചെയ്തു.

## മുഖ്യമന്ത്രിക്കും കൃഷിമന്ത്രിക്കും നിവേദനം

ഏപ്രിൽ ഏഴിന് ബഹു. മന്ത്രിമാർക്ക് അയച്ച നിവേദനത്തിൽ നാണ്യവിളകൾ സംഭരിക്കാൻ സംവിധാനമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചു. വാർഡ് തലങ്ങളിലോ പഞ്ചായത്ത് തലത്തിലോ നാണ്യവിളകൾ-കശുവണ്ടി, തേങ്ങ, റബ്ബർ തുടങ്ങിയവ സംഭരിക്കാൻ സംവിധാനം ഉണ്ടാകണമെന്നും പുതുകൃഷിക്കായി കർഷകർക്ക് പലിശരഹിത വായ്പ അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് കൊണ്ടു നിവേദനം സമർപ്പിച്ചു.

## ഓൺലൈൻ എക്സിക്യൂട്ടീവ് 29 ന്

കണ്ണൂർ ജില്ലാ ഇൻഫാം കമ്മിറ്റിയുടെ ഓൺലൈൻ എക്സിക്യൂട്ടീവ് കൂടി തീരുമാനിച്ചവ

1. കർഷക വർഷത്തിൽ വിത്തുകളും തൈകളും മെയ് മാസത്തിൽ അതാതുസ്ഥലങ്ങളിലെ വീടുകളിൽ പരമാവധി എത്തിക്കാൻ ശ്രദ്ധിക്കുക.
2. കമ്മിറ്റി അംഗങ്ങളുടെ വീടുകളിൽ നിർബന്ധമായും കൃഷി ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം കൊടുത്ത് മൈക്രോ ഗ്രീൻ നടപ്പിലാക്കുക.
3 പച്ചക്കറിതൈകൾ വച്ചുപിടിപ്പിക്കുകയും ആവശ്യമെങ്കിൽ അതാതുപ്രദേശക്കാർക്ക് വിതരണം ചെയ്യുകയും വേണം.

ചർച്ചകളിൽ സ്കറിയ നെല്ലംകുഴി, സണ്ണി പുല്ലുവേലി, ഉണ്ണിക്കൃഷ്ണൻ ചുഴലി, സണ്ണി തുണ്ടത്തിൽ, ജോസ് തോണിക്കൽ, സാജു തെക്കേക്കര, ലാലിച്ചൻ കുഴിയാത്ത്, ആന്റണി ജീരകത്തിൽ, സുരേഷ് ഓടാപന്തി, ടോമി ചക്കാലക്കുന്നേൽ എന്നിവർ സംബന്ധിച്ചു.

കരുതലോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# എ. ഡി. എസ്. യു.

**പ്രബന്ധരചനാ മത്സരങ്ങൾ**

**1. ADSU അംഗങ്ങൾക്ക്**

അതിരൂപതയിലെ കോർപ്പറേറ്റ് സ്കൂളിലെയും ADSU അംഗത്വമുള്ള ഇതര സ്കൂളുകളിലെയും അംഗങ്ങൾക്കു വേണ്ടി അവധിക്കാല പ്രബന്ധരചനാ മത്സരം മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. എൻട്രികൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

A വിഭാഗം: 5, 6, 7, 8 ക്ലാസുകൾ

B വിഭാഗം: 8, 9, 10, 11, 12 ക്ലാസുകൾ

**വിഷയം- A വിഭാഗം:** ലഹരി പദാർത്ഥങ്ങൾ മനുഷ്യന് അനിവാര്യമായ ഒന്നല്ല. ലോക് ടൗൺ പശ്ചാത്തലത്തിൽ വിലയിരുത്തുക.

**B വിഭാഗം:** ലഹരി രഹിതമായ ലോക്ഡൗൺ കേരള ജനതക്ക് ലഭിച്ച പാഠം.

പേജ് പരമാവധി 4

2. C **വിഭാഗം ആനിമേറ്റർമാർക്ക് മാത്രം**

പേജ് 3 മാത്രം

**ശ്രദ്ധിക്കാൻ:**

1) എൻട്രികളുടെ അവസാന തീയതി മെയ് 2

2) സമ്മാനദാനം പിന്നീട് അറിയിക്കും.

3) അയയ്ക്കേണ്ടത്: വാട്ട്സ്ആപ്പ് 9496 137 488

സഹകരണങ്ങൾക്ക് നന്ദി,

**ഫാ. ജോൺസൺ അന്ത്യാംകുളം**
**ഡയറക്ടർ**

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
### (ടി.എസ്.എസ്.എസ്.)

### 1. കൃഷിപാഠം പദ്ധതി ഓൺലൈൻ

ലോക ഡൗൺ കാലം ആരോഗ്യമുള്ള വ്യക്തികളും കുടുംബങ്ങളും ആയി മാറാൻ സമയം ഏറ്റവും നന്നായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഏപ്രിൽ ഒന്നു മുതൽ 15 വരെ പ്രഗല്ഭരായ കൃഷി വിദഗ്ധരുടെ സഹായത്തോടെ വീടുകളിൽ പച്ചക്കറിത്തോട്ടങ്ങൾ ആദായകരമായി, എളുപ്പത്തിൽ നട്ടുപിടിപ്പിക്കാനുള്ള സംവിധാനങ്ങളും ജൈവകീടനാശിനി കളുടെ നിർമാണത്തെക്കുറിച്ചും, നമ്മുടെ ആരോഗ്യം എങ്ങനെ നന്നായി പരിരക്ഷിക്കാം എന്നും തുടങ്ങുന്ന ക്ലാസുകൾ നൽകി. അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് ഓൺലൈൻ ക്ളാസ്സുകൾ ഉദ്ഘാടനം ചെയ്തു. ഏകദേശം 15000/ പരം ആളുകൾ ഗുണഭോക്താക്കളായി.

### 2. കുട്ടികൾക്ക് ഓൺലൈൻ മത്സരങ്ങൾ

കണ്ണൂർ ചൈൽഡ് ലൈനിന്റെയും, ടിഎസ്എസ്എസിന്റെയും ആഭിമുഖ്യത്തിൽ കുട്ടികൾക്ക് വിജ്ഞാനപ്രദവും കൗതുകകരവുമായ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. നിരവധി കുട്ടികൾ മത്സരങ്ങളിൽ പങ്കുചേർന്നു. മാതാപിതാക്കൾ, അധ്യാപകർ എന്നിവർക്കും, കുട്ടികളെ ചേർത്തുമുള്ള മത്സരങ്ങൾ നടത്തപ്പെട്ടു. ഓരോ വിഷയങ്ങളിലും പ്രഗത്ഭരായ വിധി കർത്താക്കൾ മൂല്യനിർണയം നടത്തി. പങ്കുചേർന്നവർക്കും വിജയികൾ ആയവർക്കും ചൈൽഡ് പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

### 3. ക്ഷീര കർഷകർക്ക് സഹായം

ലോക് ഡൗൺ ആരംഭിച്ചപ്പോൾ ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കി കൊണ്ട് മിൽമ പാൽസംഭരണം നിർത്തിയതായി പ്രഖ്യാപിച്ചപ്പോൾ ഉടൻ തന്നെ അതിനു പരിഹാര മാർഗ്ഗങ്ങൾ നിർദേശിക്കുകയും, ബദൽ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തു. എന്നാൽ ബഹു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ സാറുമായി ടിഎസ്എസ്എസ് ഡയറക്ടർ ബെന്നിയച്ചൻ സംസാരിക്കുകയും മന്ത്രിതല ചർച്ചകൾക്കൊടുവിൽ മിൽമ്മയെക്കൊണ്ട് പാൽസംഭരണം പുനരാരംഭിക്കുകയും ചെയ്തു. ലോക്ക് ഡൗൺ കാലത്ത് രണ്ടു തവണ ഇത്തരം ഇടപെടലുകളിലൂടെ ക്ഷീരകർഷകരെ സഹായിക്കാൻ ടിഎസ്എസ്എസിനു സാധിച്ചു.

### 4. കോവിഡ് 19 ക്ലാസുകൾ

വേൾഡ് ഹെൽത്ത് ഓർഗനൈസേഷനും യൂണിസെഫും സംയുക്തമായി സ്പെയർ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ബോധവൽക്കരണ ക്ലാസ്സുകളിൽ സ്റ്റാഫ് അംഗങ്ങളെയും പ്രവർത്തകരെയും, ചൈൽഡ്ലൈൻ

സ്റ്റാഫിനെയും പങ്കുചേർത്തു. ഇരുപതോളം ആളുകൾ കൃത്യമായി ക്ലാസുകളിൽ പങ്കുചേരുകയും സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുകയും ചെയ്തു.

### 5. മരുന്നുവിതരണം,ചികിത്സാസഹായങ്ങൾ,ആംബുലൻസ് സർവ്വീസ്

ലോക്ക് ഡൗൺ കാലത്തു തലശ്ശേരിയിൽ നിന്നും മരുന്ന് മേടിക്കാൻ സാധിക്കാത്ത മൂന്ന് ഹാർട്ട് പേഷ്യന്റിനുള്ള മരുന്നുകൾ കുടിയാന്മല, ചെമ്പേരി, മണക്കടവ് എന്നിവിടങ്ങളിൽ എത്തിച്ചു നൽകി. കോഴിക്കോട് മിംസ് ഹോസ്പിറ്റലിൽ നിന്ന് മരുന്നുകളും മെഡിക്കൽ റിപ്പോർട്ടുകളും മലയോരങ്ങളിൽ എത്തിച്ചു നൽകി. കണ്ണൂർ മിംസ് ഹോസ്പിറ്റലിൽ ഡെങ്കുപനി മൂലം ചികിത്സയിലായിരുന്ന വ്യക്തിക്ക് ആവശ്യമായ 4 പേരുടെ രക്തദാനം നടത്തി. സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആംബുലൻസ് സേവനങ്ങൾ ജനങ്ങൾക്ക് വലിയ ആശ്വാസമായി. ടിഎസ്എസ്എസിന്റെ പ്രവർത്തകർ തങ്ങളുടെ മേഖലകളിൽ ആവശ്യാനുസൃതം രോഗികൾക്ക് ഡയാലിസിസും മറ്റു സഹായങ്ങളും ക്രമീകരിച്ചു നൽകി. ഹോസ്പിറ്റൽ ചെലവ് താങ്ങാൻ കഴിയാത്ത രോഗികൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകി.

### 6. കാർഷിക യൂട്യൂബ് ചാനൽ

കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന നമ്മുടെ കർഷകർക്ക് വിവിധ കാർഷിക അറിവുകൾ, സർക്കാർ വക അറിയിപ്പുകൾ, ആനുകൂല്യങ്ങൾ, ഇവ പങ്കുവയ്ക്കുന്നതിനും, മാതൃകാകർഷകരെയും അവരുടെ കൃഷിരീതികളെയും പരിചയപ്പെടുത്തുക എന്നിവയാണ് ലക്ഷ്യങ്ങൾ.

### 7. കോവിഡ് 19 സന്നദ്ധസേന

കണ്ണൂർ ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടതനുസരിച്ച് ആശുപത്രി വൃത്തിയാക്കാനുള്ള സന്നദ്ധപ്രവർത്തകരുടെ ഒരു സംഘം രൂപീകരിക്കാൻ ടിഎസ്എസ്എസ് നേതൃത്വം നൽകി. നമ്മുടെ അതിരൂപതയിൽ നിന്നും 30 വൈദികരും എഫ്സിസി, എസ്എബിഎസ്, എസ്കെഡി, എംഎസ്എം ഐ, എസ്ജെഎൽ എന്നീ സന്യാസസമൂഹങ്ങളിൽ നിന്നായി എഴുപതോളം സിസ്റ്റേഴ്സും മുപ്പത്തിയഞ്ചോളം അല്മായരും സംഘത്തിൽ അംഗങ്ങളായി. ഇവരുടെ പേരുകൾ ജില്ലാ സ്വച്ഛ്ഭാരത് മിഷനു നൽകി. സന്നദ്ധ പ്രവർത്തകരാകുവാൻ തയ്യാറായവർക്ക് ജില്ലാസ്വച്ഛ് ഭാരത് മിഷന്റെയും ടിഎസ്എസ്എസിന്റെയും അഭിനന്ദനങ്ങൾ.

### 8. പ്രവാസി വാട്സ്ആപ്പ് ഗ്രൂപ്പ്

പ്രവാസികളായ നമ്മുടെ ബന്ധുമിത്രാദികളുടെയും സുഹൃത്തുക്കളുടെയും ക്ഷേമാന്വേഷണങ്ങൾക്കും സഹായ സഹകരണങ്ങൾക്കും ആയി പ്രവാസി വാട്ട്സ്ആപ്പ് ഗ്രൂപ്പ് ആരംഭിച്ചു. പ്രവാസികളുടെ വിഷമങ്ങളും ബുദ്ധിമുട്ടുകളും ഗവൺമെന്റിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും മുൻപിലെത്തിക്കുക, അവർക്ക് വേണ്ട പിന്തുണയും മറ്റും നൽകുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

## 9. വിശപ്പകറ്റാൻ

തലശ്ശേരി MES സ്കൂളിൽ പാർപ്പിച്ചിരിക്കുന്ന തെരുവിന്റെ മക്കൾക്ക് പതിനഞ്ചു ദിവസത്തേക്കുള്ള ഭക്ഷണ സാമഗ്രികൾ നൽകി. ആയന്നൂർ ലക്ഷംവീട് കോളനിയിലും തലശ്ശേരി അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിച്ചിരിക്കുന്ന ക്യാമ്പിലും അതോടൊപ്പം വ്യക്തിപരമായും വിവിധ ഇടങ്ങളിൽ നിന്നും ആവശ്യപ്പെട്ടവർക്ക് ഭക്ഷ്യസാമഗ്രികൾ എത്തിച്ചു നൽകി.

## 10. വീൽചെയർ വിതരണം

ജില്ലാ സോഷ്യൽ ജസ്റ്റിസ് ഫോറത്തിന്റെ അഭ്യർഥനപ്രകാരം പോളിയോ ബാധിച്ചു കിടപ്പിലായ ജനാർദ്ദനൻ എന്ന വ്യക്തിക്ക് കണ്ണൂർ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ്ജ് ആയി പോകുമ്പോൾ വീൽചെയർ നൽകി.

## 11. സ്വയം തൊഴിൽ പരിശീലനം

ലോക്ക്ഡൗൺ പ്രമാണിച്ചു MES സ്കൂളിൽ പാർപ്പിച്ചിരിക്കുന്ന തലശ്ശേരിയുടെ തെരുവിന്റെ മക്കളെ സ്വയം പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ടിഎസ്എസ്എസിന്റെ ആഭിമുഖ്യത്തിൽ കുട നിർമ്മാണ സാമഗ്രികൾ സൗജന്യമായി വിതരണം ചെയ്യുകയും, പരിശീലനം നൽകുകയും ചെയ്തു. പരിശീലനത്തിനും അവർക്കായി ഒരുക്കിയ ജീവിത ലക്ഷ്യബോധ ക്ലാസ്സിനും ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നേതൃത്വം നൽകി. തലശ്ശേരി നഗരസഭാ ചെയർമാൻ ശ്രീ രമേശൻ പരിശീലന പദ്ധതി ഉദ്ഘാടനം ചെയ്തു. കണ്ണൂർ ADM ശ്രീമതി മേഴ്സി മാഡം ക്യാമ്പ് സന്ദർശിച്ചു ആശംസകളും അഭിനന്ദനങ്ങളും നേർന്നു.

## 12. കാർഷിക ഉൽപന്നങ്ങളുടെ വിപണനം

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ തങ്ങളുടെ വിളവുകൾ വിറ്റഴിക്കുവാൻ സാധിക്കാതെ വന്ന കർഷകർക്ക് സഹായമായി രംഗത്തുവന്നു. കാസർകോട് ജില്ലയിലെ പറമ്പ സ്വദേശിയുടെ 32 ടൺ കൈതച്ചക്ക ജില്ലാ കൃഷി ഓഫീസറുമായി ബന്ധപ്പെട്ടു വിറ്റഴിക്കുവാൻ സഹായമൊരുക്കി. വായാട്ടുപറമ്പ് സ്വദേശിയുടെ മുന്നൂറു കിലോ പടവലങ്ങ ടിഎസ്എസ്എസ് തന്നെ വാങ്ങി വിവിധ അനാഥാലയങ്ങൾക്ക് നൽകി.

## 13. സാന്ത്വന കിറ്റുകളുമായി തലശ്ശേരി അതിരൂപത ഭവനങ്ങളിലേക്ക്

ലോക്ക് ഡൗൺ കാലത്ത് ഏറെ ദുരിതമനുഭവിക്കുന്ന കിടപ്പുരോഗികൾ, ക്യാൻസർ രോഗികൾ, വൃക്കരോഗികൾ എന്നിവരെ കണ്ടെത്തി ആശ്വസിപ്പിക്കുവാനും, അവർക്കാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനുമായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന വിവിധ കാരുണ്യപ്രവർത്തികളുടെ ഭാഗമായി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുന്നൂറിൽപ്പരം ആളുകൾക്ക് ആയിരം രൂപ വരുന്ന അവശ്യ സാധനങ്ങൾ ഉൾക്കൊള്ളുന്ന സാന്ത്വന കിറ്റുകൾ വിതരണം ചെയ്തു.

തലശ്ശേരി അതിരൂപതാ വിദ്യാഭ്യാസ ഏജൻസി ഡയറക്ടർ ഫാ. ബിനോയ് ശാസ്താംപടവിൽ, അധ്യാപകർ, അതിരൂപതയിൽ സേവനം ചെയ്യുന്ന കർമ്മലീത്ത (CMC), ആരാധന (SABS ), ക്ലാര (FCC) വിമലാലയം (MSMI), ക്രിസ്തുദാസി (SKD) നസ്രത്ത് (NS) എന്നീ സന്യാസ സമൂഹങ്ങളുടെ സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ സന്യാസ സമൂഹങ്ങളെയും അവരുടെ പ്രൊവിൻഷ്യാളമ്മമാരെയും നന്ദിയോടെ ഓർക്കുന്നു.

തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞറളക്കാട്ടും, തലശ്ശേരി തഹസിൽദാർ ശ്രീ. രാജശേഖറും ചേർന്ന് ഉദ്ഘാടനം ചെയ്ത സാന്ത്വന കിറ്റ് പദ്ധതി അതിരൂപതയിലെ വിവിധ സ്കൂളുകളിലെ അധ്യാപകർ, സിസ്റ്റേഴ്സ്, സോഷ്യൽ സർവ്വീസ് പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ഫൊറോനാ അടിസ്ഥാനത്തിൽ കിറ്റുകൾ വിതരണം ചെയ്യും.

തലശ്ശേരി അതിരൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് പിന്തുണയും സഹകരണവും നൽകുന്ന അഭിവന്ദ്യ പിതാക്കന്മാർക്കും, ബഹു. വൈദികർക്കും, സിസ്റ്റേർസിനും, ടിഎസ്എസ്എസ് മെമ്പർമാർക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

## 14. അഗതി മന്ദിരങ്ങൾക്ക് സഹായം

പച്ചക്കറികളും തേങ്ങയും ഇല്ലാതെ വിഷമിച്ചിരുന്ന കാസർഗോഡ് ജില്ലയിലെ വിവിധ അഗതിമന്ദിരങ്ങളിൽ സഹായമെത്തിച്ചു. ജീവകാരുണ്യ ആശ്രമം ചുള്ളി, നായ്ക്കുട്ടിപാറ സ്നേഹാലയം, കള്ളാർ ബത്‌ലഹേം ആശ്രമം, നീലേശ്വരം സെൻറ് ജോൺസ് ഭവൻ, വെള്ളരിക്കുണ്ട് ഗാന്ധിഭവൻ, മേരിഭവൻ പരിയാരം, ബിരിക്കുളം ബധിരവിദ്യാലയം, അട്ടകണ്ടം ആംബ്രോസ് ഭവൻ, ന്യൂ മലബാർ മലപ്പച്ചേരി എന്നീ സ്ഥലങ്ങളിൽ പച്ചക്കറികളും തേങ്ങയും വിതരണം ചെയ്യുവാൻ ടിഎസ്എസ്എസിനു സാധിച്ചു. ഇതിലേക്ക്ആവശ്യമായ 150 ഓളം തേങ്ങകൾ നൽകിയ ശ്രീ. ജോർജ്ജ് സി. ജോർജ്, മോഹനൻ എന്നിവരുടെ നേതൃത്വത്തിലുള്ള വായാട്ടുപറമ്പ് ഗ്രാമികയ്ക്ക്അഭിനന്ദനങ്ങൾ. കാസർഗോഡ് ജില്ലാ അതിർത്തിയിൽ സാധനങ്ങൾ ഏറ്റുവാങ്ങിയ ചുള്ളി വികാരി ഫാ. ജോർജ് പുഞ്ചത്തറപ്പേലിനും, കാരിത്താസ് ഇന്ത്യ മേഖലാ ഓഫീസർ ശ്രീ. ജോർജ്ജ് എന്നിവർക്കും പ്രത്യേകം നന്ദി.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

കോവിഡ് 19 ന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഭവനങ്ങളിലകപ്പെട്ടുപോയ ബധിര സഹോദരങ്ങൾക്കായി പ്രാർത്ഥനകളും, ബലിയർപ്പണവും, യൂട്യൂബ്, ഫേസ്ബുക് മീഡിയകളിലൂടെ ലൈവ് ആയി നൽകി.

ഓശാന ഞായർ മുതൽ ഈസ്റ്റർ വരെ വിശുദ്ധവാര തിരുക്കർമ്മങ്ങൾ, കുരിശിന്റെവഴി, കരുണക്കൊന്ത എന്നിവ മദർഹോം മീഡിയാവിഷനോട് ചേർന്ന് ആംഗ്യഭാഷയിൽ നൽകി.

ഓൺലൈൻ ശുശ്രൂഷകൾക്ക് അവസരമൊരുക്കിത്തന്ന മദർഹോം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി അച്ചനും, വചനാഗ്നി മീഡിയാ മിഷൻ ടീമിനും പ്രത്യേകം നന്ദി

ലോക്ഡൗൺ കാലത്ത് സർക്കാർ നൽകിയ വിവിധ രോഗപ്രതിരോധ നിർദേശങ്ങൾ ആംഗ്യഭാഷക്കാർക്കായി വാട്ട്സ് ആപ്പിലൂടെയും ഫേസ്ബുക്കി ലൂടെയും പ്രചരിപ്പിച്ചു.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രമുഖ ഇന്ത്യൻ സിനിമാനടന്മാരുടെ സന്ദേശങ്ങൾ ആംഗ്യഭാഷയിൽ പരിഭാഷപ്പെടുത്തി പ്രചരിപ്പിക്കുകയെന്ന ഇന്ത്യൻ ആംഗ്യഭാഷ പരിഭാഷക സംഘടനയുടെ (ISLIA) സംരംഭത്തിൽ മലയാള നടന്മാരുടെ 'തോൽക്കില്ല കേരളം' എന്ന ആഹ്വാന പരിഭാഷണത്തിലൂടെ പങ്കുചേർന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**

ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഏപ്രിൽ 2020

04 രാവിലെ 6.45ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിന്റെ 14-ാം ചരമ വാർഷികത്തോട് അനുബന്ധിച്ച് അതിരൂപതാകാര്യാലയത്തിലെ ചാപ്പലിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. ബലിയർപ്പിച്ചു.

05 രാവിലെ 6.45 ന് അതിരൂപതാകാര്യാലയത്തിലെ ചാപ്പലിൽ നടന്ന ഓശാന ഞായർ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. ഈ തിരുക്കർമ്മങ്ങൾ കണ്ണൂർവിഷൻ ചാനലിലും അതിരൂപതയുടെ ഔദ്യോഗിക സാമൂഹിക മാധ്യമങ്ങളിലും തത്സമയം സംപ്രേഷണം ചെയ്തു.

07 മെത്രാഭിഷേകത്തിന്റെ 10-ാം വർഷികത്തോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. ബലിയർപ്പിച്ചു.

09 രാവിലെ 6.45 ന് പെസഹാ തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

10 ദുഃഖവെള്ളിയാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അതിരൂപതാ ചാപ്പലിൽ നടന്ന കുരിശിന്റെ വഴി പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

11. രാവിലെ 6.45 ന് ദുഃഖശനി തിരുക്കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു. 11 മണിക്ക് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ബഹു. ജോസഫ് കൂറ്റാരപ്പിള്ളിയച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

12. രാവിലെ 8.30 ന് ഈസ്റ്റർ തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

18. 10.30 ന് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ബഹു. മാത്യു മുള്ളന്മടയച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

24 വി. ഗീവർഗീസിന്റെ തിരുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. ബലിയർപ്പിച്ചു.

28 തലശ്ശേരി സോഷ്യൽസർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൊളശ്ശേരിയിൽ വച്ച് നിർധനരായ കാൻസർ രോഗികൾക്കുള്ള ഭക്ഷണ കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതയുടെ വിവിധ സ്ഥാപനങ്ങളിൽ റീജൻസി ചെയ്തിരുന്ന വൈദീക വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച്ച നടത്തി.

29. കുവൈറ്റ് മലയാളി അസോസിയേഷന്റെ തലശ്ശേരി അതിരൂപതാംഗങ്ങളായ ഭാരവാഹികളുമായി കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ അവരുടെ പ്രശ്നങ്ങളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും വീഡിയോ കോൺഫറൻസ് നടത്തി.

30 മേജർ സെമിനാരിവിദ്യാർത്ഥികളുമായി വീഡിയോ കോൺഫറൻസ് നടത്തി.

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2020 ഏപ്രിൽ

04 രാവിലെ 6.45 ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിന്റെ 14-ാം ചരമ വാർഷികത്തോട് അനുബന്ധിച്ച് അതിരൂപതാകാര്യാലയത്തിലെ ചാപ്പലിൽ നടന്ന വി. ബലിയിൽ സഹകാർമ്മികത്വം വഹിച്ചു.

07 മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 10-ാം വർഷികത്തോടനുബന്ധിച്ച് അതിരൂപതാകാര്യാലയത്തിലെ ചാപ്പലിൽ നടന്ന വി. ബലിയിൽ സഹകാർമ്മികത്വം വഹിച്ചു.

11. രാവിലെ 9 മണിക്ക് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ബഹു. ജോസഫ് കൂറ്റാരപ്പിള്ളിയച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗതിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

18. രാവിലെ 9 മണിക്ക് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ബഹു. മാത്യു മുള്ളന്മടയച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗതിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

24. രാവിലെ 6.45 ന്വി. ഗീവർഗീസിന്റെ തിരുന്നാളിനോടനുബന്ധിച്ച് അതിരൂപതാകാര്യാലയത്തിലെ ചാപ്പലിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. ബലിയർപ്പിച്ചു.

30. രാവിലെ 6.45 ന് മെത്രാഭിഷേകത്തിന്റെ 31-ാം വർഷികത്തോടനുബന്ധിച്ച് അതിരൂപതാകാര്യാലയത്തിലെ ചാപ്പലിൽ നടന്ന വി. ബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### 2020 ഏപ്രിൽ

04 രാവിലെ 6.45 ന് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 14-ാം ചരമ വാർഷികത്തോട് അനുബന്ധിച്ച് അതിരൂപതാകാര്യാലയത്തിലെ ചാപ്പലിൽനടന്ന വി. ബലിയിൽ സഹകാർമ്മികത്വം വഹിച്ചു.

05 രാവിലെ 6.45 ന് അതിരൂപതാകാര്യാലയത്തിലെ ചാപ്പലിൽ നടന്ന ഓശാന ഞായർ തിരുക്കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിച്ചു.

07 മാർ ജോർജ്ജ് ഞറളക്കാട്ട പിതാവിന്റെമെത്രാഭിഷേകത്തിന്റെ 10-ാം വർഷികത്തോടനുബന്ധിച്ച് നടന്ന വി. ബലിയിൽ സഹകാർമ്മികത്വം വഹിച്ചു.

09 രാവിലെ 6.45 ന് പെസഹാ തിരുക്കർമ്മങ്ങളിൽ നടന്ന വി. ബലിയിൽ സഹകാർമ്മികത്വം വഹിച്ചു.

10 രാവിലെ 6.45 ന് അതിരൂപതാ ചാപ്പലിൽ നടന്ന ദുഃഖവെള്ളി തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

11. രാവിലെ 9 മണിക്ക് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ബഹു. ജോസഫ് കൂറ്റാരപ്പിള്ളിയച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ ആദ്യ ഭാഗ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

12. രാവിലെ 6.45 ന് ഈസ്റ്റർ തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

18. രാവിലെ 9 മണിക്ക് തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ബഹു. മാത്യു മുള്ളന്മടയച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ ആദ്യ ഭാഗ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

24 വി. ഗീവർഗീസിന്റെ തിരുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. ബലിയർപ്പിച്ചു.

29. കുവൈറ്റ് മലയാളി അസോസിയേഷന്റെ തലശ്ശേരി അതിരൂപതാംഗങ്ങളായ ഭാരവാഹികളുമായി കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ അവരുടെ പ്രശ്നങ്ങളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും വീഡിയോ കോൺഫറൻസ് നടത്തി.

❖❖❖

**RNI Reg. No. *5910/18* Date of Publication: *29/04/2020***

**Registered KL/TLY/20/19-21**

**May 2020**



പരിശുദ്ധ അമ്മേ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ

Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road
Thalassery - 670 101. Published from Archbishop's House, Hollow Way Road,
Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.